മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം


മലങ്കരസഭ

മാസിക

ആഗസ്റ്റ് 2002



പ. ദൈവമാതാവിന്റെ വാങ്ങിപ്പ് ആഗസ്റ്റ് 15



ഡോ. എ.പി.ജെ. അബ്ദുൽകലാം
ഇന്ത്യയുടെ പതിനൊന്നാമതു രാഷ്ട്രപതി



ഡോ. പി.സി. അലക്സാണ്ടർ
രാജ്യസഭയിലേക്ക്



സംതൃപ്തിയോടെ, പത്താം രാഷ്ട്രപതിയായി
പടിയിറങ്ങിയ മലയാളത്തിന്റെ മുത്ത്
ഡോ. കെ. ആർ നാരായണൻ

മലങ്കരസഭ

ലക്കം 8, പുസ്തകം 58
ആഗസ്റ്റ് 2002



പത്രാധിപസമിതി

പ്രസിഡന്റ്
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 222243, (Res)325942

വൈസ് പ്രസിഡന്റ്
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488 - 523001

ചീഫ് എഡിറ്റർ
ഫാ.ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481 - 568046

അംഗങ്ങൾ
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് *(സഭാ സെക്രട്ടറി)*
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

മാനേജിംഗ് എഡിറ്റർ
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 0473 - 312398
e-mail: malankara@sanchamet.in

സർക്കുലേഷൻ കൺസൾട്ടന്റ്
ഒ.ജി. തരകൻ
ഫോൺ: 0481 - 572265

ബിസിനസ്സ് മാനേജർ
ഫാ. ഷൈജു കുര്യൻ
ഫോൺ: 0473 -224255

വരിസംഖ്യ

2002 സെപ്റ്റംബർ മുതൽ

ഇന്ത്യയിൽ		
ഒറ്റ പ്രതി	:	6.50 രൂപ
ഒരു വർഷം	:	75 രൂപ
4 വർഷം	:	300 രൂപ
10 വർഷം	:	750 രൂപ
വിദേശത്തേക്ക്		
ഒരു വർഷം	:	600 രൂപ

Cover Design & Type Setting:-
M.S. Graphics, Devalokam.

CONTENTS

ഉൾത്തുടിപ്പുകൾ

ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 573234
e-mail: malankara@sancharnet.in

എഡിറ്റോറിയൽ

I

ആരും ഓടിക്കാതെ....

ഫാ. ഡോ. ജേക്കബ് കുര്യൻ

1995, ജൂൺ 20-ാം തീയതിയുണ്ടായ, സഭാസമാധാനത്തിനായുള്ള സുപ്രീംകോടതി ഫുൾബഞ്ച് വിധിയുടെ നടപടിക്രമങ്ങൾ 2002 ജൂലൈ 12-ാം തീയതിയോടെ പൂർത്തിയായിരിക്കുന്നു. സഭാ സമാധാനത്തിന് സുപ്രീംകോടതി നിർദ്ദേശിച്ച പ്രകാരം 2002 മാർച്ച് 20-ാം തീയതി മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ കൂടി. പ്രസ്തുത അസോസ്യേഷൻ നടപടിക്രമങ്ങളും തീരുമാനങ്ങളും സഭയ്ക്കു മുഴുവൻ ബാധകമാകത്തക്കവിധം അന്തിമമാണെന്ന് ഇപ്പോൾ സുപ്രീംകോടതി തീർപ്പുകല്പിക്കുകയും ചെയ്തിരിക്കുന്നു. അതനുസരിച്ച്, താഴെപ്പറയുന്ന കാര്യങ്ങൾ മലങ്കര ഓർത്തഡോക്സു സഭയുടെ ഭരണവ്യവസ്ഥിതിയ്ക്ക് അനിഷേധ്യഘടകങ്ങളായി വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

1. മലങ്കര ഓർത്തഡോക്സു സഭ, 1934 ലെ ഭരണഘടനയനുസരിച്ച് ഭരിക്കപ്പെടണം.
2. ഇപ്പോഴത്തെ കാതോലിക്ക പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയന്റെ തെരഞ്ഞെടുപ്പും വാഴ്ചയും ചോദ്യം ചെയ്യപ്പെടാനാവാത്ത വസ്തുതയാണ്.
3. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ, മലങ്കര മെത്രാപ്പോലീത്തായും കൂടിയാണെന്ന വസ്തുത വ്യക്തമാക്കപ്പെട്ടിരിക്കുന്നു.
4. മലങ്കരസഭ, 1934 ലെ ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ള വിധം "എപ്പിസ്ക്കോപ്പൽ" ആണ്. ഇടവകപ്പള്ളികളുടെ കാര്യത്തിൽ, "1934 ലെ ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ളിടത്തോളം, അതിൻപ്രകാരം ഭരിക്കുകയും, നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്."
5. 1912 ലെ, കാതോലിക്കേറ്റിന്റെ മലങ്കരയിലെ സ്ഥാപനവും, 1934-ലെ ഭരണഘടനയുടെ സാധുത്വവും പാത്രിയർക്കീസ് അംഗീകരിച്ചിട്ടുള്ളതും, "ഇക്കാര്യത്തിലുണ്ടായിരുന്ന ഏതെങ്കിലുമോ, എല്ലാമോ ആയ എതിർപ്പുകൾ അദ്ദേഹം ഉപേക്ഷിക്കുകയും പരിത്യജിക്കുകയും" ചെയ്തിട്ടുമുണ്ട്.
6. 1934-ലെ ഭരണഘടന "അംഗീകരിക്കുകയും അത് അനുവർത്തിച്ചു കൊള്ളാമെന്നു പ്രതിജ്ഞയെടുക്കുകയും" ചെയ്തവർക്ക്, ഇനിയും" തിരിഞ്ഞു നിന്നുകൊണ്ട് അതിനെ ചോദ്യം ചെയ്യാവുന്നതല്ല.
7. പൗരസ്ത്യ കാതോലിക്ക മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്നുവെന്നതിനും "പരിശുദ്ധ" എന്നുപയോഗിക്കുന്നതിനും എതിരായി പാത്രിയർക്കീസിന് ഉണ്ടായിരുന്ന എതിർപ്പുകളെല്ലാം 1964 മെയ് 22 നു നടന്ന കാതോലിക്കാ സ്ഥാനാരോഹണത്തോടെ "അദ്ദേഹം പരിത്യജിക്കുകയും ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നു കരുതേണ്ടതാണ്".
8. മലങ്കരസഭയിൽ മെത്രാപ്പോലീത്താമാരെ വാഴിക്കുന്നതിനും, മൂറോൻ കൂദാശ ചെയ്യുന്നതിനും, സഭയുടെ മേൽ മറ്റ് ആത്മീയ അധികാരങ്ങൾ നടത്തുന്നതിനുമുള്ള കാതോലിക്കായുടെ അധികാരം പാത്രിയർക്കീസ് തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. അതിനുശേഷം പാത്രിയർക്കീസിന് ഏകപക്ഷീയമായി, അതായത് കാതോലിക്കായോട് ആലോചിക്കാതെ, ഈ അധികാരങ്ങൾ നേരിട്ട് വിനിയോഗിക്കുവാൻ സാധ്യമല്ല.
9. "സഭാകാര്യങ്ങളിലെ ദുർഭരണം തടയുന്നതിനും, മെത്രാപ്പോലീത്താമാരുടെ ഏകാധിപത്യം നിയന്ത്രിക്കുന്നതിനും" സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും അതിൽ തെരഞ്ഞെടുക്കപ്പെട്ട "മുഖ്യകമ്മിറ്റി"യായ മാനേജിംഗ് കമ്മറ്റിയും സഭയ്ക്കു മുഴുവനുമായി നിയമാനുസൃതമായി വീണ്ടും നിലവിൽ വന്നിരിക്കുന്നു. "സുറിയാനി സമുദായത്തിന്റെ മുഴുവൻ മതപരവും, സാമൂഹ്യവുമായ പൊതുസംഗതികളുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളുടെയും ഉത്തരവാദിത്തവും ഭരണച്ചുമതലയും പൂർണ്ണമായും" ഈ കമ്മറ്റിയിൽ നിക്ഷിപ്തമാണ്.
10. ഭരണഘടനപ്രകാരം, പാത്രിയർക്കീസിന്, സുറിയാനി സഭയുടെ പരമാധ്യക്ഷസ്ഥാനം ഉണ്ടായിരിക്കും. ആത്മീയ ശ്രേണിയിൽ അദ്ദേഹത്തിന് പ്രഥമസ്ഥാനവും ഉണ്ട്. പക്ഷെ, "മലങ്കരസഭയുടെയോ സഭാ സ്വത്തുക്കളുടെയോ മേൽ അദ്ദേഹത്തിന് ലൗകികാധികാരമില്ല". (ഉദ്ധരണികൾ എല്ലാം 1995 ലെ സുപ്രീംകോടതിവിധിയുടെ മലയാള പരിഭാഷയിൽ നിന്ന്)

ഈ വസ്തുതകൾ വ്യക്തമാക്കുന്നത്, മലങ്കരസഭയ്ക്ക് ഇനിയും വ്യവഹാരങ്ങളോട് വിടപറഞ്ഞു, സാക്ഷ്യമുള്ള സഭയായി മുന്നോട്ടുപോകുവാൻ ആവശ്യമായ നിയമപരമായ വ്യവസ്ഥ സംജാതമായിരിക്കുന്നുവെന്നാണ്. എന്നാൽ, 2002 ജൂലൈ 12-ന് ബഹു. സുപ്രീംകോടതി നൽകിയ അന്തിമ പ്രഖ്യാപനത്തിൽ തൃപ്തിപ്പെടാത്ത ഒരു വിഘടിത വിഭാഗം പുതിയ ഭരണഘടനയും, പുതിയ സഭയും, ബദൽ കാതോലിക്കായുമായി, തുടർന്നും പ്രശ്നങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്നത് ഏറ്റം ദുഃഖകരമാണ്. ആരും ഓടിക്കാതെ സ്വയം ഓടിപ്പോകുവാൻ ഒരുങ്ങുന്നവരോട് നമുക്ക് സഹതാപമുണ്ട്. അറിഞ്ഞോ

☞☞

എഡിറ്റോറിയൽ

II

മാർത്തോമ്മാശ്ലീഹായ്ക്ക് ഒരൊന്നാംകിട ചരിത്ര സ്മാരകമാകേണ്ട തിരുവിതാംകോട് പള്ളി

മലങ്കര ഓർത്തഡോക്സ് സഭയുടെ പുരാതന മാർത്തോമ്മാ പൈതൃകം തെളിയിക്കുന്ന ചുരുക്കം സ്മാരകങ്ങളിലൊന്നാണ് തിരുവിതാംകോട് പള്ളി. ഒരുവിധത്തിൽ പറഞ്ഞാൽ, ഇത്രത്തോളം ചരിത്രസ്മൃതിയുടെ ചൈതന്യം പേറുന്ന മറ്റൊരു ദേവാലയവും മലങ്കരസഭയ്ക്കിന്നില്ല. നൂറ്റാണ്ടുകളുടെ ചരിത്രമുറങ്ങുന്ന കരിങ്കൽ സ്തംഭങ്ങളും കൽചുമരുകളും കൽപടവുകളും ഇതുപോലെ സൂക്ഷിക്കപ്പെട്ട മറ്റൊരു പുരാതന ദേവാലയവും ഭാരതസഭയ്ക്കില്ല. ഈ സൂക്ഷിക്കപ്പെടലിന്റെ പിന്നിൽ ബോധപൂർവ്വമായ ഒരു പുരാവസ്തു സംരക്ഷണപദ്ധതിയോടൊന്നുമല്ല, പ്രത്യുത, ഉർവ്വശീശാപം ഉപകാരമെന്നവിധം ഇത്രത്തോളം സംഭവിച്ചുപോയ അവഗണനയോടാണ് നാം കടപ്പെട്ടിരിക്കുന്നത്!

മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച "അരപ്പള്ളി" എന്ന് ആരോ വിശേഷിപ്പിച്ച തിരുവിതാംകോട് പള്ളി അരപ്പള്ളിയാണെങ്കിലും മുക്കാൽ പള്ളിയാണെങ്കിലും, മാർത്തോമ്മാശ്ലീഹായുമായി മലങ്കരയെ ബന്ധിപ്പിക്കുന്ന ഏറ്റവും ശക്തമായ കണ്ണിയാണ്. ("അരപ്പള്ളി" എന്ന വിശേഷണത്തിന് ഒട്ടും പ്രസക്തിയില്ലയെന്നും, എല്ലാ അർത്ഥത്തിലും ഇത് മുഴുപ്പള്ളി തന്നെയെന്നും വാദിക്കുന്നവരോട് വിയോജിക്കാമെന്നു തോന്നുന്നില്ല; കാരണം, പതിനാറാം നൂറ്റാണ്ടിനുമുമ്പുള്ള പള്ളി മാതൃകയും, ശില്പരീതികളും പഠിച്ചാൽ, തിരുവിതാംകോട് പള്ളി "അരപ്പള്ളി"യെന്നു താഴ്ത്തപ്പെടുമായിരുന്നില്ല).

തിരുവിതാംകോട്ട് നിവസിച്ചിരുന്ന ആദിമക്രിസ്ത്യാനികളായ "ധരിയായ് ചെട്ടികൾ" അഥവാ തരീസാചെട്ടികൾ ആരും തന്നെ ഇന്നുള്ളതായി അറിവില്ല. പക്ഷെ, പുരാതന ദേവാലയവും, രണ്ടര ഏക്കറോളം സ്ഥലവും മലങ്കരസഭയുടെ ഉടമസ്ഥതയിലുണ്ട്. ഇതിനു ചുറ്റുപാടും താമസിക്കുന്ന ആളുകൾക്ക് ഈ കോവിൽപരിസരം പുണ്യസ്ഥലമാണ്. മലങ്കരസഭാംഗങ്ങളായി വളരെ കുറച്ചുപേർ മാത്രമേ ഇന്ന് ഈ ദേവാലയത്തിലെ ആരാധനയിലും പ്രവർത്തനങ്ങളിലും പങ്കു ചേരുന്നവരായിട്ടുള്ളൂ. പക്ഷെ, സഭയുടെ മുഴുവൻ അഭിമാനസ്ഥാനവും ശ്രദ്ധാകേന്ദ്രവുമായി തിരുവിതാം കോടുപള്ളിയും പരിസരവും പരിരക്ഷിക്കപ്പെടണം. സമീപകാലത്ത് ഈ ദേവാലയത്തെക്കുറിച്ചുള്ള സ്മരണ ബലപ്പെടുന്നുവെന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നതിൽ ആശ്വാസത്തിനു വകയുണ്ട്. ജൂലായ് മൂന്നിനു തൊട്ടടുത്ത ഞായറാഴ്ച തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട പല ഇടവകകളിൽ നിന്നുമായി ധാരാളം വിശ്വാസികൾ വൈദികരുടെ നേതൃത്വത്തിൽ ഇവിടെയെത്തി മാർത്തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്നു. തീർത്ഥാടകരായി എത്തുന്നവർക്ക് വിശ്രമിക്കുവാനും മറ്റുമുള്ള സൗകര്യങ്ങളും സജ്ജീകരിക്കപ്പെട്ടിട്ടുണ്ട്. ഏതാനും മാസങ്ങൾക്കുള്ളിൽ ഏതാനും വൈദിക വിദ്യാർത്ഥികൾക്ക് ഇവിടെ താമസിച്ച് പ്രവർത്തിക്കുവാനുള്ള ക്രമീകരണവും ഉണ്ടാകും.

ഇപ്പോൾ സഭാ കേന്ദ്രത്തിൽ നിന്നും, ഇടവകകളിൽ നിന്നും ചെയ്യാവുന്ന സഹകരണങ്ങൾ കൂടിയായാൽ തിരുവിതാംകോട് ഒരു ആഗോള തീർത്ഥാടനകേന്ദ്രമായി മാറ്റാൻ കഴിയും.

ഒന്നാമതായി, മിഷൻസണ്ടേപിരിവിൽ നിന്നോ, സഭാദിന പിരിവിൽ നിന്നോ ഒരു ഗണ്യമായ വാർഷിക ഗ്രാന്റ് ഈ തീർത്ഥാടനകേന്ദ്രത്തിന്റെ വികസനത്തിന് അനുവദിക്കുക.

രണ്ടാമതായി, തിരുവിതാംകോട് ആസ്ഥാനമായി ഒരു ഭദ്രാസനം നിലവിൽവരുത്തി, സമീപത്തുള്ള സ്ഥലങ്ങളിലേക്ക് അജപാലന ക്രമീകരണങ്ങൾ സംഘടിപ്പിക്കുക.

മൂന്നാമതായി, ചുറ്റുപാടും നിവസിക്കുന്ന ആളുകൾക്ക് പ്രയോജനം ഉണ്ടാകുന്ന ഒരു കമ്മ്യൂണിറ്റി പ്രോജക്ട് വിദ്യാഭ്യാസം, ആതുരശുശ്രൂഷ മുതലായവയിൽ ഊന്നിക്കൊണ്ട് പ്രവർത്തനക്ഷമമാക്കുക.

നാലാമതായി, ഒരു മാർത്തോമ്മാ മ്യൂസിയവും ചരിത്ര പഠനകേന്ദ്രവും ഇവിടെ സ്ഥാപിക്കപ്പെട്ടു പ്രവർത്തിക്കാവുന്നതാണ്.

അഞ്ചാമതായി, മലങ്കരസഭയുടെ വിവിധ ഇടവകകളിൽ നിന്ന് വാർഷിക തീർത്ഥാടന പരിപാടിയായി തിരുവിതാംകോട് സന്ദർശനം പ്രചരിക്കപ്പെടണം. കന്യാകുമാരി, പേച്ചിപ്പാറ ഡാം, കുളച്ചൽ, ഇരണിയൽ കൊട്ടാരം, പത്മനാഭപുരം കൊട്ടാരം, തൃപ്പരപ്പ് വെള്ളച്ചാട്ടം, മുതലായവ ഉൾക്കൊള്ളുന്ന ഒരു ടൂർ പ്രോഗ്രാമിന്റെ കേന്ദ്രബിന്ദുവായി തിരുവിതാംകോട് പള്ളി സന്ദർശനത്തെയും ക്രമീകരിക്കാവുന്നതാണ്.

☞☞

അറിയാതെയോ പ്രത്യക്ഷമായോ പരോക്ഷമായോ ഇവരെ പിന്തുണയ്ക്കുന്ന രാഷ്ട്രീയക്കാരോടും മാധ്യമങ്ങളോടും ഞങ്ങൾക്ക് ചോദിക്കുവാനുള്ളത്, നിയമനിഷേധികളുടെയും നിയമമനുസരിക്കുന്നവരുടെയും ഇടയിൽ നിഷ്പക്ഷത ഭാവിക്കുന്നതിലും നിയമനിഷേധികളോട് സഹതാപം കാണിക്കുന്നതിലും എന്തു ന്യായമാണ് എന്നാണ്. അവരവർ ഉൾപ്പെടുന്ന സമൂഹത്തിലാണീ പ്രശ്നം എങ്കിൽ, നിയമം നിഷേധിക്കുന്നവരോട് സഹതാപമായിരിക്കുമോ കാണിക്കുന്നത്?

ലേഖനം

നീതി നടത്തിപ്പിലെ പൊടി കൈകൾ

ജോ. മാണി പറമ്പിൽ, തിരുവനന്തപുരം

രാജ്യത്തെ അത്യുന്നത നീതിപീഠത്തിന്റെ പ്രത്യേക പ്രതിനിധിയായി നിയോഗിക്കപ്പെട്ട കേരളത്തിന്റെ മുൻ ചീഫ് ജസ്റ്റിസ് ശ്രീ. മളിമഠിന്റെ സാന്നിദ്ധ്യത്തിൽ പരുമലയിൽ കൂടിയ മലങ്കര അസോസ്സിയേഷൻ തീരുമാനം പ. കാതോലിക്കാബാവായുടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം അതെപടി അംഗീകരിച്ചുകൊണ്ടും, രാജ്യത്തെ മറ്റൊരു കോടതിക്കും അധികാരസ്ഥാനങ്ങൾക്കും ചോദ്യം ചെയ്യാൻ പാടില്ലാത്ത വിധം 25 ലക്ഷത്തോളം വരുന്ന ജനങ്ങളെ അസമാധാനത്തിൽ ആഴ്ത്തിക്കൊണ്ട് അര ദശാബ്ദ കാലത്തോളം കോടതി കയറിയിറങ്ങിയ സഭാ കേസിന് ശാശ്വത തീരുമാനം കല്പിച്ചുകൊണ്ടും, കേരളീയരുടെ കുശാഗ്രഹബുദ്ധി നേരിട്ടനുഭവമുള്ള ഒരു മലയാളി ജഡ്ജിയും, ചീഫ് ജസ്റ്റിസും ഉൾപ്പെട്ട സുപ്രീം കോടതി ബഞ്ച് ഏതാനും ദിവസം മുൻപ് പുറപ്പെടുവിച്ച വിധിയെ, ഒരു ആഴ്ച പോലും പ്രായമില്ലാത്ത യാക്കോബായ സഭയുടെ സുന്നഹദോസ് സെക്രട്ടറി എന്ന പേരിൽ ജോസഫ് മാർ ഗ്രീഗോറിയോസ് നടത്തിയ പ്രസ്താവന ജൂലൈ 13-നു മനോരമ റിപ്പോർട്ടു ചെയ്തത് വായിച്ചപ്പോൾ അത്ഭുതത്തെക്കാളധികം സഹതാപമാണ് തോന്നിയത്.

അതായത് "കേരളനിയമസഭ പാസാക്കുന്ന നിയമങ്ങൾക്ക്, നിയമ സഭ ബോയിക്കോട്ട് ചെയ്യുന്ന പ്രതിപക്ഷങ്ങൾക്ക് ബാധകമല്ല" എന്നുപറയുന്നതുപോലെയാണ് ഈ സുന്നഹദോസ് സെക്രട്ടറി സുപ്രീംകോടതിവിധി തങ്ങൾക്ക് ബാധകമല്ല എന്ന് പ്രസ്താവിച്ചിരിക്കുന്നത്. കൂടാതെ "പാത്രിയർക്കീസ് ബാവായുടെ ആത്മീക മേലദ്ധ്യക്ഷ സ്ഥാനം അംഗീകരിക്കുന്നതിലുള്ള ഓർത്തഡോക്സ് വിഭാഗത്തിന്റെ വൈമുഖ്യമാണ്" എന്നൊരു പുതിയ കാരണവും അദ്ദേഹം കണ്ടുപിടിച്ചിരിക്കുന്നതാണ് അതിലും ഭയാനകരവും, കാപട്യവും, സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കുന്നതുമായ സംഗതി. 1934-ൽ പാസാക്കിയ ഓർത്തഡോക്സ് സഭയുടെ ഭരണഘടനയിലെ ആദ്യ ഖണ്ഡികയിൽ പാത്രിയർക്കീസിനെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗം വായിക്കാതെയോ മനസ്സിലാക്കാതെയോ ആണ് സുപ്രീം കോടതി ഈ വിധി പ്രസ്താവിച്ചിരിക്കുന്നത് എന്ന രീതിയിൽ ഒരു മെത്രാപ്പോലീത്താ, തറ ടിക്കറ്റുകാരനായ ഒരു രാഷ്ട്രീയക്കാരനെപ്പോലെ തരം താഴ്ന്ന പ്രസ്ഥാവന നടത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിക്കുന്നത്, അദ്ദേഹത്തിന്റെ സ്ഥാനത്തിന് ഒട്ടും യോജിച്ചതല്ല. സുപ്രീം കോടതിയുടെ പിന്നത്തെ വിശദീകരണം വീണ്ടും ഈ നുണ പ്രചരണത്തിനെ സാധൂകരിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ്.

സ്വതന്ത്ര്യ ഇൻഡ്യ, ബ്രിട്ടീഷ് രാജ്ഞി അധ്യക്ഷയായ കോമൺവെൽത്തിൽ അംഗമായപ്പോൾ കമ്യൂണിസ്റ്റ് ആചാര്യനായ ഇ.എം.എസ്സ്. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന നെഹ്റുവിന്റെ മേൽ പഴിചാരിയതിന് തുല്യമാണ് "നഷ്ടപ്പെട്ട ഈ മുന്തിരിങ്ങ പുളിക്കുന്നതാണ്". എന്ന് വിലപിക്കുന്ന സുന്നഹദോസു സെക്രട്ടറിയുടെ പ്രസ്താവന. ബ്രിട്ടീഷ് രാജാവോ രാജ്ഞിയോ ആണ് കോമൺവെൽത്തിന്റെ സ്ഥിരാദ്ധ്യക്ഷൻ. ഇൻഡ്യ അതിലെ ഒരംഗവും ആണ്. ആ കാരണത്താൽ കോമൺവെൽത്തിന്റെ തലവൻ ഇൻഡ്യയിൽ ക്ഷണിക്കപ്പെടാതെ വന്ന് നമ്മുടെ ഭരണ കാര്യങ്ങളിൽ കൈയിടുവാൻ, നാം അനുവദിക്കുമോ? അതുപോലെയുള്ളതാണ് മലങ്കരസഭയും അന്ത്യോഖ്യാ സഭയുമായുള്ള ബന്ധവും.

ഒരു ഭാഗത്ത് പുതിയ സഭയുണ്ടാക്കുകയും മറുഭാഗത്ത് വക്കീലിനെ കോടതിയിലയച്ച് വിധി നടപ്പാക്കുന്നതിന് ഇടം കോലിടുകയും ചെയ്യുന്ന കായംകുളം വാൾ പ്രയോഗം നിർത്തിവച്ചിട്ട്, റോയൽക്കോട്ട് വിധിക്കുശേഷം പണ്ട് മാർത്തോമ്മാസഭ അനുഷ്ഠിച്ചതുപോലെ, കിട്ടുന്ന ആളുകളെയും കൂട്ടി സിറിയയിൽപോയി സ്വന്തം കാര്യം നോക്കരുതോ?

സുപ്രീംകോടതിയുടെ അന്തിമ വിധി അസന്നിഗ്ദമായി വന്നിരിക്കുന്ന ഈ അവസരത്തിൽ, ആണ്ടിൽ ഒരിക്കൽ പോലും പള്ളിയിൽ പോയി ആരാധനയിൽ പങ്കെടുക്കാത്ത ആദർശമൂർത്തിയായ മുഖ്യമന്ത്രി എന്തുകൊണ്ട്, "സ്റ്റാറ്റസ്കോ" എന്ന മുടന്തൻ ന്യായം ഉന്നയിച്ച്, പല പള്ളി

ശേഷം 30-ാം പേജിൽ

ഏതാണ്ട് 1 മണിക്കൂറോളം ദീർഘമുള്ള വി. കുർബ്ബാന എന്ന സമൂഹ ആരാധനയിൽ ഒരു ഡസനിൽ അധികം പ്രാവശ്യം സമാധാനത്തിന് വേണ്ടിയും, "രാജ്യത്തെ നേതാക്കന്മാരെയും ഭരണാധിപന്മാരെയും കാത്തുകൊള്ളണ്" മെന്ന് അനവധി പ്രാവശ്യം ആവർത്തിച്ച് ഉടയവനോട് സമൂഹമായി പ്രാർത്ഥിക്കുന്ന ക്രൈസ്തവ ആരാധന മിക്കവാറും എല്ലാ ദിവസങ്ങളിലും, പ്രത്യേകിച്ച് ഞായറാഴ്ചകളിലും നടത്തുന്ന കേരളത്തിലെ ഏക ക്രൈസ്തവ വിഭാഗമാണ് മലങ്കര ഓർത്തഡോക്സ് സഭ.

കുമരകത്ത് ബോട്ടു മുങ്ങി 29 മരണം

കോട്ടയം:- വേമ്പനാട്ടു കായലിൽ കുമരകത്തിനടുത്ത് ജലഗതാഗതവകുപ്പിന്റെ യാത്രാബോട്ടു മുങ്ങി 29 പേർ മരിച്ചു. മുഹമ്മയിൽ നിന്നു കുമരകത്തേക്കു വരികയായിരുന്നു ബോട്ട്. മരിച്ചവരെല്ലാം ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും പരിസര പ്രദേശങ്ങളിലും ഉള്ളവരാണ്.

കുമരകം ജെട്ടിയിലടുക്കാൻ രണ്ടു കിലോമീറ്റർ മാത്രം ശേഷിക്കവേയായിരുന്നു ദുരന്തം. ഏറെ പഴക്കം ചെന്ന ബോട്ടാണ് അപകടത്തിൽ പെട്ടത്. സ്ഥിരമായ യന്ത്രത്തകരാറുണ്ടാകാറുള്ള ബോട്ടാണിതെന്ന് രക്ഷപെട്ട യാത്രക്കാർ പറഞ്ഞു.

നാടിനെ നടുക്കിയ ദുരന്തത്തിൽ കോട്ടയവും പരിസരവും കണ്ണീർക്കടലായി. അപകട സമയത്ത് ട്രാവൻകൂർ സിമിന്റ്സിന്റെ കായലിൽ കിടന്ന ഡ്രജ്ജറിലെ ജീവനക്കാർ ഉചിതമായി പ്രവർത്തിച്ചത് മരണ സംഖ്യ കുറച്ചു. തുടർന്ന് കക്കാവാരൽ തൊഴിലാളികളും, മത്സ്യത്തൊഴിലാളികളും, നാട്ടുകാരും വള്ളങ്ങളിലും ബോട്ടുകളിലുമായി എത്തി രക്ഷാപ്രവർത്തനങ്ങളിൽ മുഴുകി.



കോലഞ്ചേരിയിൽ സമ്മേളിച്ച മലങ്കരസഭാ നേതൃയോഗം കുമരകം ബോട്ടപകടത്തിൽ അനുശോചനം രേഖപ്പെടുത്തി.

പ. കാതോലിക്കാ ബാവാ മെഡിക്കൽ കോളജിൽ അപകടത്തിൽപ്പെട്ടവരെ സന്ദർശിക്കുകയും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

ഡോ. അബ്ദുൾ കലാം ഇൻഡ്യൻ രാഷ്ട്രപതി



ന്യൂഡൽഹി:- പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ഡോ. എ.പി.ജെ. അബ്ദുൾ കലാം ഇൻഡ്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

ഇൻഡ്യയെ സാമ്പത്തികവും സൈനീകവുമായി സ്വയം പര്യാപ്തമായ വികസിത രാഷ്ട്രമാക്കാൻ പുതിയൊരു ദേശീയ പ്രസ്ഥാനത്തിന് തുടക്കം കുറിക്കണമെന്ന് രാഷ്ട്രപതി ആഹ്വാനം ചെയ്തു. അതിർത്തി കടന്നുള്ള ഭീകരപ്രവർത്തനം, ആഭ്യന്തര സാമൂഹിക സംഘർഷങ്ങൾ, തൊഴിലില്ലായ്മ, തുടങ്ങി കാലഘട്ടത്തിന്റെ വെല്ലുവിളികളെല്ലാം വിജയകരമായി നേരിടുവാൻ ഇതാണ് ഏക പോംവഴിയെന്ന് ഡോ. കലാം പ്രസ്താവിച്ചു.

മതേതരത്വമാണ് ഇൻഡ്യൻ ദേശീയതയുടെ അടിസ്ഥാനം. രാജ്യത്തിന്റെ മതേതര സ്വഭാവം കാത്തുസൂക്ഷിക്കുവാൻ താൻ അങ്ങേയറ്റം പ്രതിജ്ഞാബദ്ധനാണെന്നും ആചാരപരവും സാമൂഹികവുമായ വൈജാത്യങ്ങൾ ഉള്ള ഇൻഡ്യൻ മനസുകളെ ഏകോപിക്കുവാൻ ആത്മാർത്ഥമായി യത്നിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ഡോ. പി.സി. അലക്സാണ്ടർ രാജ്യസഭാ മെമ്പർ



മുംബൈ:- മഹാരാഷ്ട്രാ മുൻ ഗവർണർ ഡോ. പി.സി. അലക്സാണ്ടർ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. എൻ.സി.പി. പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥിയായ അലക്സാണ്ടർക്ക് 201 വോട്ട് ലഭിച്ചു. എതിർസ്ഥാനാർത്ഥിയായ സുരേഷ് കേശ്വാനിക്ക് 71 വോട്ടാണ് ലഭിച്ചത്.

ഇൻഡ്യൻ പ്രസിഡണ്ട് സ്ഥാനാർത്ഥിയായി എൻഡിഎ. ഉയർത്തിക്കൊണ്ടുവന്ന പി.സി. അലക്സാണ്ടർക്ക് കോൺഗ്രസ്സിന്റെ എതിർപ്പു മൂലം ആ സ്ഥാനം ലഭ്യമായില്ല. എൻ.ഡി.എ. ഗവൺമെന്റിന്റെ വിദേശകാര്യ മന്ത്രിയായി പി.സി. അലക്സാണ്ടർ നിയമിതനായേക്കും എന്ന് അഭ്യൂഹമുണ്ട്.

ഐക്യദീപത്തിലെ അബദ്ധപ്രസ്താവനകൾ

– ഫാ. ഡോ. എം. ജോൺ പണിക്കർ
(വൈദീക സെമിനാരി, കോട്ടയം)

സീറോ മലങ്കര കത്തോലിക്കാ -റീത്തു-സഭയുടെ ജൂൺ 2002-ൽ പുറത്തിറങ്ങിയ ഐക്യദീപം മാസികയിലെ പ്രധാന വിഷയം മലങ്കര സഭയിലെ കക്ഷിവഴക്കുകളാണ്.

വ്യവഹാരത്തിലിരിക്കുന്ന മലങ്കര സഭാ നേതാക്കളുടെ കണ്ണുതുറപ്പിക്കുവാൻ ഈ മാസികയ്ക്ക് പ്രത്യേക താല്പര്യമുണ്ടെന്നു തോന്നുന്നു. അക്കാര്യത്തിന് അതിന്റെ പത്രാധിപ സമിതിയോടു പ്രത്യേകമായ നന്ദി അർപ്പിക്കുവാൻ ഈ ലേഖകൻ അതിയായി ആഗ്രഹിക്കുന്നു. മലങ്കര സഭയിൽ ഉണ്ടായിരിക്കുന്ന വ്യവഹാരങ്ങളിൽ വേദനിക്കുന്ന ഇതര സഭാംഗങ്ങളോടു പ്രത്യേക സ്നേഹവും ആദരവും പ്രകടിപ്പിച്ചു കൊണ്ടു മാസികയിൽ എഴുതി വന്ന ചില പ്രസ്താവനകളോടു, വലിയ വേദശാസ്ത്രചിന്തകളിലൂടെയല്ലെങ്കിലും അല്പമായി പ്രതികരിക്കുന്നത് ഉചിതമാണെന്നു തോന്നുന്നു-

മാസികയുടെ പ്രത്യക്ഷമായ ഉദ്ദേശ്യം മലങ്കര യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങളുടെ വ്യവഹാരങ്ങളിൽ വിഷമം പ്രകടിപ്പിക്കുകയും യോജിക്കുവാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതാണെങ്കിലും യഥാർത്ഥ ഉദ്ദേശ്യം മലങ്കര സഭാ മക്കളെ വീണ്ടും തമ്മിലടിപ്പിച്ചു കുളം കലക്കി മീൻ പിടിക്കുക എന്നതു മാത്രമാണെന്ന് വളരെ വ്യക്തമാണ്. മാസിക മുഴുവനും വികലമായ ചരിത്രവും അബദ്ധ പ്രസ്താവനകളും കൊണ്ടു നിറച്ചു വച്ചിരിക്കുകയാണ്. വ്യാജരേഖകൾ എഴുതിയുണ്ടാക്കി കാലം കഴിയുമ്പോൾ അതു "സത്യമാക്കി" മാറ്റുന്ന പ്രവണത ക്രൈസ്തവമല്ലെന്ന് ആദ്യം മനസ്സിലാക്കേണ്ടതു മലങ്കര കത്തോലിക്കർ എന്നു വിളിക്കപ്പെടുന്നവർ ഉൾപ്പെടെയുള്ള റോമൻ കത്തോലിക്കാ സഭാംഗങ്ങളാണ്.

ഐക്യദീപം മാസികയിലെ ചില പ്രസ്താവനകൾ തന്നെയാണ് ലേഖകന്റെ ഈ നിരീക്ഷണത്തിനു കാരണവും.

1) 1653-ലെ കൂനൻ കുരിശു സത്യവും തുടർന്നു രൂപം കൊണ്ട പുത്തൻകൂർ പഴയകൂർ വിഭാഗങ്ങളും

ഇവ സംബന്ധിച്ചു മാസികയിലെ പ്രസ്താവനകൾ ഇവിടെ ഉദ്ധരിക്കട്ടെ. i) കൂനൻ കുരിശു സത്യത്തിനു നമ്മുടെ പിതാക്കന്മാർ എടുത്ത പ്രതിജ്ഞ സാർവ്വത്രിക കൂട്ടായ്മയ്ക്കോ റോമിലെ റീശ് പാത്രിയർക്കീസിന് എതിരോ ആയിട്ടല്ലായിരുന്നു. നമ്മുടെ പാരമ്പര്യത്തെയും സംസ്ക്കാരത്തെയും എതിർത്ത വിദേശ മിഷനറിമാർക്കെതിരെയായിരുന്നു" (പേജ് 8)

ii) മലങ്കര (മലബാർ) നസ്രാണി സമൂഹത്തിലുണ്ടായ ആദ്യത്തെ പിളർപ്പ് 1653-ൽ മട്ടാഞ്ചേരിയിൽ നടന്ന കൂനൻ കുരിശു സത്യത്തോടെയാണ് സംഭവിച്ചത്. പോർട്ടുഗീസ് പാതിരിമാരെ അനുകൂലിച്ച് കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ നിന്നവർ "പഴയ കൂറുകാർ" എന്നും. പശ്ചിമേഷ്യൻ അന്ത്യോഖ്യാ പാത്രിയർക്കീസിനെ ശരണം പ്രാപിച്ചവർ "പുതിയ കൂറുകാർ" എന്നും പിന്നീട് അറിയപ്പെടാൻ തുടങ്ങി (p. 12).

ഇതുപോലെ ധാരാളം പ്രസ്താവനകൾ ഐക്യദീപം മാസികയിലുണ്ട്. മലങ്കര റോമൻ കത്തോലിക്കരുടെ ഇംഗിതവും ഉദ്ദേശ്യവും മനസ്സിലാക്കുവാൻ ഈ രണ്ടു പ്രസ്താവനകൾതന്നെ ധാരാളം മതിയാകും. ഇതു രണ്ടും ചരിത്ര സത്യങ്ങളെ വളച്ചൊടിച്ച പ്രസ്താവനകളാണ്. 1653-ൽ മട്ടാഞ്ചേരിയിൽ നടത്തിയ കൂനൻ കുരിശു സത്യം റോമിലെ മാർപാപ്പായ്ക്കും ലത്തീൻ സഭയ്ക്കും എതിരെയായിരുന്നു. കാരണം പോർട്ടുഗീസ് മിഷണറിമാരെ അയച്ചു മലങ്കര സഭയിൽ ലത്തീനീകരണവും പാശ്ചാത്യവൽക്കരണവും നടത്തിയതു റോമിലെ മാർപാപ്പാ തന്നെയായിരുന്നു. പേർഷ്യായിലെ പൗരസ്ത്യ സഭയുമായി ആത്മീയ ബന്ധത്തിൽ പതിനാറു നൂറ്റാണ്ടുകാലം സത്യവിശ്വാസികളായി ജീവിച്ചു വന്ന മലങ്കരയുടെ മക്കൾക്ക് മാർപാപ്പാമാരുടെ ഒത്താശയോടും അനുഗ്രഹത്തോടും കൂടി പോർട്ടുഗീസ് പാതിരിമാർ നടത്തിയ ലത്തീനി വൽക്കരണം കഠിനമായ ഒരു റോമാ നുകമായിരുന്നു. അതിനെയാണ് 1653-ൽ മലങ്കരയുടെ മക്കൾ വലിച്ചെറിഞ്ഞത്.

1653-നു ശേഷമുള്ള മലങ്കര സഭയുടെ വിഭജനം മാർപാപ്പാമാരുടെ കൗശലത്തിന്റെയും കുതന്ത്രങ്ങളുടെയും പ്രതിഫലനമാണ്. പോർട്ടുഗീസ് മിഷനറിമാരെ തിരിച്ചു വിളിച്ച മാർപാപ്പാ മറ്റൊരു കൂട്ടം മിഷനറിമാരെ ഭാരതത്തിലേക്കയച്ചു. അവരുടെ കൗശലത്താൽ മലങ്കരയുടെ ഒരു വിഭാഗം ആളുകൾ അവരോടു ചേർന്നു ലത്തീൻ ആരാധനയും ഭരണക്രമവും സ്വീകരിച്ചു. ആ ആളുകൾ തങ്ങളുടെ പൗരസ്ത്യ സ്വഭാവം മുഴുവനും നഷ്ടപ്പെടുത്തി അടുത്തകാലം വരെ ജീവിച്ചു. വീണ്ടും പൗരസ്ത്യരാകാനുള്ള ശ്രമവും അതിനെതിരെയുള്ള പാശ്ചാത്യ അടിച്ചമർത്തലുകളുമാണ് ഇന്ന് സീറോ മലബാർ സഭയിൽ കാണുന്ന ലിറ്റർജിയുദ്ധം, കുരിശുകത്തിക്കലുകൾ, ദൈവാഭിമുഖവും ജനാഭിമുഖവുമായ കുർബ്ബാന തർക്കം എന്നിവയുടെ കാരണം. (അടിവരയിട്ടിരിക്കുന്ന വാക്കുകൾക്ക് ഐക്യദീപത്തോടു കടപ്പാട് p. 42).

ലത്തീനികരണത്തിനും റോമൻ കത്തോലിക്കാ സഭയുടെ ഭരണക്രമത്തിനും വിധേയപ്പെടാതെ നിന്ന മറുവിഭാഗം, പൗരസ്ത്യരായ പേർഷ്യൻ മെത്രാന്മാരുടെ വരവ് ആഗ്രഹിച്ചുവെങ്കിലും റോമാക്കാർ തങ്ങളുടെ സ്വാധീനം ഉപയോഗിച്ചു അവരുടെ വരവിനെ തടഞ്ഞു. തൽഫലമായി സഭയുടെ പൗരസ്ത്യ സ്വഭാവം കാത്തു സൂക്ഷിക്കുവാൻ ആഗ്രഹിച്ചു മലങ്കര മക്കൾ പൗരസ്ത്യരായ അന്ത്യോഖ്യൻ സുറിയാനി സഭയുടെ ആരാധന കാലക്രമേണ സ്വീകരിച്ചുകൊണ്ടു തങ്ങളുടെ പൗരസ്ത്യ തനിമ നിലനിർത്തി. ഇവിടെ ആരാണ് പഴയ കൂറ്റുകാർ? ലത്തീൻ ആരാധന സ്വീകരിച്ചുകൊണ്ടു സഭയുടെ പഴയ സ്വഭാവം നഷ്ടപ്പെടുത്തിയ റോമൻ കത്തോലിക്കാ അനുഭാവികളോ? അതോ സഭയുടെ പൗരസ്ത്യ സ്വഭാവം ആദിമുതൽ ഇന്നുവരെയും നിലനിർത്തിക്കൊണ്ടിരിക്കുന്ന ഓർത്തഡോക്സ് സുറിയാനി സഭയോ? ഉത്തരം വായനക്കാർതന്നെ കണ്ടു പിടിക്കുക. ഐക്യദീപം മാസികയുടെ ഉടമകൾ 1930 വരെ ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാഗമായിരുന്നു എന്നതും ഇവിടെ വിസ്മരിക്കരുത്.

(തുടരും...)

> **ലത്തീനീകരണത്തിനും റോമൻ കത്തോലിക്കാ സഭയുടെ ഭരണക്രമത്തിനും വിധേയപ്പെടാതെ നിന്ന മറുവിഭാഗം, പൗരസ്ത്യരായ പേർഷ്യൻ മെത്രാന്മാരുടെ വരവ് ആഗ്രഹിച്ചുവെങ്കിലും റോമാക്കാർ തങ്ങളുടെ സ്വാധീനം ഉപയോഗിച്ചു അവരുടെ വരവിനെ തടഞ്ഞു. തൽഫലമായി സഭയുടെ പൗരസ്ത്യ സ്വഭാവം കാത്തു സൂക്ഷിക്കുവാൻ ആഗ്രഹിച്ചു മലങ്കര മക്കൾ പൗരസ്ത്യരായ അന്ത്യോഖ്യൻ സുറിയാനി സഭയുടെ ആരാധന കാലക്രമേണ സ്വീകരിച്ചു കൊണ്ടു തങ്ങളുടെ പൗരസ്ത്യ തനിമ നിലനിർത്തി. ഇവിടെ ആരാണ് പഴയ കൂറ്റുകാർ? ലത്തീൻ ആരാധന സ്വീകരിച്ചുകൊണ്ടു സഭയുടെ പഴയ സ്വഭാവം നഷ്ടപ്പെടുത്തിയ റോമൻ കത്തോലിക്കാ അനുഭാവികളോ? അതോ സഭയുടെ പൗരസ്ത്യ സ്വഭാവം ആദിമുതൽ ഇന്നുവരെയും നിലനിർത്തിക്കൊണ്ടിരിക്കുന്ന ഓർത്തഡോക്സ് സുറിയാനി സഭയോ?**

New Light on the History of Syrian Christians

Dr. P.C. Alexander M.P.

Shri Paul Manalil has made an important contribution to the scantly literature on the history of the Nazranis or St.Thomas Christians of Kerala by publishing the Niranam Grandhavari and Niranam Pattukal with very learned introductory notes and annotations.

The Grandhavari was intended by its writer to be a comprehensive account of the history of the St. Thomas Christians from the beginning of Christianity in India, but the focus of the historical part of the narrative is mainly on the times of Mar Thoma V (1718-1765) and more importantly on Mar Thoma VI (1765-1808). Obviously the writer must have been a direct witness of the events of this period.

The Grandhavari tries to set the history of the St. Thomas Christians in the context of the accounts in the Bible from the Creation to the times of the apostles and the Ecumenical Synods of the early Christian Church. The relevance of the Pazhamayude Kalangal and of the Puthumayude Kalangal in a book of history can probably be explained by the chronicler's keenness to present the history of the St. Thomas Christians as a part of the history of entire Christian Church. Further; he wrote the Grandhavari at a time when the translated version of the whole Bible into Malayalam had not yet become accessible to the common people and he obviously wanted to provide a biblical background to the history of their Church.

Curiously, the Grandhavari which is supposed to be a chronicle of historical events, contains a few miscellaneous items unrelated to history such as the description of the parts of the human physique, the distinguishing features of different categories of diamonds and precious stones, guidelines for determining auspicious timings for travel, family functions, etc. and even a letter written by Pallipadu Mar Dionysius to a family member on certain family matters. Even though these materials have no relevance to history, they have become part of the Grandhvari.

The value of Shri Paul Manalil's introductory notes and footnotes lies in the light they throw on the events chronicled in the Grandhavari in order to clear misunderstandings which the readers of the Grandhavari may otherwise get about the status of the St. Thomas Christians in relation to the Roman Catholic Church and of the Syrian Church in Antioch. Till the rise of the Portuguese power in India in the 16th century, the St.

Thomas Christians of Kerala had never experienced social or political tensions or oppression of any type. They lived a life of close integration with the rest of the population feeling secure and safe with the high status enjoyed by them in Kerala's caste hierarchy and the special rights and privileges guaranteed to them through Royal Charters. Their contacts with the Christian Churches outside India were minimal and the few Church dignitaries who visited them during the pre-Portuguese period from the East Syrian Church of Persia and never interfered with their internal affairs. The St. Thomas Christians continued to enjoy their privileged position as a highly respected indigenous Church following their own faith and forms of worship. The Udayamperoor Synod of 1599 changed the whole situation for the St. Thomas Christians as it signalled a new era of domination by foreign Churches and conflict of cultures. The distinctive identity and independence which the Kerala Nazranis had preserved for 16 centuries based on their St. Thomas heritage came under serious threat in the post-Udayamperoor era and from then on they found themselves embroiled in prolonged struggles to protect their identity form being encroached upon by various foreign Churches.

The first serious attempt of the St. Thomas Christians to shake off the domination of the Roman Catholic Church imposed on them by the Synod of Udayamperoor was the historic oath of 1653 known as the **Coonen Kurissu Satyam.** However, in trying to assert their independence from Rome, they found themselves in serious danger of their identity being diluted through their new association with the Syrian Church of Antioch. The visits of Bishops from the Antiochian Syrian Church, though occasional, were not always happy experiences for the St. Thomas Christians. Unpleasent details of the acts of high-handedness on the part of some of the Antiochian bishops including verbal abuse and even physical violence on local priests, excessive demands for money and unauthorised carrying away of silver chalices, etc. from the Churches find prominent mention in the Grandhavari, though in very dignified language. The Grandhavari chronicles some instances of the intolerable conduct of one Antiochian bishop, Diascoros, who form these accounts appears to have been not a normal person mentally. Still the Grandhavari shows utmost deference to these visitors form Antioch and referes to all Antiochian bishops in respectful terms an **Bava** as if they had a position of spiritual superiority over the local prelates.

The bitter experiences which Mar Thoma VI had to go through at the hands of the fantastic protagonists of the Roman Catholic Church, particularly the leader of that group, Thatchil Mathoo Tharakan are narrated in detail in the Grandhvari. The pressure tactics of Mathoo Tharakan, who wielded at that time considerable power and influence with the Travancore administration, included intimidation, extortion, confiscation of the Churh's properties and even threats of incarceration of the Metropolitan. The Grandhavari traces the story of the fall of Mathoo Tharakan who had to suffer the ultimate humiliation of having both his ears chopped off. But hile his influence lasted, he did his worst to force the helpless Metropolitan to accept the authority of Rome.

While trying to cope with the aggressive acts of Mathoo Tharakan and his group on the one side and the unwelcome meddling in the internal administration of the Church by some of the Antiochian bishops on the other, the St. Thomas Christians soon found that they had to face a new serious danger and that was the threat by some overzealous protestant missionaries to impose the protestant faith and practices on them. After the defeat of the Dutch by the English East India Company's forces the English missionaries had started enjoying considerable political power in the states of Travacore and Cochin. The protestant missionarie's approach to the St. Thomas Christians was more sophisticated and subtle than that of the Roman Catholics, but they had made no secret of their intentions to introduce the protestant faith among the St. Thomas Christians. Thus the indigenous Orthodox Church of the Nazranis found itself in the difficult position of having to fight on different fronts to preserve its distinctive identity and heritage.

Shri Manalil has through his introductory notes and footnotes tried to provide a balanced picture about the position of the Orthodox Church in Kerala. His notes about the origin of the Pazhayakoottu and Puthenkoottu division and explanations about the circumstances which made the St. Thomas Christians attach special importance to their Antiochian connection in the post-Coonen Kurissu era are discussed with great fairness and objectivity. Shri Paul Manalil has eminently succeeded in presenting the Grandhavari in proper historical perspective and deserves congratulations in bringing out this publication with valuable annotations and fair comments.

ആരാണ് ഭാഗ്യവാന്മാർ?

(മാത്യൂസ് ബർന്നബാസ് മെത്രാപ്പോലീത്താ)



ദൈവത്തിൽനിന്നു ലഭിച്ച നന്മകൾകൊണ്ടു മാത്രം ഒരാൾ ഭാഗ്യവാനാകുന്നില്ല. പിന്നെയോ, ദൈവകൃപയിൽകൂടി ദൈവീകനാകുന്നവനാണ് ഭാഗ്യവാൻ.

1) ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്. (വി. മത്താ. 5:3)

തങ്ങൾക്ക് പല നന്മകളുടെയും കുറവുണ്ടെന്നും തങ്ങൾ പാപികളാണെന്നും ബോദ്ധ്യമുള്ളവരാണ് ആത്മാവിൽ ദരിദ്രർ. തങ്ങൾക്കുള്ള നന്മകളെല്ലാം തങ്ങളുടെ അയോഗ്യതയിലും പാപാവസ്ഥയിലും ദൈവം നൽകിയ സൗജന്യ ദാനങ്ങളാണെന്നും അവർ മനസ്സിലാക്കുന്നു. തങ്ങൾക്ക് ലഭിച്ച നന്മകൾ അവരുടെ സ്വാർത്ഥപരമായ ലക്ഷ്യങ്ങൾക്ക് വേണ്ടിയല്ല; പിന്നെയോ, മനുഷ്യജാതി മുഴുവന്റെയും നന്മയ്ക്കായി തന്നിട്ടുള്ളവയാണെന്നും അവർ മനസ്സിലാക്കുന്നു. എല്ലാ ദൈവിക അനുഗ്രഹങ്ങളും അവരിൽ വന്നുചേരുമെന്നുള്ളതിനാൽ അവർ ഭാഗ്യവാന്മാരാകുന്നു. അപ്പോ. 17:28, ഫിലി. 2:13, ഫിലി. 4:13.

ആത്മാവിൽ ദരിദ്രരായിരുന്ന ചിലരുടെ ഉദാഹരണങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

ദാവീദ് രാജാവ് (1 ശമു. 6:14), യോഹന്നാൻ സ്നാപകൻ (വി. യോഹ. 1:19-23), സെന്റ് മേരി (വി. ലൂക്കോ. 1:43,46-48), സെന്റ് പീറ്റർ (അപ്പോ. 3:12-16), സെന്റ് പോൾ (1 കൊരി. 15:10)

> ദൈവാനുഗ്രഹങ്ങളെക്കുറിച്ചുള്ള നന്ദികൊണ്ട് നിറയുകയും, സകലവും ദൈവമഹത്വത്തിനായി ചെയ്യുവാൻ ശ്രമിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവസ്നേഹത്തിൽ വളരുകയും തന്നിൽ സന്തോഷിക്കുകയും ചെയ്യും. മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി എണ്ണുന്നവർ ഭാഗ്യവാന്മാർ; അവർക്ക് ആത്മാർത്ഥമായ സ്നേഹവും ബഹുമാനവും ലഭിക്കും. താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠനെന്ന് എണ്ണിക്കൊൾവിൻ.

2) തങ്ങൾ ചെയ്യുന്ന എല്ലാ സൽപ്രവൃത്തികളുടെയും മഹത്വം പൂർണ്ണമായും ദൈവത്തിനാണെന്ന് ബോദ്ധ്യമുള്ളവർ ഭാഗ്യവാന്മാർ, പൂർണ്ണഹൃദയത്തോടെ ദൈവത്തിൽ സന്തോഷിക്കുവാൻ അവർക്കു സാധിക്കും. തങ്ങളുടെ പ്രവർത്തനങ്ങളുടെ മഹത്വത്തിൽ എന്തെങ്കിലും പങ്ക് അവർക്കുണ്ടെന്ന് അവർ അവകാശപ്പെടാത്തതിനാൽ, മനുഷ്യരുടെ അംഗീകരണമോ അവരുടെ ഇടയിലുള്ള പ്രസിദ്ധിയോ അവർ ആഗ്രഹിക്കുകയില്ല. സങ്കീ. 115:1, വി. മത്താ. 6:2-4.

3) കർത്താവിനെ സദാ മുമ്പിൽ വച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ. ഒന്നുകൊണ്ടും അവർ ഭ്രമിച്ചുപോകയില്ല. ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വച്ചിരിക്കുന്നു. അവൻ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല''. (സങ്കീ. 16:8) സങ്കീ. 46:1-5, സങ്കീ. 125:1, വി. മത്താ. 11:28.

4) ദൈവാനുഗ്രഹങ്ങളെക്കുറിച്ചുള്ള നന്ദികൊണ്ട് നിറയുകയും, സകലവും ദൈവമഹത്വത്തിനായി ചെയ്യുവാൻ ശ്രമിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവസ്നേഹത്തിൽ വളരുകയും തന്നിൽ സന്തോഷിക്കുകയും ചെയ്യും. സങ്കീ. 116:12, 1 കൊരി 10:31, റോമ. 14:8, വി. ലൂക്കോ. 17:11-19.

5) മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി എണ്ണുന്നവർ ഭാഗ്യവാന്മാർ; അവർക്ക് ആത്മാർത്ഥമായ സ്നേഹവും ബഹുമാനവും ലഭിക്കും. "താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠനെന്ന് എണ്ണിക്കൊൾവിൻ." (ഫിലി. 2:3) റോമ. 12:10.

6) ക്ഷമിക്കുകയും മറക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ, അവർക്ക് ആത്മാർത്ഥമായ സ്നേഹവും ബഹുമാനവും ലഭിക്കും. കൊലോ. 3:13, 1 തെസ. 5:15.

7) അനുസരിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് കൂടുതലായ സ്നേഹം ലഭിക്കും. വി. യോഹ. 14:23,24; ഫിലി. 2:8.

8) സ്നേഹത്തിൽകൂടി കോപത്തെ നിയന്ത്രിക്കുന്നവർ ഭാഗ്യവാന്മാർ; അവർ സമാധാനം നിലനിർത്തുകയും മറ്റുള്ളവരെ തങ്ങളുടെ അഭ്യുദയകാംക്ഷികളാക്കുകയും ചെയ്യും. "സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമായി അനുഭവിക്കും." (വി. മത്താ. 5:5)

9) മറ്റുള്ളവരെ തങ്ങളെപ്പോലെയുള്ള ദൈവമക്കളായി കാണുന്നവർ ഭാഗ്യവാന്മാർ, അസൂയകൂടാതെ മറ്റുള്ളവരുടെ ഉയർച്ചയിൽ സന്തോഷിക്കുന്നതിനും, മറ്റുള്ളവരുടെ നല്ല പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും അവർക്കു സാധിക്കും. 1 ശമു. 18:1–4.

10) ദൈവഭയത്തിൽ പരസ്പരം കീഴ്പ്പെടുന്നവർ ഭാഗ്യവാന്മാർ, അവരിൽ പരസ്പര ബഹുമാനമുണ്ടാകും. "ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ". (എഫേ. 5:21)

11) മറ്റുള്ളവരെയും തങ്ങളെയും ഒരു ശരീരത്തിലെ അവയവങ്ങൾ പോലെ കാണുന്നവർ ഭാഗ്യവാന്മാർ, പൊതുവിന്റെ നന്മയ്ക്കുവേണ്ടി, ഉത്സാഹത്തോടെ, ഒത്തൊരുമിച്ചു പ്രവർത്തിക്കുവാൻ, അവർക്ക് കഴിയും. 1കൊരി. 12:21–26

12) ശത്രു മിത്ര ഭേദമെന്യേ മറ്റുള്ളവർക്കു വേണ്ടി കഷ്ടതയനുഭവിക്കുന്നവർ ഭാഗ്യവാന്മാർ, ദൈവത്തിന്റെ സ്നേഹം മനുഷ്യർക്ക് കാണിച്ചുകൊടുക്കുന്നതിനും, മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നതിനും അവർക്ക് സാധിക്കും. റോമ. 5:8; വി. ലൂക്കോ. 10:30–35; രൂത്ത് 1:1617.

13) എല്ലാ കാര്യങ്ങളും ഏറ്റവും ഉത്തമമായി ചെയ്യുന്നവർ ഭാഗ്യവാന്മാർ; അവരുടെ എല്ലാ കഴിവുകളും പരമാവധി വർദ്ധിപ്പിക്കുന്നതിനും, സമൂഹത്തിന് പരമാവധി നന്മ ചെയ്യുന്നതിനും അവർക്ക് സാധിക്കും. വി. മത്താ. 22:37–39; സഭാ പ്ര. 9:10.

14) ആദ്യമേ സ്വയം തിരുത്തുന്നവർ ഭാഗ്യവാന്മാർ; മറ്റുള്ളവരെ ഏറ്റവും കാര്യക്ഷമമായി തിരുത്തുവാൻ അവർക്കാണ് സാധിക്കുന്നത്. വി. ലൂക്കോ. 6:41–42.

15) സ്നേഹത്തിൽ മറ്റുള്ളവരുമായി താദാത്മ്യം പ്രാപിക്കുന്നവർ ഭാഗ്യവാന്മാർ; പാപത്തെ വെറുത്തുകൊണ്ടു തന്നെ പാപികളെ സ്നേഹിപ്പാൻ അവർക്ക് കഴിയും. വി. മത്താ. 7:12.

16) ഏറ്റവും ചുരുങ്ങിയ ജീവിതാവശ്യങ്ങൾകൊണ്ട് തൃപ്തിപ്പെടുന്നവർ ഭാഗ്യവാന്മാർ; ജീവസന്ധാരണത്തിനുള്ള ആകുലചിന്ത കുറയ്ക്കുന്നതിനും, ദശാംശം വേർതിരിക്കുന്നതിനും, സന്തോഷത്തോടെ ആവശ്യക്കാർക്ക് ഔദാര്യമായി ദാനം ചെയ്യുന്നതിനും അവർക്ക് സാധിക്കും 1 തിമോ. 6:6; അപ്പോ. 20:30–34.

17) സത്യസന്ധരായവർ ഭാഗ്യവാന്മാർ; ഏവരുടെയും വിശ്വാസം അവർക്കു ലഭിക്കും. നേരേമറിച്ച് ഒരിക്കലെങ്കിലും ഒരാളെ വ്യാജം പറയുന്നതായി കണ്ടുപിടിച്ചാൽ, അയാളുടെ വിശ്വസ്തത നഷ്ടപ്പെടും. വി. മത്താ. 5:37.

18) സമയം തക്കത്തിൽ ഉപയോഗിക്കുന്നവർ ഭാഗ്യവാന്മാർ; ലോകത്തിന് പരമാവധി നന്മ ചെയ്യുന്നതിനും, വിജയം നേടുന്നതിനും, പരമാവധി വളരുന്നതിനും അവർക്ക് സാധിക്കും. വി. യോഹ. 9:4.

സ്വർഗ്ഗസ്ഥ പിതാവ് സൽഗുണ സമ്പൂർണ്ണനായിരിക്കുന്നതുപോലെ സൽഗുണസമ്പൂർണ്ണരായി തീരുന്നവരത്രെ യഥാർത്ഥ ഭാഗ്യവാന്മാർ. വി. മത്താ. 5:48.


ബൈബിൾ കടങ്കഥകൾ

പി.വി. വർഗ്ഗീസ്, കരയാംപറമ്പ്

വഴിയിൽവച്ചൊരു പാവം കഴുതയെ യജമാനൻ തല്ലി!
കഴിവില്ലുരിയാടീടാൻ പാവം തല്ലു സഹിച്ചല്ലോ
താഡനമങ്ങുമുറയ്ക്കു നടന്നു; ഗർദ്ദഭവും നിന്നു
ഒടുവിലിതാതന്നെജമാനനുമായ് ഉരിയാടീകഴുത!!
ആരുടെകഴുതയിതെന്നറിവാനായ് നോക്കുക 'സംഖ്യ'യിലെ
ഇരുപത്തിരണ്ടിരുപത്തെട്ടിലുത്തരമുണ്ടല്ലോ.

കലഹത്തിന്നൊരു കാരണമായ കടങ്കഥ ചൊന്നൊരുവൻ
പലവിധമാളുകൾ പീഡനമേറ്റൊരു കഥയായതുമാറി!
ഉത്തരമറിയാതാളുകളൊടുവിൽ ചതിവായ് നാരിയിൽ നി-
ന്നുത്തരമെല്ലാം കേട്ടു ഗ്രഹിച്ചു പറഞ്ഞു ജയിച്ചല്ലോ
ഇക്കഥ ചൊന്നവനാരാണീയീ കടങ്കഥയേതാണ്?
നോക്കുക, ന്യായാ പതിനാലിന്റെ പതിന്നാലിൽ കാണാം.

(തുടരും.)



പ. അബ്ദൽ മശിഹ
പാത്രിയർക്കീസ് ബാവായുടെ
87–ാം ഓർമ്മ ആഗസ്റ്റ് 15

അരിമ്പാറ ക്രിസ്ത്യാനികൾ

ഫാ. വർഗീസ് കളീയ്ക്കൽ

> **അൽഭുതം പ്രവർത്തിച്ചാൽ മാത്രം പോരാ ഇത്ര ദിവസത്തിനുള്ളിൽ വേണംതാനും! കാര്യസാധ്യത്തിനായി (വിഷയം വച്ചുള്ള പ്രാർത്ഥന) ഫറവോന്റെ ആത്മാവിൽ കൂടിയുള്ള പ്രാർത്ഥനയാണ്. കാര്യസാധ്യത്തിനുവേണ്ടിയും നശിച്ചുപോകുന്ന ആഹാരത്തിനുവേണ്ടിയുമല്ല നിത്യജീവന് ഉതകുന്ന ആഹാരത്തിനുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത് എന്ന് കർത്താവ് പഠിപ്പിക്കുന്നു**

കഴിഞ്ഞ ദിവസം ഒരു ക്രിസ്തീയ മാസിക വായിക്കുവാൻ ഇടയായി. അതിൽ വന്ന ഒരു "സാക്ഷ്യ"മാണ് ഇതെഴുതുവാൻ പ്രേരിപ്പിച്ചത്. കുറെക്കാലമായി എനിക്ക് അരിമ്പാറയുണ്ടായിരുന്നു. സാറു പ്രാർത്ഥിച്ചപ്പോൾ എന്റെ അരിമ്പാറ മാറി. സാറിനു നന്ദി. ചുണങ്ങു മാറ്റുക, അരിമ്പാറ മാറ്റുക, പ്രമോഷൻ കൊടുക്കുക, വയറുനോവു കുറയ്ക്കുക, കോഴിക്കുഞ്ഞുങ്ങളെ നോക്കുക എന്നീ ജോലികളാണോ ദൈവത്തിനുള്ളത്? അഥവാ നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം, ഇതുപോലെയുള്ള സ്വാർത്ഥ താത്പര്യങ്ങളാണോ? ദൈവവിശ്വാസം എത്രമാത്രം വികലമാക്കപ്പെട്ടിരിക്കുന്നു, വിശ്വാസത്തിന് വേണ്ടതായ രണ്ടു പ്രധാന ഘടകങ്ങൾ തിരസ്കൃതമായിരിക്കുന്നു. ദൈവത്തിലുള്ള പരിപൂർണ്ണ ആശ്രയവും ദൈവശാസ്ത്ര സത്യങ്ങളിലുള്ള അഗാധവും വ്യക്തിപരവുമായ സമ്മതവും. ആത്മീയതയ്ക്കു കളങ്കം വരുത്തുന്ന ചില ഘടകങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

1. താങ്ങുന്ന 'ആൽ'കൾ

ഇന്ന് പലരുടെയും ഭക്തിയുടെ അടിസ്ഥാനം കുറെ 'ആൽ'കളും എങ്കിൽകളുമാണ്. രോഗം ഭേദമായാൽ മെഴുകുതിരി കത്തിച്ചേക്കാം. പയ്യൻ പേർഷ്യയിൽ പോയാൽ മുത്തുക്കുട കൊടുത്തേക്കാം. പെൺകുട്ടിക്ക് നല്ല കല്ല്യാണാലോചന വന്നാൽ കുർബാന ചൊല്ലിച്ചേക്കാം. 16 കോഴിക്കുഞ്ഞിൽ ഒന്നിനേയും പുള്ളും ചേരയും പിടിക്കാതിരിക്കാമെങ്കിൽ ഒന്നിനെ ഗീവറുഗീസ് സഹദായ്ക്ക് ഫ്രീ. ഗീവറുഗീസ് സഹദാ ശൂലവുമായി ഈ കോഴിക്കുഞ്ഞുങ്ങളെ നോക്കണമെന്നുമാത്രം. ബർശേബയിൽ നിന്ന് ഹാരാനിലേക്കുള്ള യാത്രാമദ്ധ്യേ യാക്കോബ് ഒരു നേർച്ച നേർന്നു. കുറെ വ്യവസ്ഥകൾക്ക് വിധേയമായി ദൈവത്തെ അംഗീകരിക്കുന്നു (ഉൽപ. 28:20–22). വ്യവസ്ഥകൾ ചുവടെ.

1. ദൈവം എന്നോടുകൂടെ ഇരിക്കണം

2. പോകുന്ന യാത്രയിൽ എന്നെ സംരക്ഷിക്കണം.

3. ഭക്ഷിപ്പാൻ നല്ല ആഹാരം തരണം

4. ധരിപ്പാൻ വസ്ത്രം തരണം.

5. സൗഖ്യത്തോടെ മടക്കിവരുത്തണം.

ഈയർത്ഥത്തിൽ നാമൊക്കെ ഒന്നാന്തരം യാക്കോബായക്കാർ തന്നെ. സൂത്രക്കാരനായിരുന്നപ്പോൾ യാക്കോബ് വ്യവസ്ഥവച്ച് ദൈവത്തെ അംഗീകരിച്ചു. എന്നാൽ യാക്കോബ് പുതുമനുഷ്യനായിത്തീർന്ന യിസ്രായേലായപ്പോൾ ദൈവകരങ്ങളിൽ പൂർണ്ണമായി സമർപ്പിച്ച് ദൈവതൃപ്പാദങ്ങളിൽ വിതുമ്പുന്ന ചുണ്ടുകളും. വിങ്ങുന്ന ഹൃദയവും, കരഞ്ഞു കലങ്ങുന്ന കണ്ണുകളുമായി കൃപയ്ക്കുവേണ്ടി കെഞ്ചുന്ന ചിത്രമാണ് ദർശിക്കുന്നത്. സൂത്രപ്പണിയിൽ കാര്യങ്ങൾ സാധിക്കുന്നതല്ല. ദൈവ സന്നിധിയിൽ കൃപയ്ക്കായി കേഴുന്നതാണ് ആത്മീയതയുടെ അടിസ്ഥാനം.

2. തവളയെ മാറ്റാനുള്ള ഭക്തി

ദേശം മുഴുവൻ തവളയെക്കൊണ്ടു നിറഞ്ഞപ്പോൾ പൊറുതി മുട്ടിയ ഫറവോൻ മോശയേയും അഹറോനേയും വരുത്തി തനിക്കു വേണ്ടിയും ദേശത്തിനുവേണ്ടിയും പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടു. (പുറ. 8:8) അയാളുടെ ഭക്തിയുടെ അടിസ്ഥാനം വിശ്വാസമല്ല. തവളമാറണമെന്ന ആഗ്രഹം മാത്രമാണ്. ചില പ്രാർത്ഥനകൾ കേട്ടാൽ ദൈവം അവരുടെ ആജ്ഞാനുവർത്തിയാണോയെന്നു തോന്നിപ്പോകും. നീ ഏഴു ദിവസത്തിനകം അൽഭുതം പ്രവർത്തിച്ചേമതിയാകു കർത്താവേ. അൽഭുതം പ്രവർത്തിച്ചാൽ മാത്രം പോരാ ഇത്ര ദിവസത്തിനുള്ളിൽ വേണംതാനും! കാര്യസാധ്യത്തിനായി (വിഷയം വച്ചുള്ള പ്രാർത്ഥന) ഫറവോന്റെ ആത്മാവിൽ കൂടിയുള്ള പ്രാർത്ഥനയാണ്. കാര്യസാധ്യത്തിനുവേണ്ടിയും നശിച്ചുപോകുന്ന ആഹാരത്തിനുവേണ്ടിയുമല്ല നിത്യജീവന് ഉതകുന്ന ആഹാരത്തിനുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത് എന്ന് കർത്താവ് പഠിപ്പിക്കുന്നു. ദൈവസന്നിധിയിൽ സങ്കടയാചന ചെയ്യുക, പൂർണ്ണ സമർപ്പണം ചെയ്ക, എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടം നടത്തണമേ എന്നുമാത്രം പ്രാർത്ഥിക്കുക. മാറേണ്ട തവളയാണെങ്കിൽ മാറിക്കൊള്ളും. ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം അന്വേഷിക്കുന്നു എന്ന് കർത്താവ് അരുൾ ചെയ്യുന്നു.

3. ഫ്രീയായി കിട്ടുന്ന ചമ്മന്തി

ഒരു ചെറുപ്പക്കാരൻ കാപ്പിക്കടയിൽ ചെന്നു. പലഹാരങ്ങളുടെയൊക്കെ വില ചോദിച്ചു. പരിപ്പുവട, ഉഴുന്നുവട, ഉള്ളിവട, ദോശ എല്ലാത്തിനും വിലയുണ്ട്. ഈ ചമ്മന്തിക്കെന്താ വില? ചമ്മന്തിക്കു വിലയില്ല കടയുടമസ്ഥൻ പറഞ്ഞു.

ബൈബിൾ പഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി–682 308

ചോദ്യം

2 കൊരിന്ത്യർ 9, 10

1) എന്തിനെക്കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ ആവശ്യമില്ലല്ലോ എന്നാണ് ശ്ലീഹ പറയുന്നത്?
2) മറ്റുള്ളവരുടെ നന്മയെ പ്രശംസിക്കുന്ന പൗലോസ് ആരെക്കുറിച്ച് ആരോടാണ് പ്രശംസിക്കുന്നത്?
3) പിരിവ് വാഗ്ദാനം ചെയ്താൽ പിന്നെ എങ്ങനെ വർത്തിക്കണമെന്നാണ് (1:5) ൽ പറയുന്നത്.
4) വിതയും, കൊയ്ത്തും; ലോഭവും, ധാരാളവും കൂട്ടിയിണക്കി അർത്ഥവത്തായ പ്രസ്താവന എഴുതുക?
5) ദൈവം സ്നേഹിക്കുന്ന ദാനം ഏത്?
6) ധർമ്മശേഖരം വിശുദ്ധന്മാരുടെ ബുദ്ധിമുട്ട് തീർക്കുന്നതുകൂടാതെ മറ്റെന്തു കൂടിയാണെന്ന് പറയുക?
7) യേശുക്രിസ്തുവിന്റെ ഏതെല്ലാം ഭാവങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുവാൻ ഓർപ്പിക്കുന്നു?
8) കർത്താവ് ശ്ലീഹായ്ക്കും മറ്റും അധികാരം നല്കിയിരിക്കുന്നത് എന്തിനാണ്?
9) കൊരിന്ത്യരുടെ ഇടയിൽ മാത്രമല്ല, മറ്റു സ്ഥലങ്ങളിലും സുവിശേഷം പ്രസംഗിപ്പാൻ ആഗ്രഹിക്കുന്നു എന്നതിന് തെളിവ് വാക്യം ഏത്?
10) കൊള്ളാകുന്നവൻ ആരാണ്?

ഉത്തരം

2 കൊരിന്ത്യർ 7,8

1) തീത്തോസിന്റെ (7:6)
2) 7:8 .... ഞാൻ ലേഖനത്തിൽ നിങ്ങളെ ദുഃഖിപ്പിച്ചു.
3) a. ദൈവത്തോടുള്ള സ്നേഹത്തിൽ നിന്നുയരുന്ന ദുഃഖം–യഥാർത്ഥ പശ്ചാത്താപം (contrition)

   b. ലോകപ്രകാരമുള്ള ദുഃഖം Attrition. ചെയ്ത തെറ്റിനെക്കുറിച്ചുള്ള ദുഃഖം.
4. അവനെ ഭയത്തോടും വിറയലോടും കൈക്കൊണ്ടതിൽ അവർ കാണിച്ച അനുസരണം ഓർക്കുമ്പോൾ (7:15)
5. (8:7) "എന്നാൽ വിശ്വാസം, വചനം, പരിജ്ഞാനം, പൂർണ്ണ ജാഗ്രത, കർത്തൃദാസന്മാരോടുള്ള സ്നേഹം ഇങ്ങനെ എല്ലാറ്റിലും നിങ്ങൾ മുന്തിയിരിക്കുന്നതുപോലെ ഈ ധർമ്മ കാര്യത്തിലും മുന്തി വരുവിൻ."
6. പ്രാപ്തിയുള്ളതുപോലെ കൊടുത്താൽ അവന് ദൈവ പ്രസാദം കിട്ടും. (8:12)
7. 'മന്ന' പെറുക്കിയകാര്യം (പുറപ്പാട് 16:18).
8. ദാനം വഴി സമത്വം (8:14)
9. ഒന്നിലധികം ശുശ്രൂഷകരെ ഇക്കാര്യം ഭരമേല്പിച്ചു (8:22)
10. ധർമ്മ ശേഖരണക്കാർക്ക് ഹൃദ്യമായ സ്വീകരണവും. അവരുടെ ഉദ്യമത്തിൽ ആത്മാർത്ഥമായ സഹകരണവും നല്കി. (8:24).

എന്നാൽ കുറെ ചമ്മന്തി തന്നേര് എന്നായി ചെറുപ്പക്കാരൻ. ആത്മീയതലത്തിലും ഫ്രീയായി കിട്ടുന്ന ചമ്മന്തിക്കുവേണ്ടിയുള്ള ഓട്ടമാണ് ഇന്ന്. ഇവിടെ വന്നേക്കുക–ഇവിടെ ആന്തരീക സൗഖ്യം, ഇവിടെ അൽഭുത രോഗശാന്തി. കേട്ടപാതി, കേൾക്കാത്ത പാതി, ഓട്ടമായി.

ആദ്യം ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുക അതോടുകൂടെ നിനക്കാവശ്യമുള്ളവ ദൈവം തരും. ദോശ വാങ്ങുന്ന ആളിനു ചമ്മന്തി വിലയില്ലാതെ ലഭിക്കുന്നതുപോലെ ദൈവസന്നിധിയിൽ പൂർണ്ണമായി സമർപ്പിക്കുകയും, ദൈവരാജ്യവും നീതിയും അന്വഷിക്കുകയും ചെയ്യുന്നവർക്ക് ആവശ്യമുള്ളത് ദൈവം കൊടുക്കും. ഉത്സവപറമ്പിൽ കാണുന്ന എല്ലാ സാധനങ്ങളും പിഞ്ചുകുഞ്ഞ് ആഗ്രഹിക്കും. എന്നാൽ സ്നേഹമുള്ള മാതാപിതാക്കൾ ആവശ്യമുള്ളതു മാത്രം കുട്ടിക്ക് വാങ്ങിക്കൊടുക്കും. നാം നമ്മെ കരുതുന്നതിനേക്കാൾ കർത്താവ് നമ്മെ കരുതുന്നു എന്നു വിശ്വസിക്കുക. അപ്പോൾ "എന്നെ അൻപോടു ദിനം തോറും നടത്തുന്ന പൊന്നിടയനന്തം വന്ദനമേ" എന്ന് ആത്മാർത്ഥമായി പാടുവാൻ നമുക്കു സാധിക്കും.

15–ാം ഓർമ്മ



ഫാ. വി. സി. ഏബ്രഹാം (കാട്ടൂരച്ചൻ)

(ആഗസ്റ്റ് 22–ന് വയലത്തല സ്ലീബാപള്ളിയിൽ വി. കുർബ്ബാനയും ധൂപപ്രാർത്ഥനയും നടത്തുന്നു.)

റിവൈവൽ ഭക്തിയുടെ ചില യാഥാർത്ഥ്യങ്ങൾ

ഫാ. ഡോ. ജേക്കബ് കുര്യൻ

കമ്പോള സംസ്ക്കാരത്തിന്റെ മുഖമുദ്രയാണ് പരസ്യം. പരസ്യത്തിന്റെ മാസ്മരികതയിൽ പലപ്പോഴും വ്യാജന്മാരും, അനുകരണങ്ങളും വിപണി കൈയ്യടക്കുന്നു. ഇതുതന്നെയാണ് ക്രൈസ്തവ ഭക്തിമേഖലയിലും കാണുന്നത്. ഭക്തിയുടെ ചില വികലരൂപങ്ങൾ സാധാരണക്കാരെ വളരെവേഗം ആകർഷിക്കുന്നു. അവ വ്യാജമോ, അനുകരണമോ മാത്രമാണെന്ന് തിരിച്ചറിയാൻ വൈകുന്നു. തിരിച്ചറിഞ്ഞാൽത്തന്നെ സ്വയാഭിമാനത്തിന്റെ പേരിൽ തിരുത്താൻ ശ്രമിക്കാത്ത സ്ഥിതിവിശേഷം ആയിത്തീരുന്നു ഇന്ന് ക്രൈസ്തവ സഭകളിൽ സ്വീകാര്യത നേടിക്കൊണ്ടിരിക്കുന്ന റിവൈവൽ ഭക്തിയെ ഒന്നു പരിചയപ്പെടാം.

റിവൈവൽ ഭക്തി

'റിവൈവൽ' എന്ന ഇംഗ്ലീഷ് പദത്തിന് 'പുതുക്കം' എന്നാണർത്ഥം. സഭ ഏതാണെങ്കിലും പുതുക്കമുണ്ടായാൽ മതി എന്നാണ് ഈ ഭക്തിയുടെ പ്രധാന പഠിപ്പിക്കൽ. 'പുതുക്കം' എന്നതിനെക്കുറിച്ച് ഈ ഭക്തിയുടെ വക്താക്കൾക്ക് പ്രത്യേക കാഴ്ചപ്പാടുണ്ട്. സഭാജീവിതം പൊതുവിൽ പുതുക്കത്തിന്റെ ജീവിതമാണെന്നും നമസ്ക്കാരങ്ങൾ ചൊല്ലുന്നതും, നോമ്പനുഷ്ഠിക്കുന്നതും, പരമ്പരാഗത ഭക്തിജീവിതശൈലിയിൽ സാധാരണ ഇല്ലാത്ത ചിലഘടകങ്ങളെക്കൂടെ ഉൾക്കൊണ്ടാലേ പുതുക്കമുണ്ടായി എന്നവർ സമ്മതിക്കൂ. ഏതൊക്കെയാണ് ഈ ഘടകങ്ങൾ?

(i) വ്യക്തിപരമായി ഒരു മാനസാന്തരാനുഭവം പ്രത്യേകിച്ചുണ്ടാകണം.

(ii) മാനസാന്തരാനുഭവങ്ങൾ 'സാക്ഷ്യ'മായി പറയണം.

(iii) പാട്ടുപാടുന്നതും, പ്രാർത്ഥിക്കുന്നതും ഒരു വൈകാരിക അനുഭൂതി നൽകിക്കൊണ്ടായിരിക്കണം.

(iv) പ്രാർത്ഥന മുഖ്യമായും തനതു പ്രാർത്ഥനയായിരിക്കണം.

ഈ ഘടകങ്ങളെ ഉൾക്കൊള്ളുവാൻ ഏതു സഭാ വിഭാഗത്തിൽപ്പെട്ടവരായാലും തരക്കേടില്ല എന്ന 'റിവൈവൽ' നിലപാട് അനേകരെ ആകർഷിക്കുന്നു. അങ്ങനെ ആകൃഷ്ടരാകുന്നവരെ സാവധാനം ഒരു പ്രത്യേകം മാനസികാവസ്ഥയിലേക്ക് മാറ്റിയെടുക്കുവാൻ റിവൈവൽ നേതൃത്വത്തിനു കഴിയുന്നു. എന്താണ് ഈ മാനസികാവസ്ഥ?

തങ്ങൾക്ക് അംഗത്വമുള്ള പള്ളികളിലെ പരമ്പരാഗത ആരാധനാ രീതിയോടും കാര്യങ്ങളുടെ നടത്തിപ്പിനോടും വലിയ എതിർപ്പില്ലായെങ്കിലും ഒട്ടും മതിപ്പില്ലാത്ത ഒരു അവസ്ഥ; ആരാധനയ്ക്ക് പള്ളിയിൽ പോയാലും റിവൈവൽ കൂട്ടായ്മയ്ക്ക് മുൻതൂക്കം കൊടുക്കുന്ന അവസ്ഥ; വൈദിക നേതൃത്വത്തോട് വെറുപ്പില്ല എങ്കിലും റിവൈവൽ നേതാക്കളാണ് ദൈവികരെന്ന അവസ്ഥ; പള്ളിയിലും ബന്ധുവൃന്ദങ്ങളിലും നിലനിൽക്കുന്ന സൗഹൃദാന്തരീക്ഷത്തെ തള്ളിക്കളയുന്നില്ല എങ്കിലും റിവൈവൽ കൂട്ടായ്മയ്ക്കുള്ളിലെ സ്നേഹ സൗഹൃദത്തിന് രഹസ്യാത്മകവും പ്രത്യേകവുമായ മൂല്യം കല്പിക്കുന്ന അവസ്ഥ. ചുരുക്കത്തിൽ സഭയ്ക്കുള്ളിലെ സഭയായും, പള്ളിക്കുള്ളിലെ പള്ളിയായും ഇവർ മാറുന്നു.

'പുതുക്കം' എന്നതിന്റെ മാതൃകയും അടിസ്ഥാന വേദശാസ്ത്രവും പെന്തക്കോസ്ത്, സെക്ടേറിയൻ വിഭാഗങ്ങളിൽ നിന്ന് റിവൈവൽ പ്രസ്ഥാനങ്ങൾ സ്വീകരിച്ചിരിക്കുന്നുവെന്നതാണ് സത്യം. പുതുക്കത്തിന്റെ 'മാതൃക' യായിട്ട് വൈകാരിക അനുഭൂതി നൽകുവാനുതകുന്ന തരത്തിലുള്ള തനതു പ്രാർത്ഥനയും, ഇളക്കം വരുത്തുന്ന പാട്ടും കൈയ്യടിയും ഇടയ്ക്കു സ്തോത്ര ഹല്ലേലുയ്യാകളും സാക്ഷ്യം പറയലുമാണ് ഇവരുടെ മനസിലുള്ളത്.

തങ്ങളോട് ചേരുവാൻ മടിക്കുന്നവരെ കൂടുതൽ അകറ്റുന്നതോ അവരിൽ നിന്ന് സ്വയം അകലുന്നതോ ആയ ആത്മീയതാശൈലി സാവധാനം വ്യക്തമാകുന്നു. മറ്റുള്ളവരെ അവരുടെ ജീവിതരീതിയിലും ആത്മീയാനുഷ്ഠാനങ്ങളിലും വിലയിരുത്തി കുറവുള്ളവരായി കാണിക്കുവാൻ വ്യഗ്രത ഏറുന്നു. സ്വന്തം ജീവിതവിശുദ്ധിയെക്കുറിച്ചും പ്രാർത്ഥനാനുഭവത്തെക്കുറിച്ചും ഒരു ആത്മപ്രശംസ കൂടി ആകുന്നതോടെ 'റിവൈവൽ' ഭക്തി അതിന്റെ വിശ്വരൂപം പ്രാപിക്കുന്നു. കൂടുതൽ ശ്രദ്ധിക്കപ്പെടുകയും കൂടുതൽ അനുയായികളെ ലഭിക്കുകയും ചെയ്യുന്നതോടെ, അതുവരേയും അടക്കിപ്പിടിച്ചിരുന്ന ചില പ്രത്യേകതകൾ പ്രകടിപ്പിക്കുവാൻ ധൈര്യം വരുന്നു. ഉദാഹരണത്തിന്, ഓർത്തഡോക്സ് സഭാംഗമാണെങ്കിൽ കുമ്പസാരത്തിനു വരുന്നത് അനുതപിച്ച് ഏറ്റുപറയാനല്ല, സാക്ഷ്യം പറയാനാണ്. ദുഃഖവെള്ളിയാഴ്ച സ്ലീബാ വന്ദനവിൽ നിന്ന് മാറിനിൽക്കുന്നു, വിശുദ്ധ കുർബ്ബാന കഴിഞ്ഞ് കുരിശുമുത്തുവാൻ വരാതെയാകുന്നു, പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും നാമത്തിലുള്ള മധ്യസ്ഥപ്രാർത്ഥനകളിൽ നിന്നും ഭക്ത്യാദരവുകളിൽ നിന്നും മാറിനിൽക്കുകയും അവയെ ചോദ്യം ചെയ്യുകയും ചെയ്യുന്നു, വാങ്ങിപ്പോയവർക്കുവേണ്ടി അനുഷ്ഠിക്കുന്ന കർമ്മങ്ങളെ അർത്ഥശൂന്യവും വേദവിരുദ്ധ

വുമായി ചിത്രീകരിക്കുന്നു. ഇങ്ങനെ പലതും.

ഇത്രയുമൊക്കെയാകുമ്പോൾ ഭൂരി പക്ഷ സമൂഹത്തിൽ നിന്നും തങ്ങളോടുണ്ടാകുന്ന പ്രതികരണങ്ങളെ യേശു തമ്പുരാനും ശിഷ്യന്മാർക്കും ആദിമ സഭയ്ക്കും ഉണ്ടായ അനുഭവങ്ങളോട് സാമ്യപ്പെടുത്തുകയും, സ്വയം രക്ത സാക്ഷി പരിവേഷം കെട്ടുകയും ചെയ്യും. "പ്രാർത്ഥിക്കാതിരുന്നപ്പോൾ ആർക്കും വിഷമമില്ലായിരുന്നു. പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ കണ്ണുകടിയാണ്; മദ്യപാനത്തിലും ദുർവൃത്തിയിലും ആയവരെക്കുറിച്ച് അന്വേഷിക്കുവാൻ നേരമില്ല; 'കൂട്ടായ്മയ്ക്ക് കൂടുന്നതാണ് കുഴപ്പം" ഇങ്ങനെ പലതും പറയുവാനും അവർക്കുണ്ടാകും. അവസാനം, "നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി" എന്ന ഭാവത്തോടെ തങ്ങളുൾപ്പെട്ടിരിക്കുന്ന സഭയുമായുള്ള കൂട്ടായ്മയിൽനിന്ന് മാറി സ്വന്തം സഭ സ്ഥാപിക്കുവാനോ, പെന്തക്കോസ്ത്, സെക്ടേറിയൻ വിഭാഗമായിത്തീരുവാനോ ഇടയാകുന്നു.

മിക്ക "റിവൈവൽ" ഗ്രൂപ്പുകളുടെയും പ്രാരംഭലക്ഷ്യം സഭാഭ്രംശം അല്ല. തങ്ങളുൾപ്പെടുന്ന സഭകളിൽ പുതുക്കം ഉണ്ടാകണം എന്ന നല്ല ഉദ്ദേശം തന്നെയാണ് ആദ്യമൊക്കെ "റിവൈവൽ" സംഘാടകർക്കും, അനുഗാമികൾക്കും ഉള്ളത്. പക്ഷെ, സാവധാനം സാവധാനം മിക്ക റിവൈവൽ ഗ്രൂപ്പുകളും സഭാകൂട്ടായ്മയിൽ നിന്ന് അകന്നുപോകുന്നു. എന്താണിതിന് കാരണം?

'പുതുക്കം' എന്നതിന്റെ മാതൃകയും അടിസ്ഥാന വേദശാസ്ത്രവും പെന്തക്കോസ്ത്, സെക്ടേറിയൻ വിഭാഗങ്ങളിൽ നിന്ന് റിവൈവൽ പ്രസ്ഥാനങ്ങൾ സ്വീകരിച്ചിരിക്കുന്നുവെന്നതാണ് സത്യം. പുതുക്കത്തിന്റെ 'മാതൃക' യായിട്ട് വൈകാരിക അനുഭൂതി നൽകുവാനുതകുന്ന തരത്തിലുള്ള തനതു പ്രാർത്ഥനയും, ഇളക്കം വരുത്തുന്ന പാട്ടും കൈയ്യടിയും ഇടയ്ക്കു സ്തോത്ര ഹല്ലേലുയ്യാകളും സാക്ഷ്യം പറയലുമാണ് ഇവരുടെ മനസിലുള്ളത്. പുതുക്കത്തിന്റെ അടിസ്ഥാന വേദശാസ്ത്രം വിശ്വാസത്തിലുള്ള നീതീകരണവുമാണ്. ക്രിസ്തുവിന്റെ രക്തത്താൽ കഴുകി വെടിപ്പാക്കപ്പെട്ടു എന്ന വ്യക്തിപരമായ ബോധ്യത്തിൽനിന്നു മാത്രമാണ് 'പുതുക്കം' യഥാർത്ഥത്തിൽ തുടങ്ങുന്നതെന്നതിനാൽ സഭാപരമായ പരമ്പരാഗത കൗദാശിക ജീവിതത്തിൽ പുതുക്കം ആവശ്യത്തിനില്ലായെന്ന് അവർ ധരിച്ചുപോകുന്നു.

യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ രക്തത്താൽ കഴുകി വെടിപ്പാക്കപ്പെട്ടവരാണ് സഭാമക്കളെന്നും, ജീവിതവിശുദ്ധിയും, അനുതാപ മാനസാന്തരജീവിതശൈലിയും ദൈവവചന പഠനവും, നിത്യജീവനിൽ വളരുന്ന പ്രാർത്ഥനാ ജീവിതവും സഭാജീവിതത്തിന്റെ സ്വാഭാവിക ഘടകങ്ങളാണ് എന്നും മനസിലാകാതെ പോകുന്നു. സഭാജീവിതം തന്നെ പുതുക്ക ജീവിതമാണ്. സ്വച്ഛമായി ഒഴുകുന്ന ഒരു അരുവിയിൽ ഓരോ നിമിഷവും പുതിയ ജലം പ്രവഹിക്കുന്നു; അതിന്റെ ഉറവകൾ പക്ഷെ പണ്ടു തൊട്ടേ ഉള്ളവയാണ്. ഇതുപോലെയാണ് സഭാജീവിതവും. അതിന്റെ സ്വച്ഛതയും ശാന്തതയും നിർജ്ജീവാവസ്ഥയെന്നു തെറ്റിദ്ധരിക്കുന്നതാണ് അപകടം. ധ്യാനാത്മകമായ ആരാധനയുടെയും, ഉപവാസത്തിന്റെയും, സ്വയം ത്യാഗത്തിന്റെയും, വിശുദ്ധ ജീവിതത്തിന്റെയും, വിശുദ്ധന്മാരുടെ കൂട്ടായ്മയുടെയും തെളിനീർ കുടിക്കുന്നവർക്ക് ദാഹശമനം ഉണ്ടാകാതെ പോകില്ല.

ചുരുക്കത്തിൽ 'റിവൈവൽ' ഭക്തിയുടെ അപകടങ്ങളും, അവ നമുക്കു നൽകുന്ന സന്ദേശങ്ങളും താഴെപ്പറയുന്നവയാണെന്നു തോന്നുന്നു.

(a) 'റിവൈവൽ' ഭക്തിയുടെ അപകടങ്ങൾ

(i) 'റിവൈവൽ' അഥവാ പുതുക്കം സഭയ്ക്കുള്ളിലല്ല, അതു പുറത്തുനിന്നും വരണം എന്ന ധാരണ വളർത്തുന്നു.

(ii) "ബാല്യം മുതൽ പഠിച്ചും, നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്കു" (2 തിമോത്തി 3:15)ന്നതിനേക്കാൾ വ്യക്തിപരമായ മാനസാന്തര സാക്ഷ്യത്തിന് ഊന്നൽ നൽകുന്നു.

(iii) "റിവൈവൽ" ഭക്തിയിലും പ്രബോധനത്തിലും തെളിയുന്ന ആദ്ധ്യാത്മികതയും വേദശാസ്ത്രവും പാശ്ചാത്യമാണ്.

(iv) "റിവൈവൽ" ഭക്തിയുടെ പ്രാർത്ഥനാ ശൈലിയിൽ പലതും പെന്തക്കോസ്ത്, സെക്ടേറിയൻ അനുകരണമാണ്.

(v) സമാന്തര പുരോഹിത ശ്രേണിയെന്നു വിശേഷിപ്പിക്കാവുന്ന റിവൈവൽ നേതൃനിര; സമാന്തര കൂദാശകൾ എന്നു വിശേഷിപ്പിക്കാവുന്ന റിവൈവൽ ശുശ്രൂഷകൾ മുഖേന (ഉദാ: വിടുതൽ, അഭിഷേകം, കൈവയ്പ്പ്) സഭകൾക്കുളിൽത്തന്നെ സഭകളെ സൃഷ്ടിക്കുന്നു.

(b) 'റിവൈവൽ' ഭക്തി നൽകുന്ന സന്ദേശം.

(i) ജീവിത വിശുദ്ധിയും അനുതാപ-മാനസാന്തര ജീവിത ശൈലിയും, ദൈവവചന പഠനവും, നിത്യജീവനിൽ വളരുന്ന പ്രാർത്ഥനാ ജീവിതവും സഭാജീവിതത്തിലെ സ്വാഭാവിക ഘടകങ്ങളാണെന്നു പഠിപ്പിക്കണം.

(ii) വ്യക്തിപരമായ ശ്രദ്ധയ്ക്കും അന്വേഷണത്തിനും അജപാലന രംഗത്ത് ഊന്നൽ നൽകുകയും ജനങ്ങളുടെ ആന്തരിക ദാഹത്തിന് പകർന്നു കൊടുക്കുവാനുതകുന്ന ആത്മീയ തെളിനീർ ചാലുകളായി ഇടയശുശ്രൂഷകൾ മാറുകയും വേണം.

(iii) പ്രാർത്ഥനാ യോഗങ്ങളിലും മറ്റും സ്ത്രീകൾക്കും, പുരുഷന്മാർക്കും, കുട്ടികൾക്കും കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തണം.

(iv) ത്രിത്വസ്തുതിയിൽ ആരംഭിച്ച് നിത്യജീവന്റെ താത്പര്യത്തെ വളർത്തുന്ന യാചനകളും ദൈവവചന ഉൾക്കാഴ്ചകളും ചേർത്ത് ത്രിത്വസ്തുതിയിൽ അവസാനിക്കുന്ന തനതു പ്രാർത്ഥനകൾ പ്രാർത്ഥനായോഗങ്ങളിലും മറ്റും ചൊല്ലുവാൻ സഭാംഗങ്ങൾക്കവസരം നൽകണം.

ചെറുകഥ

"ഹലോ, പരേതാത്മാവേ, അതു ബുക്കിങ്ങാ"

പ്രിൻസ് കുമ്പുക്കാട്, കുമ്പഴ

ആയിരത്തി ഒരുന്നൂറ്റി എഴുപത്താറ് ചിങ്ങം അഞ്ച് ഞായറാഴ്ച. കർക്കടകത്തിന്റെ മ്ലാനത മാറി ആകാശം ഒന്ന് തെളിഞ്ഞു വരികയാണ്. ഇന്നലെ തകർത്തടിച്ച കാറ്റിന്റെ ഉശിര് അറിയിക്കാനെന്നോണം വൃക്ഷശിഖരങ്ങൾ ഒടിഞ്ഞുതൂങ്ങിക്കിടക്കുന്നു പള്ളിമുറ്റമാകെ കരിലകൾ കൊണ്ട് മൂടപ്പെട്ടു കിടക്കുകയാണ് ഇത്രയൊക്കെ എഴുതിയിട്ടും ഞാനാരാണെന്ന് പറഞ്ഞില്ലല്ലോ, ഞാൻ പൗലോസ്. ഇടവകക്കാരും നാട്ടുകാരും പൗലോസച്ചായൻ എന്നും കൂട്ടുകാർ പൗലോച്ചൻ എന്നും വിളിക്കും.

ഇന്നു ഞാൻ ഭൂമിയിൽ ജീവനോടെ ഇല്ല ഞാൻ ഇഹലോകവാസം വെടിഞ്ഞിട്ട് കുറെ വർഷങ്ങളായി. കല്ലറയ്ക്കുള്ളിലെ ദ്രവിച്ച അസ്ഥികൂടങ്ങൾക്കിടയിൽ ഇരുന്നു മടുത്തിട്ടാണ് ഞാൻ എന്റെ ഭാര്യയുടെ അടുക്കലേക്ക് യാത്ര തിരിച്ചത്. അമ്മയോടുള്ള അമിത സ്നേഹം മൂലം മക്കളെല്ലാവരും കൂടി അവളെ വൃദ്ധസദനത്തിന്റെ ശ്വാസം മുട്ടിക്കുന്ന ചുവരുകൾക്കുള്ളിൽ അടച്ചിരിക്കുകയാണ്.

ഞാൻ ചെല്ലുമ്പോൾ അവൾ മുറിക്കുള്ളിലെ കയറു വരിഞ്ഞ കട്ടിലിൽ ഇരിക്കുകയായിരുന്നു. അവളാകെപ്പാടെ മാറിയിരിക്കുന്നു അവളുടെ കണ്ണുകൾ അകത്തേക്ക് കുഴിഞ്ഞ് താണിരുന്നു, ആകെ മെലിഞ്ഞിരിക്കുന്നു. അവളുടെ ഭാരം താങ്ങാനാവാതെയാവാം അവളിരുന്ന കട്ടിൽ ഞരങ്ങിക്കൊണ്ടിരുന്നു. ഒരു ചില്ലില്ലാത്ത വലിയ കണ്ണടയിലൂടെ നോക്കി അവൾ കുനിഞ്ഞിരിക്കുകയാണ്. മുഖത്തിന്റെ ചുളിവുകളെയെല്ലാം കണ്ണുനീർ നനയ്ക്കുന്നത് ഞാൻ കണ്ടു. എന്റെ സാന്നിദ്ധ്യം അവളറിഞ്ഞിട്ടുണ്ടാവില്ല.

കുറെ വർഷങ്ങൾ ഞാനവളുടെ കഷ്ടപ്പാടുകളിൽ സഹതപിച്ച് അവിടെ പാർത്തു. "സ്നേഹസദന"ത്തിലെ അധികാരികളുടെ പെരുമാറ്റം കണ്ടിട്ട് "ക്രൂരസദനം" എന്നാണ് പേരിടേണ്ടത് എന്നുതോന്നി.



ഞാൻ തിരികെ എത്തിയ ഞായറാഴ്ച, വി. കുർബ്ബാന കണ്ടിട്ടുമതി കല്ലറയി ലേക്കു പോവാനെന്നു കരുതി പള്ളിക്കുള്ളിലേക്ക് കടന്നു, വാങ്ങിപോയവർക്ക് നിൽക്കാൻ വേണ്ടി അനുവദിച്ചിട്ടുള്ള നടുഭാഗത്ത് ഞാൻ നിന്നു. വി. കുർബ്ബാനയിൽ സംബന്ധിക്കാൻ വേണ്ടി വിശ്വാസികൾ പൊഴിഞ്ഞ് വന്നുകൊണ്ടിരുന്നു, ഏതാണ്ട് ഒൻപത് മണിയോടെ പള്ളിയിൽ കുറേപ്പേരെങ്കിലും വന്നിരുന്നു.

പുള്ളേരെ നിലയ്ക്കു നിർത്താൻ വികാരിയച്ചൻ ഏൽപിച്ചിരിക്കുന്നത് കുഞ്ഞുട്ടിയെയാണെന്ന് തോന്നുന്നു. അവൻ പുള്ളേരെ ഓരോ ലൈനിലും പിടിച്ചു നിർത്തുന്നുണ്ട്. ഏറെ താമസിയാതെ കുഞ്ഞൂട്ടിയുടെ തിളങ്ങുന്ന കഷണ്ടിയിൽ അനുസരണമുള്ള പുള്ളേർ ഞോണ്ടാൻ തുടങ്ങി, ഞോണ്ടൽ മൂർദ്ധന്യാവസ്ഥയിൽ എത്തുന്നതിനുമുമ്പേ അവൻ പിന്നിലേക്ക് വലിഞ്ഞു. ഈ കുഞ്ഞൂട്ടിയെ ഞാൻ സൺഡേസ്ക്കൂളിൽ പഠിപ്പിച്ചിട്ടുണ്ട് അന്ന് എന്റെ തലയിൽ ഞോണ്ടാൻ നിൽക്കുന്നവരുടെ നേതാവായിരുന്നു അവൻ. കാലത്തിന്റെ വിരോധാഭാസം നോക്കണേ, ഞാനുറിച്ചിരിച്ചു.

പരേതാത്മാക്കൾക്ക് നിൽക്കാൻ വേണ്ടി ആകെപ്പാടെ കുറച്ചു സ്ഥലമെ അനുവദിച്ചിട്ടുള്ളൂ. ഞങ്ങൾ പരേതാത്മാക്കളെല്ലാം കൂടി നൽക്കുന്നത് വളരെ ഞെങ്ങി ഞെരുങ്ങിയാണ്, ഞങ്ങൾക്ക് ടിവിയും സീരിയലും ഒന്നും കാണാനാവാത്തതു കൊണ്ട് എല്ലാവരും എല്ലാ ആഴ്ചയും വരും അതാണ് ഇത്രയും തിരക്ക് അഥവാ എങ്ങനെയും നിൽക്കാമെന്നു വച്ചാലൊ, കൊച്ചു പുള്ളാരുടെ ഓടിനടന്നുള്ള വണ്ടികളി ഞങ്ങടെ ഭാഗത്തൂടല്ലേ, അവറ്റകളുടെ ഇടി ഓർക്കാൻ കൂടി വയ്യ. ഇത് ഒരു പരാതി പറഞ്ഞുന്നേ ഉള്ളൂ.

ഇപ്പോൾ വി. കുർബ്ബാനയിൽ സർവ്വശക്തിയുള്ള പിതാവായി എന്ന വിശ്വാസപ്രമാണം ചൊല്ലുകയാണ് അതിനിടയിൽ ശുശ്രൂഷക്കാരൻ 'വി.' - കന്യകമറിയാം എന്ന് എനീഷ്യലിട്ട് വായിച്ചത് തിരുത്തി അച്ചൻ പറഞ്ഞു, 'വിശുദ്ധ കന്യകമറിയാം എന്നാണ്'. പെട്ടെന്ന് പിൻവാതിലിൽ ഒരു ശബ്ദം. നീണ്ട ജുബ്ബാ ഇട്ട ഒരു മനുഷ്യൻ. ആളെ എനിക്ക് മനസ്സിലായി. അയാളുടെ കൈയ്യിൽ ഒരു ബോർഡുമുണ്ട് ആ ബോർഡിൽ എഴുതിയിരുന്നത് ഞാൻ വായിച്ചു "അനാവശ്യമായി എനിക്കിട്ടിരിക്കുന്ന കുടിശിക നീക്കിത്തരിക" പിന്നെ അയാൾ അവിടെ നിന്ന് കുർബ്ബാന മദ്ധ്യേ ബഹളം വയ്ക്കാൻ തുടങ്ങി. ഒരു നാടകം കാണുന്ന ലാഘവത്തോടെ നോക്കി നൽക്കാനല്ലാതെ അയാളെ പിടിച്ചിറക്കാൻ ഒരു വിശ്വാസിയും ഉണ്ടായിരുന്നില്ല. ഓർത്തഡോക്സ് മക്കളുടെ വിശ്വാസ തീക്ഷ്ണതയും പ്രതികരണശേഷിയും നഷ്ടപ്പെട്ടുവോ എന്നെനിക്ക് തോന്നിപ്പോയി.

ശുശ്രൂഷക്കാരൻ ധൂപക്കുറ്റി ഞങ്ങൾക്കു നേരെ അതായത് പരേതാത്മാക്കൾക്കു നേരേ വീശുമ്പോൾ നടു കുനിച്ച്

ശേഷം 20-ാം പേജിൽ

A CLARIFICATION NOTE ON MINORITIES RIGHTS

(Published by All India Association for Christian Higher Education - AIACHE - New Delhi)

1. Article 30 provides for absolute right

The Fundamental right guaranteed under Article 30 of the Constitution is an absolute right without any restriction as provided for other fundamental rights (such as Article 19).

2. Entire Minority Communities (including their Institutions) enjoy the right

The right guaranteed under Article 30 is meant for the entire minority communities including their institutions.

In the following cases the Hon'ble Supreme Court has taken note of the contents of the National Commission for Minorities Act, 1992 as well as the existence of the Commission:

(a) Sarla Mudgal Vs Union of India (1995) and

(b) Matloob Vs State of Maharastra (1997) (where s.c. has noted that the National Commission for Minorities is going to establish its branch in Maharastra)

In exercise of the powers conferred by clause of Section 2 of the National Commission for Minorities Act, 1992 Muslims, Christians, Sikhs, Budhists and Zoroastrians (Parsis have been declared by the Government of India as the religious minorities through Notification No. 816 (E) dated 23/10/93 issued by the Ministry of Welfare.

As the statutory canvas of the National Commission for Minorities spans the whole of India we can consider the aforementioned minority communities as the National Religious Minorities (NRMs)

Article 30 provides protection to these NRMs throughout India irrespective of the percentage of their populations in different parts of the country.

3. The Right covers all types of institutions

For imparting merely religious or theological education the protection of Article 29 or 30 is not required. The right guaranteed under Article 29 and 30 include secular and technical, professional (etc.) education. To interpret Articles 29&30 to mean that the minority communities can establish only religious or theologiccal institution negates the rights guaranteed under these Articles.

4. Fortysecond Amendment does not warrant a fresh look

With effect from 3.1.1977, the 42nd Amendment to the Constitution has shifted "Education" from the State List to the Concurrent List. This implies that a central legislation on a subject pertaining to Education will have precedence over the state legislation on the same subject.

The mere shifting of Education from the State list to the Concurrent List does not necessitate reconsideration of the earlier judgement given by the Hon'ble Cournt on minority rights, particulary the decisions in the cases of Kerala Education Bill (1955 SCR 995) and St. Xavier's College (1975 SCR 173)

5. St. Stephen's Case should be Reviewed

In the St. Stephen's Case the Hon'ble Supreme Court has opined that the Minority Community - which establishes and administers an institution - can reserve maximum 50% of the seats for admission to be given to its own candidates. This implies that if a minority community establishes and administers an institution of its choice, it cannot fill more than 50% of the seats by admitting its own candidates.

Such fixation of percentage for admission in Minority Institutions is a direct infringement of the right to choice guaranteed by Article 30

The Constituent Assembly had appreciated that a technical observance of the rules of democracy is fraught with the scenario where the minority will be generally left behind the majority. This fear has come true. Take up any normal education institution run by the Government or the majority community and one finds that the percentage of minority students is much below the proportional share which they deserve on the basis of the census figures of their population.

In order obviate this inbuilt hardship of the minority communities the Constitution has provided that they can establish and administer institution of their choice. Obviously they will do so to benefit basically the persons belonging to their own community.

Against this background where is the scope to impose an upper limit on the number of persons of the minority community?

Thus St. Stephen's case judgement must be reviewed. There should be no such upper limit prescribed as mentioned above.

6. Institutions should have wider discretion to decide the admission policy

Minority communities and institutions do value and merit and academic excellence. Yet merit in terms of marks obtained in the qualifying examination should not be the only criteria for selection. Other potential abilities of the canddates as evaluated through personal interview is another factor to reckon with. Besides need for educational development and the overall positions of the community in the national spectrum cannot be ignored. Methods of selection suitable for identifying such need and qualities should be permitted to be devised and used by institutions at their descretion.

7. Grant -in-aid not to vitiate minorities status

The mere fact that a minority institution recovers grant -in-aid from the Governmennt should not in any way dilute the right of the minority community to establish and administer the institution of its own choice. Article 30 (i) is a fundamental right and mere acceptace of aid will not nullify it.

8. If there is misuse of law the offenders should be punished according to relevant rules. It is not correct to change the law just because there is some misuse by a few people.

9. Whatever has been decided earlier by the Bench of 9 judges in the "St. Xavier's College case" can not be easily reverted or modified unless there is compelling reason and justification.

10. What is a "Minority Institution"

The test for treating a particular institution as a minority institution enjoying protection under Article 29 and 30 should be as follows:

(a) Which community established the istitutions; and

(b) What are the aims and objects of the establishment of the institution?

The number of students in an institution belonging to the community which established the institution should not necessariliy be a facotor for determination of the minority status of the institution.

11. Since a religious or linguistic minority commuity in a state may be too small to produce adequate number of candidates for higher and professional education from within itself, the managing committee should have the option to open the doors of professional education to the members of the community form other States.

12. The word "educational institution" has a wide scope and professional courses are also necessary for development of minorities and to enhance their contribution to the national society.

13. What does the right entail

The constitutional right to administer an educational institution "of their choice" would mean the following:

(a) Right to constitute the governing body which whould administer the institution

(b) Right to determine the norms and procedures for selection of students, teaching and non-teaching staff members subject to minimum educational standards

(c) Right to appoint the head of the institution

(d) Right of appointment of teachers and other staff members without being restricted by any quota for reservations.

(e) Right to admit students of their choice subject to minimum educational standards.

Dr. Mani Jacob
General Secretary

17-ാം പേജിൽ നിന്നു തുടർച്ച..

വണങ്ങി കുരിശു വരയ്ക്കുന്ന പല ജീവാത്മാക്കളെയും കണ്ടു ഇവരും മരിച്ചവരാണോ എന്നെനിക്ക് തോന്നിപ്പോയി.

തുബ്ദേൻ വായനാ സമയം ഒരാഴ്ചത്തെ വിശേഷങ്ങൾ പറയാൻ സഭ അനുവദിക്കുന്ന വിശ്രമ വേളയായി പലരും കാണുന്നതോർത്ത് വിഷമം തോന്നിപ്പോയി. വി. കുർബ്ബാനയുടെ അന്ത്യത്തിൽ വികാരി അച്ചൻ പ്രസംഗിക്കാൻ തുടങ്ങി "പള്ളിയുടെ പൂമുഖം പുറജാതികൾക്ക് നിൽക്കാനുള്ളതാണ് എന്നു പറഞ്ഞതും പള്ളിക്കുള്ളിൽ വൻ തിക്കും തിരക്കും അനുഭവപ്പെട്ടു.

കുർബ്ബാനയ്ക്കു ശേഷം കൈമുത്തുന്ന അവസരം ഒന്നു കാണേണ്ട കാഴ്ചയാണ്. പണ്ട് ഞങ്ങളൊക്കെ വളരെ ഭയഭക്ത്യാദരവോടുകൂടി ആയിരുന്നു കൈമുത്താൻ ചെന്നിരുന്നത് ഇന്നത്തെ അവസ്ഥ കണ്ടിട്ട് അച്ചന്റെ ഇടത്തെക്കൈയ്യിൽ ഒരു ലാത്തികൂടി കൊടുത്താൽ കൊള്ളാമായിരുന്നു എന്ന് തോന്നിപ്പോയി.

കൈമുത്ത് കഴിഞ്ഞ് എല്ലാവരും പള്ളിമുറ്റത്തേക്കിറങ്ങി എന്നാലും എന്റെ വേണ്ടപ്പെട്ടവരെല്ലാം പള്ളിയിൽ തന്നെ നിൽക്കുന്നു. ഉടനെ ശുശ്രൂഷക്കാരൻ ഒരു പ്ലാസ്റ്റിക്കു പായ കൊണ്ടുവന്ന് പള്ളിക്കുള്ളിൽ വിരിച്ചു ഒരുവശത്ത് മെഴുകുതിരിക്കാലുകളും കുരിശും വച്ചു കാര്യം അറിയാൻ ഞാനവരുടെ അടുക്കലേക്ക് നീങ്ങി.

എന്റെ മൂത്ത മകന്റെ കയ്യിലിരുന്ന പത്രത്തിൽ, ഇരട്ടക്കോളത്തിൽ എന്റെ മോന്റെ ഫോട്ടോ. വല്ല അവാർഡും ലഭിച്ചതായിരിക്കും! ഞാനഭിമാന പുളകിതനായി എന്നാൽ സന്തോഷം അധിക നേരം നീണ്ടില്ല, ആ ഫോട്ടോയുടെ അടിക്കുറിപ്പ് വായിച്ച് ഞാൻ ഞെട്ടിപ്പോയി. ഇങ്ങനെ ആയിരുന്നു അത്.

"ഈ ഫോട്ടോയിൽ കാണുന്ന മാത്യൂസിന്റെ പിതാവിന്റെ ചരമ വാർഷികം പൂർവ്വാധികം ഭംഗിയായി ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്നു. ബന്ധു മിത്രാദികൾ ഇതൊരറിയിപ്പായി സ്വീകരിക്കുവാനപേക്ഷ".

എന്റെ കണ്ണുകൾ നിറഞ്ഞു. ഇന്നല്ലല്ലോ എന്റെ ചരമവാർഷികം. പിന്നീടാണ് മനസ്സിലായത് കൊച്ചുമോന്റെ കല്യാണ നിശ്ചയം എന്റെ ചരമ വാർഷിക ദിനത്തിലാണ് സൗകര്യപൂർവ്വം എന്റെ ചരമവാർഷികം ഞായറാഴ്ചത്തേക്ക് മാറ്റിയതാണ്. എന്തായാലും വീടുവരെ ഒന്നു പോകാം. വീടിന്റെ മുറ്റം വലിയ പന്തൽകൊണ്ട് നിറഞ്ഞിരുന്നു. വീടിനുള്ളിൽ കർണ്ണകഠോരങ്ങളായ പാശ്ചാത്യ സംഗീതം മുഴങ്ങുന്നു അതിന്റെ താളത്തിനനുസൃതമായി എന്റെ കൊച്ചുമക്കൾ പകുതികാൽ മുറിച്ച പാൻസുമിട്ട് നൃത്തം ചവിട്ടുന്നു വല്യപ്പച്ചന്റെ ഓർമ്മ തകർപ്പനായിട്ട് ആഘോഷിക്കുകയാണ്.

അധികനേരം അവിടെ നിൽക്കാൻ മനസ്സു വന്നില്ല. തിരികെ ഞാൻ പള്ളിയിലെത്തി. പള്ളിയുടെ പൂമുഖത്തിരുന്നാൽ നല്ല കാറ്റാണ്, പള്ളിയുടെ ഉദ്യാനത്തെ തഴുകി എത്തിയ മന്ദമാരുതൻ എന്റെ ആത്മാവിനെ പുൽകിയപ്പോൾ അറിയാതെ ഞാനുറങ്ങിപ്പോയി.

പള്ളിയുടെ കൂറ്റൻ വാതിലുകൾ തുറക്കുന്ന കിറു...കിറാ ശബ്ദം കേട്ടാണ് ഞാനുണർന്നത്. നോക്കുമ്പോൾ പള്ളി മൂപ്പൻ ശമുവേലാണ് അവൻ ആകെ ക്ഷീണിച്ച് കൂനിയിരിക്കുന്നു, ഞാനവനെ ശമുവേൽ ബാലൻ എന്നാണ് വിളിച്ചിരുന്നത്. പണ്ട് കുശിനിയിൽ നിന്ന് ആരും കാണാതെ മുറിബീഡി വലിച്ചതിന് ഞാനവന്റെ ചെവിക്കു കിഴുക്കിയിട്ടുണ്ട്. ഒന്നിടവിട്ട പല്ലുകൾ, ബീഡിയുടെ കറ പുരണ്ട് ഏറെ കറുത്തിരിക്കുന്നു പക്ഷേ അവനെ ഇതുവരെയും ഒരസുഖവും ബാധിച്ചിട്ടില്ലെന്നു തോന്നുന്നു. അവൻ പണ്ടു പറയുമായിരുന്നു; മാതാവിന്റെ അനുഗ്രഹം അവനുണ്ടെന്ന്. അവൻ ഭാരമേറിയതാക്കോൽ കൂട്ടവും പേറി ഭീമാകാരനായ പള്ളിമണിയുടെ കയർ ലക്ഷ്യമാക്കി കോണിപ്പടികൾ കയറിപ്പോയി.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോഴേക്കും മണിനാദം മുഴങ്ങി. മണിശ്ബ്ദം കേട്ടിളകി പള്ളിപ്രാവുകൾ ആകാശത്തിൽ വട്ടമിട്ടു പറന്നു, സൂര്യൻ ചക്രവാളത്തിൽ മറഞ്ഞു. സായം സന്ധ്യ മെല്ലെ രാത്രിക്ക് വഴിമാറുന്നു. വാവലുകളുടെ രൂപം നേരിയ പ്രകാശത്തിൽ ആകാശ വെള്ളിത്തിരയിൽ തെളിഞ്ഞു. കുറുക്കൻമാർ ഓരിയിടുന്നുണ്ട്. എന്തോ കണ്ടിട്ടെന്ന വണ്ണം പട്ടികൾ മോങ്ങാൻ തുടങ്ങി.

ഞാനെന്റെ കല്ലറയിൽ കടക്കാൻ വേണ്ടി നടന്നു. പക്ഷെ എന്റെ കല്ലറയുടെ സ്ഥാനത്ത്, മാർബിൾ സൗധം കണ്ട് ഞാൻ അത്ഭുതപ്പെട്ടു. മാർബിളിൽ കൊത്തിയ പേരുകണ്ടപ്പോൾ എന്റേതു തന്നെയെന്ന് ബോധ്യപ്പെട്ടു ചുറ്റും കാടുകൾ പടർന്നു നിൽപ്പുണ്ട്. കല്ലറയുടെ മുകളിലേക്ക്.തല നീട്ടിവച്ചുറങ്ങിയ തൊട്ടാവാടിച്ചെടികൾ എന്നെ നോക്കി പരിഹസിക്കുന്നുവോ? എനിക്ക് തൊട്ടാവാടികൾ വകഞ്ഞു മാറ്റി ഉള്ളിൽ കടക്കാൻ മാർഗ്ഗം വല്ലതുമുണ്ടോ? ഇല്ല, എല്ലാ പഴുതുകളും മാർബിൾ കൊണ്ട് മറച്ചിരിക്കുന്നു. ഇനിയും ഒരു രക്ഷമാത്രമേ ഉള്ളു. അടുത്ത് കുറേക്കല്ലറകൾ ആളില്ലാതെ കിടന്നിരുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്നവരുടെ, മുൻകൂട്ടി പണിയിച്ച കല്ലറകൾ ആയിരുന്നു അവ. അതിലൊന്നിൽ കടക്കാൻ കാലെടുത്തുവച്ചതും പിന്നിൽ നിന്നും ഒരു ശബ്ദം 'ഹലോ പരേതാത്മാവേ അതു ബുക്കിങ്ങാ' ഞാൻ തിരിഞ്ഞു നോക്കി പുറമ്പോക്കിൽ മറവു ചെയ്തവരുടെ പ്രേതാത്മാക്കളായിരുന്നു അവർ. പ്രതീക്ഷകൾ നഷ്ടപ്പെട്ട ഞാൻ ആളൊഴിഞ്ഞ കല്ലറകൾ നോക്കി യാത്രയായി.

സൺഡേസ്ക്കൂൾ വാർത്തകൾ

സണ്ടേസ്ക്കൂൾ പ്രവർത്തകരെ ഭരിക്കേണ്ട ചിന്ത പരിശുദ്ധനായ പൗലോസിന്റെ വാക്കുകളിൽ പ്രതിഫലിക്കുന്നു. "ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനം അത്രേ. അവൻ ഞങ്ങളെ പുതുനിയമത്തിന്റെ ശുശ്രൂഷകന്മാർ ആക്കുവാൻ പ്രാപ്തരാക്കി; അക്ഷരത്തിന്റെ ശുശ്രൂഷകന്മാരല്ല, ആത്മാവിന്റെ ശുശ്രൂഷകന്മാരത്രേ. അക്ഷരം കൊല്ലുന്നു; ആത്മാവോ ജീവിപ്പിക്കുന്നു. 2 കൊരി. 3:5,6. ആത്മാവിന്റെ ശുശ്രൂഷകന്മാരെന്ന നിറവിലും നിയോഗത്തിലും നടത്തുന്ന ശുശ്രൂഷയാണ് നമ്മുടേത്. ആ ബോധവും അനുഭവവും നമ്മെ ഭരിക്കുമ്പോൾ നമ്മുടെ പ്രവർത്തന ശൈലി വ്യത്യസ്തമായിരിക്കും.

ഒ.വി.ബി.എസ്. 2002- 2003-ലേക്കുള്ള ഒ.വി.ബി.എസ്സിന്റെ ഒരുക്കങ്ങൾ കേന്ദ്രതലത്തിൽ ആരംഭിച്ചു കഴിഞ്ഞു. എല്ലാ ഇടവകകളിലും ഈ പ്രസ്ഥാനം വേരൂന്നിയിട്ടുണ്ട്. ചില ഇടവകകളിൽ ഈ പരിപാടി ഒരാഴ്ച നീണ്ടു നിൽക്കുന്ന, ബാലികാ ബാലന്മാരുടെ ഒരുത്സവത്തിന്റെ പ്രതീതിയാണ്. സമീപത്തുള്ള അക്രൈസ്തവരും, ഇതര സഭാംഗങ്ങളായ കുട്ടികളും പല സ്ഥലങ്ങളിലും പങ്കെടുക്കുന്നുണ്ട്. കഴിഞ്ഞ വർഷം നടപ്പാക്കിയ പുതുപരിപാടികൾ വിദ്യാർത്ഥികൾക്ക് പ്രിയംകരമായി അനുഭവപ്പെട്ടു.

കഴിഞ്ഞ പ്രാവശ്യം എസ്.എസ്.എൽ.സി. പരീക്ഷ വൈകി നടത്തിയതുകൊണ്ട് സീനിയർ വിദ്യാർത്ഥികളിൽ ഒരു നല്ല പങ്കിന് ഒ.വി.ബി.എസ്സിൽ പങ്കെടുക്കാൻ സൗകര്യപ്പെട്ടില്ല. ഈ വർഷം അപ്രകാരം സംഭവിക്കയില്ല എന്നു നമുക്കു പ്രത്യാശിക്കാം. വിദ്യാർത്ഥികളുടെ താല്പര്യവും അഭിരുചിയും കണക്കിലെടുത്താണ് പുതിയ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. അദ്ധ്യാപകർ ശുഷ്ക്കാന്തി പ്രദർശിപ്പിച്ചാൽ മാത്രമേ അവ നടപ്പിലാക്കാൻ കഴിയൂ.

2003-ലെ പഠനവിഷയം "ക്രിസ്തീയ കാര്യവിചാരകത്വം" എന്നുള്ളതാണ്; വളരെ പ്രധാനവും പ്രസക്തവുമായ ഒരു വിഷയം. കർത്താവിന്റെ ഉപദേശത്തിൽ ഉയർന്നു നിന്ന ഒരു വിഷയം. പല ഉപമകളിൽക്കൂടി വിഷയത്തിന്റെ സന്ദേശം ശ്രോതാക്കളിൽ എത്തിക്കുന്നതായി സുവിശേഷങ്ങൾ വെളിപ്പെടുത്തുന്നു. കാര്യവിചാരകത്വബോധത്തിൽ, വളരുന്ന തലമുറയെ ഉത്ബുദ്ധരാക്കിയാൽ, അവരുടെ സമയം, താലന്തുകൾ, പണം, കഴിവുകൾ എന്നിവ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കും. മാത്രമല്ല ഏതു സ്ഥാനത്തും പദവിയിലും എത്തിച്ചേർന്നാലും അവിടെ വിശ്വസ്തതയോടും അർപ്പണബോധത്തോടും പ്രവർത്തിക്കാൻ സന്നദ്ധരാകും.

സോണൽ തലത്തിൽ നടന്ന ഓറിയന്റേഷൻ പരിപാടിയിൽ അദ്ധ്യാപക പ്രതിനിധികളെയും ഡയറക്ടർമാരെയും ആണ് കഴിഞ്ഞ പ്രാവശ്യം, പങ്കെടുപ്പിച്ചത്. അദ്ധ്യാപക പ്രതിനിധികൾക്കു പ്രവർത്തനങ്ങളിൽ കാര്യമായ പങ്കാളിത്തമോ അവസരങ്ങളോ ലഭിക്കുന്നില്ല എന്നുള്ള പരാതിയെത്തുടർന്നായിരുന്നു ഇത് അപ്പോൾ ഇൻസ്പെക്ടേഴ്സിനെ അവഗണിച്ചു എന്ന പരാതി ഉയർന്നു. ഔദ്യോഗികമായി ഏറെ ചുമതലകൾ വഹിക്കുന്നവരാണ് ഇൻസ്പെക്ടേഴ്സ്. അധ്യാപക പ്രതിനിധികൾക്കും അവസരം ലഭിക്കട്ടെ എന്ന ചിന്തയാണ് ഭരിക്കേണ്ടത്. ഇൻസ്പെക്ടേഴ്സിനും ഓറിയന്റേഷനിൽ പങ്കെടുക്കാം. പക്ഷേ പുസ്തകങ്ങളും മറ്റു പഠനസാമഗ്രികളും അവർക്കു സൗജന്യമായി നൽകാൻ സാധ്യമല്ല. സണ്ടേസ്ക്കൂൾ ദിനപ്പിരിവിന്റെ ഓഹരി അവർക്കു ലഭിക്കുന്നതിൽ നിന്നും അവർ പുസ്തകങ്ങൾ വില കൊടുത്തു വാങ്ങിക്കുകയാണു വേണ്ടത്.

ആവശ്യമായ നിർദ്ദേശങ്ങൾ വിശദമായി ഓറിയന്റേഷൻ സമ്മേളനത്തിൽ നൽകുന്നുണ്ട്. പക്ഷേ അത് നടപ്പാക്കുന്നതിൽ പ്രവർത്തകർ ശ്രദ്ധിക്കുന്നില്ല എന്നാണ് പല കേന്ദ്രങ്ങളിലെയും റിപ്പോർട്ടു വെളിപ്പെടുത്തുന്നത്. ഉദാഹരണമായി കഴിഞ്ഞ പ്രാവശ്യം കുട്ടികൾക്ക് ഓരോ ദിവസത്തേക്കും ഓരോ നിറത്തിലുള്ള സ്റ്റിക്കർ കൊടുക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരുന്നു. അങ്ങനെ പല കേന്ദ്രങ്ങളിലും ചെയ്തിട്ടില്ല എന്നു മനസ്സിലായി.

വാർഷിക സമ്മേളനം: 2002-ലെ അസോസിയേഷൻ വാർഷിക സമ്മേളനം ആഗസ്റ്റ് 10-ാം തീയതി ശനിയാഴ്ച ദേവലോകം കാതോലിക്കേറ്റ് ഹാളിൽ വച്ചു പ. ബാവാതിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ നാഗ്പൂർ ഓർത്തഡോക്സു സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. റെജി മാത്യു മുഖ്യപ്രഭാഷണം നടത്തും. അവാർഡുകളും സമ്മാനങ്ങളും പരിശുദ്ധ ബാവാ തിരുമേനി നൽകും.

നമ്മുടെ വാർഷികചെലവിൽ വാർഷിക സമ്മേളനം ഒരു വലിയ പങ്കു വരുന്നു. 250 പേർക്കുള്ള ഭക്ഷണം, പ്രതിനിധികളുടെ യാത്രച്ചെലവ് എന്നിവ വർഷം തോറും വർദ്ധിക്കുകയാണ്. യാത്രച്ചെലവു നൽകുന്ന പതിവ് നമ്മുടെ പ്രസ്ഥാനമല്ലാതെ മറ്റൊന്നും പിന്തുടരുന്നില്ല. സണ്ടേസ്ക്കൂൾ ദിനപ്പിരിവന്റെ വിഹിതം പ്രവർത്തകർക്കു ലഭിക്കുന്നതിനുപുറമേയാണ് കേന്ദ്രത്തിൽ നിന്ന് യാത്രച്ചെലവും സ്വീകരിക്കുന്നത്. അതിന് എന്തെങ്കിലും മാറ്റം വരുത്തണമെന്ന് ഞാൻ നിർദ്ദേശിക്കുന്നില്ല. എന്നാൽ യാത്രപ്പടിയുടെ വൗച്ചർ എഴുതിക്കൊടുക്കുമ്പോൾ, അതു കൃത്യമായ തുക മാത്രമായിരിക്കാൻ എല്ലാവരും ശ്രദ്ധിക്കുന്നില്ല എന്നു പറയുമ്പോൾ പരിഭവിക്കേണ്ടതില്ല. പ്രവർത്തകരുടെ ആത്മാർത്ഥതയും സത്യസന്ധതയും ചോദ്യം ചെയ്യുന്നതായി തോന്നാം. സമൂഹത്തിൽ പൊതുവെ കണ്ടു വരുന്ന ഇത്തരം പ്രവണത ക്രിസ്തീയ പ്രവർത്തകരിൽ കടന്നു കൂടാതിരിക്കാൻ നിഷ്കർഷിച്ചേ മതിയാവൂ.

വാർഷിക സമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിൽ പ്രതിനിധികൾ സഹകരിക്കുന്നതുകൊണ്ട് പ്രയാസങ്ങൾ ഉണ്ടാകാറില്ല. എങ്കിലും ചില പ്രതിനിധികൾ തങ്ങളുടെ സാന്നിധ്യവും കഴിവും പ്രകടമാക്കാൻ വേണ്ടി സമയം എടുക്കാറുണ്ട്. തികഞ്ഞ ജനാധിപത്യ

ശേഷം 32-ാം പേജിൽ

ഫാ. റ്റി. ജെ. ജോഷ്വായുടെ ഉദാത്തമായ മൂന്നു കൃതികൾ

ഫാ. ഡോ. മാത്യു ബേബി, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

അരനൂറ്റാണ്ടിലധികമായി അജപാലനരംഗത്തും വേദശാസ്ത്ര വിദ്യാഭ്യാസ രംഗത്തും കർമ്മോജ്വലമായി പ്രവർത്തിക്കുന്ന ബഹു. റ്റി. ജെ. ജോഷ്വാ അച്ചന്റെ പുതിയ മൂന്നു കൃതികൾ ജൂലൈ 12-ന് പ. കാതോലിക്കാ ബാവ പ്രകാശനം ചെയ്തു. ഇതോടെ വേദശാസ്ത്ര സാഹിത്യത്തിന് ഫാ. റ്റി. ജെ. ജോഷ്വായുടെ 25 അമൂല്യ ഗ്രന്ഥങ്ങൾ ലഭ്യമായി.

2001 ഡിസംബർ ആദ്യയാഴ്ച ഹൃദ്രോഗമുണ്ടായി പൂർണ്ണ വിശ്രമത്തിലിരുന്നപ്പോഴാണ് വിശ്വാസ സമർത്ഥകനായ വിശുദ്ധ ഐറേനിയോസിനെ (എ.ഡി. 104-202) ക്കുറിച്ചുള്ള ഗ്രന്ഥം രചിച്ചത്. മാർച്ചിൽ രണ്ടാമത് ഒരു ഹാർട്ട് അറ്റാക്കു കൂടി വന്നപ്പോൾ വീണ്ടും നിർബന്ധിത വിശ്രമം വിധിച്ചു. ആ സമയത്താണ് പ്രഭാഷണ കലയും തിരുവചനജ്ഞാനവും നിറഞ്ഞു നിന്നിട്ടുള്ള പ്രഭാഷണങ്ങൾ സമാഹരിച്ച് "തിരുവചന ധ്വനി" പൂർത്തിയാക്കിയത്. ജൂൺ മാസത്തിൽ വിദഗ്ധ ചികിൽസയ്ക്കു വെല്ലൂർ മെഡിക്കൽ കോളജിൽ പോയി വിശ്രമം തുടർന്ന അവസരത്തിൽ ഏതാനും ദിവസങ്ങൾ കൊണ്ട് രചന നിർവ്വഹിച്ച കൃതിയാണ് "ഇടയന്റെ പാതയിൽ". ഇത് എഴുതി കൊണ്ടിരിക്കുമ്പോൾത്തന്നെ ഒരാഴ്ച ആശുപത്രിയിലായി. എങ്കിലും രചന പൂർത്തിയാക്കി.

വളരെ കൃത്യമായി പറഞ്ഞാൽ ആറു മാസത്തിനകത്തുണ്ടായ നിരവധി പീഡനങ്ങളുടെയും വേദനകളുടെയും നടുവിൽ അക്ഷരങ്ങളിൽക്കൂടി വിജ്ഞാനത്തിന്റെ മേച്ചിൽപ്പുറങ്ങൾ പകർന്നു തരുന്ന ഉദാത്തമായ മൂന്നു കൃതികളാണിവ.

സെമിനാരി അധ്യാപനം, ഇടവക ചുമതല, സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രധാന കർത്തവ്യങ്ങൾ എല്ലാം എന്റെ മുമ്പിൽ നിന്നപ്പോൾ രചനാ കാര്യങ്ങൾക്ക് സമയം ഇല്ലാതെ വന്നു. രോഗം ബാധിച്ച് നിർബ്ബന്ധിത വിശ്രമം നിർദ്ദേശിക്കപ്പെട്ട സമയത്താണ് എന്തെങ്കിലുമൊക്കെ എഴുതുവാൻ അവസരമുണ്ടാകുന്നത്. തിന്മയെ (രോഗം) നന്മയിലേക്ക് രൂപാന്തരപ്പെടുത്തുവാൻ ദൈവകൃപയ്ക്ക് സാധിക്കുന്നതിന്റെ തെളിവാണ് ഈ രചനകൾ എന്ന് ഫാ. റ്റി.ജെ. ജോഷ്വാ പുസ്തകങ്ങളുടെ ആമുഖങ്ങളിൽ വെളിപ്പെടുത്തുന്നു.

1. വി. ഐറേനിയോസ്

മലങ്കര ഓർത്തഡോക്സ് സഭാ പ്രസിദ്ധീകരണ വകുപ്പിന്റെ സഭാ പിതാക്കന്മാരെക്കുറിച്ചുള്ള പരമ്പരയിലെ ആദ്യകൃതിയാണ് വി. ഐറേനിയോസ്. ആദ്യകാലത്ത് സഭയിലുയർന്ന വേദവിപരീതങ്ങൾക്കെതിരേ ശക്തമായ നിലപാടു സ്വീകരിച്ച് ധീരപോരാളിയായതിനാൽ "വിശ്വാസ സമർത്ഥകൻ" (Apologist) എന്നാണ് ഐറേനിയോസ് അറിയപ്പെടുന്നത്. സത്യവിശ്വാസം സമർത്ഥമായി വ്യാഖ്യാനിച്ച് ഭക്തി ജീവിതം നയിച്ച ഒരു മാതൃകാ പിതാവാണ്.

വിശുദ്ധ ഐറേനിയോസിന്റെ ജീവിതവും സംഭാവനകളും സമഗ്രമായി പ്രതിപാദിക്കുന്ന മലയാളത്തിലെ ആദ്യഗ്രന്ഥമാണിത്. ആദിമകാലത്തെ വേദശാസ്ത്ര നിലപാടുകളും വേദവിപരീത പോരാട്ടങ്ങളും ഇതിലുണ്ട്. ഐറേനിയോസിന്റെ വേദപുസ്തക വ്യാഖ്യാന ശൈലി, ശ്രദ്ധേയങ്ങളായ പ്രസ്താവനകൾ, ഇതര കൃതികൾ എന്നിവഇതിൽ സവിസ്തരം പ്രതിപാദിക്കുന്നു.

വി. ഐറേനിയോസ് ജന്മം കൊണ്ട് പൗരസ്ത്യനും കർമ്മം കൊണ്ട് പാശ്ചാത്യനുമാകയാൽ പൗരസ്ത്യ-പാശ്ചാത്യ വീക്ഷണങ്ങളെ സമന്വയിപ്പിച്ചിരിക്കുന്നു. ജ്ഞാനമതം, മൊണ്ടേനമതം എന്നീ മതഭേദങ്ങളെ ഖണ്ഡിക്കുന്നതിന് ഉപയോഗിച്ച പല വാദമുഖങ്ങൾ ഇന്നും പ്രസക്തമാണ്. ലളിതവും ഹൃദ്യവുമായ ആവിഷ്ക്കാരമാണ് ഈ കൃതി.

2. തിരുവചന ധ്വനി

അര നൂറ്റാണ്ടിലേറെയായി വചന ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന റവ. റ്റി.ജെ. ജോഷ്വാ അച്ചന്റെ ശബ്ദം പ്രതിധ്വനിക്കുന്ന 28 പ്രസംഗങ്ങളുടെ സമാഹാരമാണ്, തിരുവല്ല സി.എസ്.എസ്. പ്രസിദ്ധീകരിച്ച തിരുവചന ധ്വനി.

പഴയനിയമത്തെ അവഗണിച്ചെങ്കിലും പുതിയ നിയമത്തിലെ മിക്ക ആശയങ്ങളും ഈ പ്രസംഗങ്ങളിൽ പ്രകാശം പരത്തുന്നു. വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്ത് ഹൃദ്യമായ ഭാഷയിൽ അവതരിപ്പിക്കുവാനുള്ള റ്റി. ജെ. ജോഷ്വാച്ചന്റെ കഴിവ് അനന്യമത്രേ. അന്ത്രയോസ്, ലുദിയ, കൊർന്നേല്യോസ്, യെറുശലേം പുത്രിമാർ എന്നിവ ഈ പ്രസംഗ മാല്യത്തിലെ മുത്തുകളായി പ്രശോഭിക്കുന്നു.

വിശുദ്ധ മറിയാമിനെക്കുറിച്ചുള്ള മൂന്നു പ്രഭാഷണങ്ങൾ ക്രിസ്തീയ വിശ്വാസം സ്വീകരിച്ചിട്ടുള്ള ആർക്കും പ്രസക്തമാണ്. യേശുവിന്റെ പ്രലോഭനങ്ങളെക്കുറിച്ചുള്ള മൂന്നു പ്രസംഗങ്ങളും വളരെ വിജ്ഞാനപ്രദമാണ്. യേശുവിന്റെ തൃപ്പാദങ്ങൾ, തൃക്കരങ്ങൾ, മുഖം, ശിരസ്സ്, എന്നിവ കേന്ദ്രീകരിച്ച് നാലു പഠനങ്ങളുണ്ട്. ഇവ പീഡാനുഭവ ധ്യാനത്തിന് ഉപകരിക്കും. സാധാരണ

ശേഷം 29-ാം പേജിൽ

കർതൃദിനചിന്തകൾ

ഫാ. പി. എം. സഖറിയ, പള്ളിക്കുന്നിൽ

ഓഗസ്റ്റ് 11
കൂടാരപ്പെരുന്നാളിനു ശേഷം ഒന്നാം ഞായർ
വി. മത്താ. 21:28-32

ദേവാലയത്തിൽ വരുവാനോ, മതസംവിധാനത്തിന്റെയോ, രാഷ്ട്രത്തിന്റെയോ മുഖ്യധാരയിൽ ഉൾപ്പെടുവാനോ അവകാശമില്ലാത്തവരെങ്കിലും, ഒരു വലിയ സമൂഹത്തെ പ്രതിനിധാനം ചെയ്യുന്ന ചുങ്കക്കാരും, വേശ്യകളും ദൈവരാജ്യത്തിൽ നിങ്ങൾക്കുമുമ്പായി കടക്കും എന്നു യഹൂദ മതവക്താക്കളെ ബധ്യപ്പെടുത്താനാണ് കർത്താവ് ഈ ഉപമ പറഞ്ഞത്.

ഈ ഉപമയിലെ ഒന്നാമൻ ചുങ്കക്കാരേയും, വേശ്യമാരേയും, പാപജീവിതം നയിച്ചിരുന്ന മറ്റു മനുഷ്യരേയും സൂചിപ്പിക്കുന്നു. അവർ തങ്ങളുടെ അറിവുകേടുനിറഞ്ഞ, ക്രമം കെട്ട ജീവിതരീതികൊണ്ട് ദൈവത്തെ ധിക്കരിക്കുന്നവരായി കാണപ്പെടുന്നു. ചുങ്കക്കാരുടേയും, വേശ്യകളുടേയും ജീവിതം ബോധപൂർവ്വമുള്ള തെറ്റു പ്രവർത്തിക്കലാകണമെന്ന് നിർബന്ധമില്ല. തെറ്റും ശരിയും അവ്യക്തമായതിനാൽ വഴുതി വീഴുന്നത് പാപത്തിലാകാം. അപ്രകാരം സംഭവിക്കുന്നതും പാപം തന്നെ. എന്നാൽ ആ പാപജീവിതത്തിൽ അനുതാപം അർത്ഥപൂർണ്ണമായിരുന്നാൽ ദൈവരാജ്യ പ്രവേശനം സാധ്യമാണ്.

രണ്ടാമൻ യഹൂദ ജാതിയെ പ്രതിനിധീകരിക്കുന്നു. അധരസേവമാത്രം നടത്തുകയും, അവന്റെ ഇഷ്ടം ചെയ്യാതെയും ഇരുന്നവൻ. ദുർഗുണ നിർഭരമായ രഹസ്യജീവിതം നയിച്ചിരുന്ന യഹൂദ ജാതിയെ സൂചിപ്പിക്കുന്നു. ദേവാലയം, പ്രാർത്ഥനകൾ, ന്യായപ്രമാണം, പാരമ്പര്യം ഇവ എല്ലാം അവർക്ക് സ്വന്തമായി ഉണ്ടെങ്കിലും എല്ലാം അധരവ്യായാമമായി മാത്രം മാറുന്നു. തൽഫലമായി ദൈവഹിത നിർവ്വഹണം എന്ന അടിസ്ഥാന തത്ത്വം അവരിലൂടെ നിറവേറാതെ പോകുന്നു.

കൂടുതൽ അധരവ്യായാമങ്ങളിൽ ഏർപ്പെടുന്നവരാണ് ദൈവരാജ്യാവകാശികൾ എന്നതാണ് സാധാരണ ചിന്താഗതി. എന്നാൽ കർത്താവ് പറയുന്നു. എന്നോട് കർത്താവേ എന്നു പറയുന്നവൻ അല്ലാ, പിന്നെയോ പിതാവിന്റെ ഹിതം ചെയ്യുന്നവനാണ് ദൈവരാജ്യാവകാശി. ഒരു ടൺ ദൈവശാസ്ത്രം പറയുന്നതിനേക്കാൾ ഒരൗൺസ് സൽപ്രവൃത്തിയാണ് മെച്ചം എന്ന മഹത്‌വചനം ഓർക്കമെല്ലാ.

സഭയിലും എല്ലാ മതമേഖലകളിലും ഇന്ന് പ്രത്യക്ഷമായ അധരവ്യായാമങ്ങൾക്ക് ഒരു കുറവുമില്ല. പ്രാർത്ഥനകൾക്കും, പ്രസംഗങ്ങൾക്കും വ്യവസായിക മാനങ്ങൾ വരെ ലഭിച്ചിരിക്കുന്നു. നാം ദൈവരാജ്യാവകാശികൾ എന്നു നാം ഊറ്റം കൊള്ളുമെങ്കിലും പിതാവിന്റെ ഇഷ്ടം നിറവേറപ്പെടുന്നുണ്ടോ?

ചുങ്കക്കാരുടെയും, വേശ്യകളുടെയും ജീവിതരീതി അംഗീകരിക്കുകയല്ല കർത്താവ് ചെയ്യുന്നത്. പിന്നെയോ ദൈവരാജ്യത്തിന്റെ സുവിശേഷവും, അതിന്റെ പ്രത്യേകതകളും, അതായത്, ദൈവരാജ്യത്തിന്റെ അതിരുകൾ വിശാലമാണെന്നും, നാം നിശ്ചയിക്കുന്ന നിബന്ധനകളല്ല, ദൈവകൃപയാണിതിന്റെ അടിസ്ഥാനമെന്നും വ്യക്തമാക്കുകയാണ്.

വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തം ഇന്ന് എല്ലാ മേഖലകളിലും കുറഞ്ഞു വരുന്നു. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവർ (2 തീമോ. 3:5) ധാരാളം. പൂർണ്ണമായ അനുസരണയുള്ള ദൈവ മക്കളിലാണ് ദൈവം പ്രസാദിക്കുന്നത്. നാം എങ്ങനെയുള്ളവർ?

ഓഗസ്റ്റ് 18
വാങ്ങിപ്പിനുശേഷം ഒന്നാം ഞായർ
വി. ലൂക്കോസ് 6:39-45

ജനക്കൂട്ടത്തിന്റെ സാന്നിധ്യത്തിൽ ശിഷ്യരെ പഠിപ്പിക്കുന്ന വേദഭാഗത്തിന്റെ ഒരംശം. ഗിരിപ്രഭാഷണവുമായി സജീവ ബന്ധം ഈ ഭാഗത്തിനുണ്ട്. യഹൂദ മതത്തിന്റെയും, നിയമാവലികളുടെയും കാവൽഭടന്മാരായിരുന്ന പരീശന്മാരും, ശാസ്ത്രിമാരും സ്വയം നീതീകരിച്ച് എല്ലായ്പ്പോഴും മറ്റുള്ളവരെ മുൻവിധിയോടും, പുച്ഛത്തോടും കണ്ടിരുന്നവരാണ്. പരീശന്മാരുടെ ആത്മീയ അഹന്തയെ യേശു തമ്പുരാൻ ഇവിടെ വിമർശന വിധേയമാക്കുന്നു. ഈ വേദഭാഗത്തിന്റെ ചില ഉൾക്കാഴ്ചകൾ.

1. സ്വയ വിമർശനം, കണ്ടെത്തൽ ഇവ അത്യന്താപേക്ഷിതം.

സ്വയവിമർശനവും, കണ്ടെത്തലും മനുഷ്യജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. എങ്കിലേ നമ്മുടെ സാധ്യതകളും, ബലഹീനതകളും കണ്ടെത്താൻ സാധിക്കൂ. അതിന് ദൈവസന്നിധിയിൽ ബോധപൂർവ്വം ഇരിക്കണം ക്രിസ്തുവിങ്കൽ വരുന്നവർ ദൈവത്തെ മാത്രമല്ല, തങ്ങളെത്തന്നെയും കണ്ടെത്തുന്നു. ആത്മശോധനയില്ലാതെ, സ്വയം നീതീകരിച്ചും, മറ്റുള്ളവരെ കുറ്റം വിധിച്ചും കഴിയുന്നതും, ആയിപ്പോയ അവസ്ഥയെ സ്വയം ശപിച്ച് ജീവിതം പാഴാക്കുന്നതും ശരിയല്ല.

2. സമ്പൂർണ്ണ ഹൃദയ സമർപ്പണം സാധ്യമാക്കുക

മനുഷ്യാളത്തത്തിൽ ഏതു സാഹചര്യത്തിലും, എത്ര മാത്രം തകർന്ന അവസ്ഥയിലാ



ഞായർദിന ചിന്തകൾ

യിരുന്നാലും രൂപാന്തരം സാധ്യമാണെന്ന് ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. ഇവിടെ 43-ാം വാക്യത്തിൽ കാണുന്ന നല്ല വൃക്ഷവും നല്ല ഫലവും ക്രിസ്തീയ ആത്മിക ജീവിതത്തിന്റെ ഔന്നത്യത്തിലേക്ക് വിരൽചൂണ്ടുന്നു. ഫലശൂന്യത അപകടകരമാണ്. എന്നാൽ ആകാത്ത ഫലം ഗുണപരമല്ലതാനും.

മനുഷ്യന്റെ തീരുമാനങ്ങളുടെ കേന്ദ്രമാണ് ഹൃദയം. (വാക്യം. 45) ഹൃദയത്തെ കേവലം വികാരങ്ങളുടെ ഇരിപ്പിടമായി കാണുന്നത് ശരിയല്ല. ഹൃദയം കർത്താവിനു കൊടുക്കുക എന്നത് കേവലം വികാര തലത്തിലുള്ള ഒരനുഭൂതി മാത്രമല്ല. ഹൃദയസമർപ്പണം എന്നതുകൊണ്ട് വ്യക്തിയുടെ സമഗ്രമായ സമർപ്പണം എന്നാണ് അർത്ഥമാക്കേണ്ടത്. ഇതിന്റെ പ്രായോഗിക പ്രകാരങ്ങളാവണം നമ്മുടെ അനുദിന ജീവിതം.

3. സ്വയത്തെ ഇല്ലായ്മ ചെയ്യുന്ന ക്രൂശിന്റെ ദർശനം.

സ്വയം നീതീകരണമാകുന്ന പരീശ മനോഭാവത്തിന്റെ കാപട്യമാണ് യേശുക്രിസ്തു ഇവിടെ തുറന്നുകാട്ടുന്നത്. സ്വയവിമർശനത്തിനു മനസുള്ള സൻമാർഗ്ഗികൾക്കേ മറ്റുള്ളവരെ നേർപാതയിൽ നയിക്കുന്നതിന് കഴിയുകയുള്ളു. മറ്റുള്ളവരെ അധർമ്മികളെന്നു വിധിച്ച് സ്വയം നീതീകരണത്തിന് ഉപകരണമാക്കുന്ന ധാർമ്മികർ, യഥാർത്ഥ ധർമ്മപരമായ പരസ്നേഹം ത്യജിച്ച് സ്വയം സ്നേഹികളാകുന്നത് കാപട്യമല്ലാതെ മറ്റെന്താണ്?

മതഭക്തിയിൽ അഗ്രഗണ്യരായിരുന്നുവല്ലോ പരീശന്മാർ. ന്യായപ്രമാണ നിയമങ്ങൾ കർശനമായി പാലിക്കുന്നവരാണെന്ന അഹന്ത അവരെ ഭരിച്ചിരുന്നു. കർമ്മാനുഷ്ഠാനങ്ങൾക്കും, ഭക്തിക്കും കൽപ്പിച്ച അമിത പ്രാധാന്യവും, സഹസൃഷ്ടികളോടുള്ള കരുതലില്ലായ്മയും യേശുക്രിസ്തു വിമർശിക്കുന്നു. സ്വയത്തെ ഇല്ലായ്മ ചെയ്യുന്ന ക്രൂശിന്റെ ദർശനമാണ് ഇതിനുള്ള പ്രതിവിധി. യേശുവിന്റെ ദർശനമാണ് സഭ അംഗീകരിക്കേണ്ടത്; മറിച്ച് പരീശ സ്വഭാവമല്ല.

ഓഗസ്റ്റ് 25
വാങ്ങിപ്പിനുശേഷം രണ്ടാം ഞായർ
വി. ലൂക്കോസ് 11 : 9–20

1. പ്രാർത്ഥനയുടെ പ്രാധാന്യവും, ആവശ്യകതയും

പ്രാർത്ഥനയ്ക്ക് മറുപടിയുണ്ടാകും എന്നു കർത്താവ് തറപ്പിച്ചു പറയുന്നു. മനുഷ്യന്റെ എല്ലാ ആവശ്യങ്ങളും ദൈവസന്നിധിയിൽ സമർപ്പിക്കാനുള്ള വിശ്വാസവും, സ്വാതന്ത്ര്യവും ദൈവം നൽകിയിരിക്കുന്നു. എന്നാൽ ആവശ്യങ്ങൾ ചോദിച്ചു വാങ്ങുന്നത് പ്രാർത്ഥനയുടെ ഘടകങ്ങളിൽ ഒന്നു മാത്രമാണ്. ഏറ്റവും പ്രധാനമായവശം ദൈവത്തോടുള്ള സംസർഗ്ഗമാണെന്നു മനസിലാക്കുക.

പ്രാർത്ഥനയ്ക്ക് പ്രാധാന്യം നൽകിയിരിക്കുന്ന പാരമ്പര്യമായിരുന്നു യേശുവിന്റേത്. അമിതമായ ഉത്കണ്ഠ അനാവശ്യമാകുന്നത് ദൈവം പ്രാർത്ഥന കേൾക്കുന്നു എന്നതുകൊണ്ടാണ്. തന്റെ ആവശ്യങ്ങളെക്കുറിച്ച് കരുതലില്ലാതിരിക്കുവാൻ പാടില്ല. ദൈവത്തോട് യാചിക്കുന്നവനാണ് ഉത്തരം കണ്ടെത്തുന്നത്. നമ്മുടെ പ്രാർത്ഥന അത്യാവശ്യത്തെ സംബന്ധിച്ചുള്ളതും, ആത്മാർത്ഥവും, ശക്തവും, സഹിഷ്ണുതയോടും, ദീർഘക്ഷമയോടും കൂടിയതും വിശ്വാസത്തിൽ അടിയുറച്ചതും ആയിരിക്കണം സ്നേഹമുള്ള പിതാവിനോടാണ് പ്രാർത്ഥിക്കുന്നത് എന്ന വിശ്വാസം പ്രാർത്ഥിക്കുന്ന ആളിന് ഉണ്ടാകണം.

2. ദൈവം തന്റെ ദിവ്യ പരിപാലനയിൽ മനുഷ്യരെ കരുതുന്നു.

പിതാവിന്റെ മുമ്പിൽ മക്കൾ ഒരാവശ്യം സമർപ്പിക്കുമ്പോൾ പകരമായി തിന്മകൊടുക്കുകയില്ലല്ലോ. മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ എന്നു പറയുന്നതിന്റെ അർത്ഥം തന്നോട് യാചിക്കുന്ന മക്കൾക്കു നല്ല പ്രതിഫലം തന്നെ നൽകും എന്നാണ്.

ദൈവസന്നിധിയിൽ പ്രാർത്ഥനകൾ സ്വീകാര്യമാണ്. യാചിക്കുന്ന കാര്യങ്ങൾ അതുപോലെ നൽകപ്പെട്ടാലും ഇല്ലെങ്കിലും സ്നേഹവാനായ പിതാവ് തന്റെ ദിവ്യമായ പരിപാലനയിൽ മനുഷ്യനെ കരുതുന്നുവെന്നും, ദൈവം നൽകുന്ന പ്രതിഫലം സ്നേഹത്തിന്റെ ഫലമാണെന്നും യേശു വ്യക്തമാക്കുന്നു.

വാക്യം 13 ശ്രദ്ധിക്കുക. ഏറ്റവും ഉന്നതമായ നന്മയും, അനുഗ്രഹവും പരിശുദ്ധാത്മാവിന്റെ ദാനമാണെന്ന് ഇവിടെ സൂചിപ്പിക്കുന്നു. പ്രാർത്ഥനയേയും, മറുപടിയേയും കുറിച്ചു ചിന്തിക്കുമ്പോൾ ഇതു പ്രാധാന്യമർഹിക്കുന്ന ദർശനമാണ്. ദൈവം നൽകുന്ന നന്മകളിൽ വച്ച് ഏറ്റവും ഉന്നതമായത് പരിശുദ്ധാത്മാവിന്റെ കൃപയത്രേ. പരിശുദ്ധാത്മാവിന്റെ കൃപയും, ശക്തീകരണവും ദൈവം നൽകുന്നതെല്ലാം നന്മകളായി അംഗീകരിക്കുവാൻ നമുക്ക് പ്രാപ്തി നൽകും. നന്മയിൽ സമ്പൂർണ്ണനായ ദൈവം നന്മകൾ കൊണ്ടുതന്നെ വിശ്വാസികളുടെ സമൂഹത്തെ അനുഗ്രഹിക്കും.

3. സൽപ്രവൃത്തികളെ ദുർവ്യാഖ്യാനം ചെയ്യരുത്.

വാക്യം 14–15 യേശുവിന്റെ പ്രവൃത്തികളെ യഹൂദന്മാർ ദുർവ്യാഖ്യാനം ചെയ്യുന്നു. ഈ വ്യാജത്തിന്റെ കഴമ്പില്ലായ്മയെ യേശു മറനീക്കി കാണിക്കുന്നു. ദൈവശക്തി വെളിപ്പെടുന്നത് നാം ഇഷ്ടപ്പെടുന്ന രൂപങ്ങളിലാണെന്നു വരില്ല. അപ്പോഴൊക്കെ നമ്മുടെ വികലമായ നിലപാടുകളെ നീതീകരിക്കുവാൻ ദുർവ്യാഖ്യാനം എന്ന തന്ത്രം നാം ഉപയോഗിക്കുമ്പോൾ പരീക്ഷിതരായേക്കാം. അപ്രകാരം നാം ചെയ്യുമ്പോൾ ദൈവം തരുന്ന നന്മകൾ സ്വീകരിക്കുവാൻ നാം അപ്രാപ്തരാവുകയും, അവിശ്വാസികളാകുകയുമാണ് ചെയ്യുന്നത്.

ദുഷ്ടശക്തികളെ കർത്താവ് പുറത്താക്കുന്നു എന്നത് നമുക്കൊരു സുവാർത്തയാണ് നമ്മളിലുള്ള തിന്മ, വൈരുദ്ധ്യം എന്നിവകളെ പുറത്താക്കുവാൻ നമുക്കു കഴിവില്ല. ശിഥിലമായ ആളത്വങ്ങളെ ഒന്നിപ്പിക്കുവാൻ നാം അശക്തരാണ്. ദുർമാർഗ്ഗത്തോട് വിടപറയുവാൻ ആഗ്രഹിച്ചിട്ട് സാധിക്കാത്തവരും അനേകരാണ്. എന്നാൽ യേശു ക്രിസ്തുവിലൂടെ ഈവക ദുഷ്ടശക്തികളെ നമുക്ക് ഉൻമൂലനം ചെയ്യുവാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ നമ്മുടെ അകമേയും പുറമേയുമുള്ള സകല ശത്രുക്കളേയും ക്രൂശിൽ വച്ച് കർത്താവ് തോൽപ്പിച്ചല്ലോ.

സെപ്റ്റംബർ 1
വാങ്ങിപ്പിനുശേഷം മൂന്നാം ഞായർ
(സന്ധ്യയുടെ ഏവൻഗേലിയോൻ)
വി. മത്താ. 19:1–12

വേദപുസ്തക വീക്ഷണത്തിൽ മനുഷ്യൻ ദൈവത്തോടും സമൂഹത്തോടും ബന്ധപ്പെട്ടവനായത്രെ ജീവിക്കേണ്ടത്. കുടുംബം സമൂഹത്തിന്റെ അടിസ്ഥാന ഘടകമാകയാൽ സാമൂഹ്യജീവിയായ മനുഷ്യന്റെ പ്രാരംഭ പരിശീലന കളരിയാണ്. ഈ വായനയിൽ കുടുംബത്തെക്കുറിച്ചുള്ള യേശുവിന്റെ വ്യക്തമായ ഉപദേശം അടങ്ങിയിരിക്കുന്നു.

സൃഷ്ടിതാവായ ദൈവത്തിന്റെ ഉപദേശവും നിയോഗവുമാണ് ഭാര്യഭർത്തൃബന്ധം. സൃഷ്ടിയിൽ ദൈവത്തിന്റെ ലക്ഷ്യം വെളിപ്പെട്ടിരിക്കുന്നത് ഈ വിധത്തിലാണ്. വിവാഹം കേവലം മാനുഷികമായ തീരുമാനമല്ല, പ്രത്യുത ദൈവനിയോഗമാണ്. അപ്പോൾ മനുഷ്യബന്ധങ്ങളിൽ ദൈവസ്വഭാവം വെളിപ്പെടുന്നതിന് ഇടയാകും.

ദൈവം കൽപ്പിച്ച വിവാഹത്തിന്റെ മാതൃകയാണ് ആദാമും ഹവ്വായും, ആദാമിനെ ഹവ്വായ്ക്കായും, ഹവ്വായെ ആദാമിനായും, ദൈവം സൃഷ്ടിച്ചു. മറ്റാർക്കും വേണ്ടിയല്ല. അതിനാൽ ആ ബന്ധം പരിപൂർണ്ണവും, പിരിയാൻ പാടില്ലാത്തതുമാണ്. വിവാഹിതരാകുന്ന ദമ്പതികൾ ഈ മാതൃകയിൽ വിവാഹിതരാകണം.

വിവാഹബന്ധത്തിൽ രണ്ടു വ്യക്തിത്വങ്ങൾ ഇണങ്ങിച്ചേരുന്നതിനാൽ കുടുംബത്തിന്റേതായി ഒരു പുതിയ വ്യക്തിത്വം രൂപം കൊള്ളുകയാണ്. വ്യക്തിത്വങ്ങളിലുള്ള അന്തരങ്ങൾ തിരിച്ചറിഞ്ഞു പരസ്പരധാരണയിലും, വിട്ടുവീഴ്ചയിലും, അന്യോന്യം പൊരുത്തപ്പെട്ടു ക്രിസ്തുവിൽ ഒരു പുതിയ വ്യക്തിത്വം ഉളവാകുന്നതിനു വിവാഹബന്ധത്തിലൂടെ സാധിക്കണം.

അടിമത്തമല്ല (domination) സഹവർത്തിത്വമാണ് കുടുംബജീവിതത്തിൽ വളരേണ്ടത്. പുരുഷനും സ്ത്രീയും തുല്യവിലയുള്ളവരാണ്. രണ്ടു പേരും കുടുംബത്തിന്റേയും, സമൂഹത്തിന്റേയും ജീവിതത്തിൽ തുല്യപങ്കാളിത്തമുള്ളവരാണ്. രണ്ടുപേരുടേയും വ്യക്തിത്വത്തിന് അംഗീകാരമുണ്ടാവണം, കഴിവുകൾക്കു പരിപോഷണമുണ്ടാവണം ഒന്നാക്കപ്പെടുന്ന അവസ്ഥയിൽ അവിശ്വസ്തതയ്ക്ക് സ്ഥാനമില്ല. സുസ്ഥിരതയുള്ള കുടുംബജീവിതവും, ബന്ധങ്ങളും ദൈവം ആഗ്രഹിക്കുന്നതാണ്, അനുഗ്രഹത്തിനുള്ള മാർഗ്ഗം അതു തന്നെയാണ്.

ദൈവികമായ ഈ നിയോഗം യാതൊരു മാനുഷിക ഘടകങ്ങളാലും അറ്റു പോകുന്നതിന് ഇടയാകരുത്. സിവിൾ നിയമമനുസരിച്ച് വിവാഹം ഒരു ഉടമ്പടിയാണ്. ക്രിസ്തീയ പ്രമാണമനുസരിച്ച് അത് ഒരു ഉടമ്പടിയും, രഹസ്യവുമാണ് ഈ ഉടമ്പടിയുടെ മദ്ധ്യസ്ഥൻ ദൈവമാണ്. വിവാഹകാലത്ത് പുരുഷനും, സ്ത്രീയും അവരുടെ മെച്ചമായ സ്ഥിതിയിൽ കാണപ്പെടുന്നു. നാളുകൾ കഴിയുമ്പോൾ ജീവിതത്തിന്റെ പരുപരുത്ത വശങ്ങൾ കണ്ടെത്തുമ്പോഴും അവർ ഒരുമിച്ചു നിന്ന് അതിനെ അഭിമുഖീകരിക്കുവാൻ പ്രാപ്തരാകുന്നു.

ഇന്നു സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ശിഥിലീകരണ അധാർമ്മിക പ്രവണതകളെ ചെറുക്കുന്നതിനുള്ള മാർഗ്ഗം ഉത്തമമായ കുടുംബങ്ങൾ കെട്ടിപ്പെടുക്കുകയാണ്. നല്ല കുടുംബാന്തരീക്ഷത്തിൽ ജനിച്ചു വളരുന്ന കുഞ്ഞുങ്ങൾ സമൂഹത്തിൽ ജീവിത മൂല്യങ്ങൾ ഉയർത്തിപ്പിടിക്കും.

വിവാഹത്തിന്റെ നിർമ്മലമായ അവസ്ഥ കാത്തുസൂക്ഷിക്കുന്നതിനും, കുടുംബമായി ക്രിസ്തുവിനെ സാക്ഷിച്ച്, സമൂഹത്തിൽ നല്ല മാതൃക കാട്ടുന്നതിനും ദൈവം സംഗതിയാക്കട്ടെ.

സെപ്റ്റംബർ 8
വാങ്ങിപ്പിനുശേഷം നാലാം ഞായർ
വി. മത്തായി 5:38–48

ക്രൈസ്തവ മേഖലയിലെന്നപോലെ ക്രൈസ്തവേതരമേഖലകളിലും സ്വാധീനം ചെലുത്തിയ യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിലെ സവിശേഷശ്രദ്ധയാകർഷിക്കുന്ന ഭാഗമാണ് ഇന്നത്തെ വായന. യിസ്രായേൽ മക്കൾക്ക് മോശയിലൂടെ നൽകപ്പെട്ട ധർമ്മശാസ്ത്രത്തിന്റെ പുനരാഖ്യാനത്തിലൂടെ ദൈവരാജ്യത്തിന്റെ നവ്യവും, സമഗ്രവുമായ അർത്ഥപ്രയോഗതലങ്ങളെ അനാവരണം ചെയ്യുകയാണ് യേശു ഇവിടെ ചെയ്യുന്നത്.

(38-ാം വാക്യം മുതൽ 40 വരെയുള്ള ഭാഗങ്ങൾക്ക് ലേവ്യ 24:20, പുറപ്പാട് 21:23–25, ആവ. 19:20 എന്നീ പഴയനിയമ ഭാഗങ്ങൾകൂടി വായിക്കുക.)

മനുഷ്യൻ സമൂഹമായി ജീവിക്കുമ്പോൾ പെട്ടെന്നുള്ള പ്രകോപനം കൊണ്ടായാലും, കരുതിക്കൂട്ടി ആയാലും മറ്റൊരാളിന് ദോഷം വരത്തക്കവണ്ണം പെരുമാറാൻ പാടില്ല എന്നത് ന്യായപ്രമാണനിയമങ്ങളുടെ അടിസ്ഥാന തത്ത്വമാണ്. ഹമ്മുറാബിയുടെ നിയമത്തിൽ അൽപ്പം വിത്യാസം ഉണ്ട്. ഒരു 'മാന്യന്റെ' കണ്ണാണ് നഷ്ടപ്പെട്ടതെങ്കിൽ നഷ്ടപ്പെടുത്തിയവന്റെ കണ്ണ് നശിപ്പിക്കണം എന്നാൽ ഒരു ദരിദ്രന്റെ കണ്ണാണ് നഷ്ടപ്പെട്ടതെങ്കിൽ ഒരു 'മീന' (ചെറിയ വെള്ളിനാണയം) പകരം കൊടുത്താൽ മതിയാകും. ഹമ്മുറാബിയുടെ നിയമത്തെക്കുറെക്കൂടി പരിഷ്കരിച്ച് എല്ലാവർക്കും തുല്യനീതി ഉറപ്പാക്കുന്ന നിയമമായാണ് ന്യായപ്രമാണത്തിൽ കാണുന്നത്. ഈ നിയമത്തെ ദൈവരാജ്യസന്ദേശത്തിന്റെ വെളിച്ചത്തിൽ യേശുക്രിസ്തു ഇവിടെ പുനർവ്യാഖ്യാനം ചെയ്യുകയാണ്. ചുങ്കക്കാരും, വിജാതീയരും പാലിക്കുന്ന അതേ ധാർമ്മിക പ്രമാണങ്ങൾ പാലിക്കുന്നതിൽ സംതൃപ്തിയും, ഗർവ്വും കാണിച്ചിരുന്ന യഹൂദമത സമൂഹത്തോടാണ് പുതുക്കപ്പെട്ട ഒരു സാമൂഹ്യ വ്യവസ്ഥിതിയുടെ രൂപരേഖ യേശു അവതരിപ്പിക്കുന്നത്.

ശത്രുക്കളെ സ്നേഹിക്കുക, ദ്രോഹിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുക എന്ന വാക്യത്തെ റൈനോൾഡ് നീസൂർ എന്ന ചിന്തകൻ അസാധ്യമായ സാധ്യത എന്നാണ് വിശേഷിപ്പിക്കുന്നത്. മാനുഷിക പരിഗണനയിൽ അത് അസാധ്യവും, വിഡ്ഢിത്തവുമായി തോന്നാമെങ്കിലും യേശുക്രിസ്തു തന്റെ ജീവിതത്തിലൂടെ നിറവേറ്റിയ പുതിയ ധാർമ്മിക സംഹിതയായിരുന്നു ഇത്. ഇന്നും ക്രൂശിന്റെ പാതയിലൂടെ യേശുവിനെ അനുഗമിക്കുന്ന ശിഷ്യഗണത്തിലൂടെ ഈ പുതിയ സംഹിത ലോകത്തിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു.

ഈ പുതിയ ജീവിതശൈലിയിലൂടെയാണ് നമ്മൾ സ്വർഗ്ഗസ്ഥനായ പിതാവിന്റെ പുത്രന്മാരായി തീരുന്നത്; പിതാവിന്റെ പരിപൂർണ്ണതയിലേക്ക് നമ്മൾ പ്രവേശിക്കുന്നത്. നാം ദൈവപുത്രന്മാരാണോ എന്ന് ലോകം ഗ്രഹിക്കുന്നത് നമ്മുടെ ജീവിത ശൈലിയിൽ നിന്നാണ്. അസാധാരണ അവകാശവാദങ്ങളുന്നയിക്കുന്ന വെറും സാധാരണ

വിശ്വാസപാഠം

ദൈവാലയത്തിലെ മണിയടിക്കൽ-മണികിലുക്കൽ-വിളക്കു കത്തിക്കൽ-ധൂപാർപ്പണം ഇവയെല്ലാം ജാതികളെ കണ്ടുപഠിച്ചതല്ലേ? വേദപുസ്തകത്തിലുണ്ടോ?

ഇതു വേദപുസ്തകം മുഴുവൻ വായിച്ചിട്ടുള്ളവരുടെ സംശയമല്ല. മണിയടിക്കുന്നത് വിശ്വാസികളെ പ്രാർത്ഥനാസമയം അറിയിക്കുന്നതിനാണ്. ചെറിയ മണി കിലുക്കുന്നത് വി. ശുശ്രൂഷകളുടെ പ്രധാന ഭാഗങ്ങളിൽ ആരാധകരുടെ ശ്രദ്ധയെ ആകർഷിക്കുവാനാണ്. ഇതിലൊന്നും ജാതികളുടെ സ്വാധീനമില്ല. മണിക്കു പകരം ചിലർ തമ്പേർ ഉപയോഗിക്കുന്നുണ്ടല്ലോ. ഓടുകൊണ്ട് നിർമ്മിച്ച മണി അടിച്ചാൽ ജാതികളുടേതുമാണ്, വേദപുസ്തകത്തിലുമില്ല. തുകലുകൊണ്ടുള്ള തമ്പേറിലടിച്ചാൽ കുറവുമില്ല.

വിളക്കുകത്തിക്കാൻ – ധൂപാർപ്പണം.

പുറപ്പാടു പുസ്തകത്തിലും മറ്റും യഹോവ കൽപ്പിക്കുന്നു എന്നു പ്രസ്താവിക്കപ്പെടുന്ന ഭാഗങ്ങൾ മോശയുടേതല്ല-യഹോവയുടേതാണ്. യഹോവ പറയുന്നു. "സഭയിൻ കൂടാരത്തിൽ വിളക്കു നിരന്തരം കത്തിക്കൊണ്ടിരിക്കേണ്ടതിനു യിസ്രയേൽ മക്കൾ വിളക്കിന് ഇടിച്ചെടുത്ത തെളിവുള്ള ഒലിവെണ്ണ നിന്റെ അടുക്കൽ കൊണ്ടുവരുവാൻ അവരോട് കൽപ്പിക്ക..... അഹറോനും പുത്രന്മാരും അതിനെ വൈകുന്നേരം മുതൽ പ്രഭാതം വരെ യഹോവയുടെ മുമ്പാകെ കത്തുവാന്തക്കവണ്ണം വെക്കേണം. ഇതു...... എന്നേക്കുമുള്ള ചട്ടമായിരിക്കണം (പുറപ്പാട് 27:20,21)

പുറ. 30:7,8 വായിക്കുക "അഹറോൻ കാലത്തുതോറും അതിന്റെമേൽ സുഗന്ധ ധൂപം കാട്ടണം. അവൻ വിളക്കുകൾ തുടെക്കുമ്പോൾ അതിൻമേൽ ധൂപം കാട്ടണം. അതു നിങ്ങളുടെ തലമുറയായി എപ്പോഴും യഹോവയുടെ മുമ്പാകെയുള്ള ധൂപം ആയിരിക്കണം.

പുറ. 37:17,18 – അവൻ (മോശ) ശുദ്ധപൊന്നുകൊണ്ട് കവരവിളക്കും (Candle stick -Eng. Bible)ഉണ്ടാക്കി. ആ വിളക്കിനെ അടിക്കപ്പെട്ട പൊന്നുകൊണ്ട് അവൻ ഉണ്ടാക്കി.

ഇതിൽ നിന്നും തിരികത്തിക്കാനും, ധൂപാർപ്പണം നടത്താനും കൽപ്പിച്ചത് യഹോവയാണെന്നു മനസിലായി കാണുമല്ലോ. തലമുറയായി നീണ്ടുനിന്ന പതിവുകൾ യോഹന്നാന്റെ പിതാവായ സെഖര്യാവിന്റെ കാലത്തും ഉണ്ടായിരുന്നു. ധൂപാർപ്പണ സമയത്തായിരുന്നല്ലൊ ദൂതൻ പ്രത്യക്ഷപ്പെട്ടത്. (ലൂക്കോ. 1:9). തിരികത്തിക്കൽ-ധൂപാർപ്പണം, വൈദികർ ഇതൊന്നും കർത്താവ് എതിർത്ത കാര്യങ്ങളല്ല. ദേവാലയത്തിനുള്ളിലെ കച്ചവടവും, അഴിമതിയുമാണ് കർത്താവ് എതിർത്തത്, നിഴലായിരുന്ന ബലിപുജാദികളെയാണ് കർത്താവ് നിർത്തലാക്കിയത്. കർത്താവിന്റെ ശിഷ്യന്മാരും പാരമ്പര്യാനുസരണമുള്ള തിരികളും ധൂപവും ഉപയോഗിച്ചിരുന്നു. യോഹന്നാൻ ശ്ലീഹാ വെളിപാടിൽ കണ്ടതായ കുഞ്ഞാടിനു പോലും വിളക്കും ധൂപവും നിഷിദ്ധമായിരുന്നില്ല. (വെളി. 8:3,4) മറ്റൊരു ദൂതൻ ഒരു സ്വർണ്ണ ധൂപകലശവും (ധൂപക്കുറ്റി) ആയി വന്നു യാഗപീഠത്തിനരികെ നിന്നു, സിംഹാസനത്തിനു മുന്നിലുള്ള സ്വർണ്ണപീഠത്തിൽ സർവ്വ വിശുദ്ധന്മാരുടേയും പ്രാർത്ഥനയോടു ചേർക്കേണ്ടതിനു വളരെ ധൂപവർഗ്ഗം അവനുകൊടുത്തു. ധൂപവർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടി ദൂതന്റെ കൈയ്യിൽ നിന്ന് ദൈവസന്നിധിയിലേക്ക് കയറി. ദൈവത്തിനു സുഗന്ധവർഗ്ഗത്തോട്, ധൂപത്തോട് വിരോധമില്ല. വിരോധമുള്ളത് ആധുനിക 'ദൈവമക്കൾ'ക്കു മാത്രം.

ധൂപസൂചനകൾ–

1. നമ്മുടെ പ്രാർത്ഥനകൾ അഗ്നിയിൽ എന്ന പ്രകാരം പരിശോധന ചെയ്യപ്പെടുമെന്നും

2. നമ്മുടെ പ്രാർത്ഥനകൾ തെരഞ്ഞെടുക്കപ്പെട്ട സുഗന്ധം പോലെ ആയിരിക്കണമെന്നും

3. ആ ധൂപകലശത്തിലെ സുഗന്ധമേറ്റു ദൈവം പ്രസാദിക്കുന്ന കണക്കെ, നമ്മുടെ പ്രാർത്ഥനകളാൽ ദൈവം പ്രസാദിക്കണമേ എന്നും.

4. ധൂപകലശത്തിലെ പുക മേലോട്ടുയരുന്ന കണക്കെ നമ്മുടെ പ്രാർത്ഥനകളും ദൈവസന്നിധിയിലേക്കു കരേറുന്നു.

മണിയടി, സുഗന്ധ ധൂപങ്ങൾ, തിരികത്തിക്കൽ എന്നിവയെല്ലാം ദൈവപ്രത്യക്ഷതയുടെ പ്രതിഫലനങ്ങളാണ്. പ്രസ്തുത കാര്യങ്ങൾ വഴിയായി നമുക്കു നമ്മുടെ വിശ്വാസം സ്ഥിരീകരിക്കുന്നതിനും, ഉറപ്പിക്കുന്നതിനും സാധിക്കുന്നു. നമ്മുടെ ഉള്ളിൽ നിശ്ശബ്ദമായി കിടക്കുന്ന ആരാധനാബോധത്തെ ഉണർത്തുന്നതിനും ഉത്തേജനം നൽകുന്നതിനും ഈ വക കാര്യങ്ങൾക്കു സാധിക്കും.

☞☞

ക്കാരാണ് ക്രിസ്ത്യാനികൾ എന്നു ഡോ. രാധാകൃഷ്ണനെപ്പോലുള്ള പ്രതിഭാശാലികൾ പറയുന്നത് നമ്മുടെ ജീവിതവും, ആദർശവും തമ്മിലുള്ള അന്തരത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

ഈ ലോകത്തിൽ ദൈവരാജ്യത്തിന്റെ രഹസ്യമായിരിക്കുവാനാണ് സഭയായി നമ്മളെ വിളിച്ചിരിക്കുന്നത്. ലോകത്തിന്റെ നീതിയെ വെല്ലുവിളിക്കുന്ന ദൈവരാജ്യത്തിന്റെ നീതിബോധവും, മൂല്യവും നമ്മുടെ ജീവിതത്തിൽ പ്രകടിപ്പിക്കുവാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്.

ശത്രുതയും, വഴക്കും, കേസും, നമ്മുടെ കൂട്ടായ്മകളേയും ഇടവകകളുടേയും, സഭയുടേയും ജീവിതത്തിൽ കറുത്ത നിഴൽപ്പാടുകൾ വിരിയിക്കുന്ന ഇന്ന്. ഈ നൂതന വ്യവസ്ഥിതിയിലെ ധർമ്മശാസ്ത്രത്തെക്കുറിച്ചുള്ള ബോധവും, അത് അനുസരിക്കുന്നതിനുള്ള ദൈവകൃപയും ഏറ്റം ആവശ്യമായിരിക്കുന്നു.

ആത്മനിർദ്ദേശം -മനസ്സിനുള്ളിലെ പ്രകാശനാളം

– ഗുരുജി

സമർത്ഥനായ ഒരു കോളജ് അദ്ധ്യാപകൻ ഒരിക്കൽ പറഞ്ഞു. "സർ, ക്രിയാത്മകമായി പലതും ചെയ്താൽ കൊള്ളാമെന്ന ആഗ്രഹം ഉണ്ട്. അതിനുള്ള കഴിവും മനോഭാവവും ഉണ്ടെന്നാണെന്റെ വിശ്വാസം. പക്ഷേ ഒരിടത്തുനിന്നും ഒരു പ്രോത്സാഹനവും ലഭിക്കുന്നില്ല. സഭയിലും, സമൂഹത്തിലും സ്ഥാപനത്തിലും നിരുത്സാഹപ്പെടുത്തുന്ന അനുഭവങ്ങളാണുണ്ടാകുന്നത്. ഞാൻ നിരാശനാണ്. എന്താണ് ചെയ്യേണ്ടത്?"

വേണ്ടസമയത്ത് പ്രചോദനവും, പ്രോത്സാഹനവും, അവസരവും ലഭിക്കാത്തതുമൂലം കഴിവുകൾ മുരടിച്ച് സ്വന്തം മാളത്തിൽ ഒതുങ്ങിക്കൂടുന്ന ഇത്തരം ധാരാളം വ്യക്തികൾ നമ്മുടെ സമൂഹത്തിലുണ്ട്. മറ്റാരുടെയെങ്കിലും സഹായമില്ലാതെ പ്രതികൂലസാഹചര്യങ്ങളെ സ്വയം നേരിടാൻ അവർക്കു കഴിയില്ല. അത്തരക്കാർക്ക് മനഃശാസ്ത്രജ്ഞന്മാർ പറഞ്ഞുകൊടുക്കുന്ന ഒരു മരുന്നാണ് ആത്മ നിർദ്ദേശം (Auto Suggestion). ചുറ്റുപാടും കൂരിരുട്ടാവുമ്പോൾ നമുക്കു വഴി കാണിച്ചു തരേണ്ടത് നമ്മുടെ മനസ്സിൽ നാം സ്വയം കത്തിച്ചു വയ്ക്കേണ്ട തിരിനാളമാണ്. അതിന്റെ പ്രകാശവലയത്തിൽ നിന്ന് സ്വയം പ്രചോദിതനായി മുന്നോട്ട് കുതിക്കാനുള്ള ശക്തി ലഭിക്കുന്നു. അതാണ് "ഓട്ടോ സജഷൻ" അഥവാ ആത്മ പ്രേരിതമായ നിർദ്ദേശം.

അങ്ങനെയുള്ളവരെ ആവേശംകൊള്ളിക്കുന്ന ജീവിതകഥയാണ് വിൽമാ റുഡോൾഫിന്റേത്. അമേരിക്കയിലെ ഒരു ദരിദ്ര കുടുംബത്തിൽ പിറന്നവളാണ് വിൽമാറുഡോൾഫ്. നാലുവയസ്സായപ്പോൾ അവൾക്ക് ന്യുമോണിയാ പിടിപെട്ടു. കൂട്ടത്തിൽ സ്കാർലറ്റ് പനിയും. അതോടെ പോളിയോമൂലം അവളുടെ ഇടതുകാൽ തളർന്നുപോയി. കാലിനുതാങ്ങില്ലാതെ നടക്കാനാവാതെയായി. ഡോക്ടർമ്മാർ വിധിയെഴുതി "ഒരിക്കലും അവൾക്കിനി നിലത്തു കാലുകുത്തി നടക്കാനാവില്ല". പക്ഷേ വിൽമയുടെ അമ്മ നിരാശയായില്ല. അവർ വിൽമയോടു പറഞ്ഞു, "മോളേ, ദൈവം നിനക്കു തന്നിരിക്കുന്ന കഴിവും സ്ഥിരോത്സാഹവും വിശ്വാസവും ഉണ്ടെങ്കിൽ നീ ആഗ്രഹിക്കുന്നതെന്തും നേടിയെടുക്കാനാവും". അമ്മയുടെ പ്രോത്സാഹനം വിൽമയുടെ മനസ്സിൽ ആത്മപ്രേരിതമായ ഒരാശയത്തിന്റെ തിരിനാളം കത്തിച്ചു. വിൽമ അവളോടു തന്നെ പറഞ്ഞു, "ഞാൻ ഈ ഭൂമുഖത്തുള്ള ഏതു ട്രാക്കിലും ഓടുന്ന ഏറ്റവും വേഗം കൂടിയ ഓട്ടക്കാരിയാവും." അവളുടെ മനസ്സിന്റെ അടിത്തട്ടിലേക്ക് തീവ്രമായ ഈ ആശയത്തിന്റെ അലകൾ ചൂഴ്ന്നിറങ്ങി. ഊണിലും ഉറക്കത്തിലും ഈ നിർദ്ദേശം അവൾ ആവർത്തിച്ചുകൊണ്ടിരുന്നു.

9–ാമത്തെ വയസ്സിൽ, ഡോക്ടർമാരുടെ നിർദ്ദേശത്തെ അവഗണിച്ച്, കാലിനു കൊടുത്തിരുന്ന താങ്ങ് (brace) അവൾ അഴിച്ചുമാറ്റി, ആദ്യമായി നിലത്തു കാലു കുത്തി. മെല്ലെ മെല്ലെ നടക്കാൻ അഭ്യസിച്ചു. 13–ാ മത്തെ വയസ്സിൽ ടെന്നസ്സി സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ വിൽമക്ക് അഡ്മിഷൻ ലഭിച്ചു. അന്തഃപ്രേരിതമായ ആഗ്രഹത്തിന്റെ സ്വാധീനത്തിൽ അവൾ ഓട്ടം പരിശീലിക്കാൻ തുടങ്ങി. അതോടെ വിൽമയെ തേടി എഡ് ടെമ്പിൽ എന്ന ഒളിംബിക്സ് പരിശീലകൻ എത്തി. "എനിക്കീ ഭൂമിയിലെ ഏറ്റവും വേഗം കൂടിയ ട്രാക്ക് റണ്ണർ ആവണം." വിൽമാ റുഡോൾഫ് തന്റെ പരിശീലകനോട് പറഞ്ഞു. എഡ് ടെമ്പിളിന്റെ മറുപടി ഇതായിരുന്നു. "നിന്റെ ഈ വലിയ ഇച്ഛാശക്തിയെ തടയാൻ ആർക്കും സാധ്യമല്ല. സഹായത്തിന് ഞാൻ എപ്പോഴും കൂടെ ഉണ്ടാവും". പിന്നീട് നടന്നത് പോളിയോ വന്ന് തളർന്ന കാലുമായുള്ള തീവ്രമായ പരിശീലന പദ്ധതികളായിരുന്നു.

1960–ലെ ഒളിമ്പിക്സിന്റെ ദിനങ്ങൾ അടുത്തുവന്നു. ട്രാക്ക് ഇനങ്ങളിൽ അജയ്യയായ ജൂട്ടാ ഹെനർ ആയിരുന്നു വിൽമയുടെ കടുത്ത എതിരാളി. പക്ഷേ പിൻമാറുമ്പോൾ ഒളിംപിക്സിന്റെ ചരിത്രം തിരുത്തികുറിച്ചു. നൂറ് മീറ്റർ, ഇരുനൂറു മീറ്റർ ഓട്ടത്തിലും 400 മീറ്റർ ഹർഡിൽസിലും ജൂട്ടാ ഹെനറെ പിൻതള്ളി വിൽമാ റുഡോൾഫ് ഒളിമ്പിക്സിൽ സ്വർണ്ണം നേടി. പോളിയോമൂലം കാലു തളർന്നുപോയ ഒരു പെൺകുട്ടിക്ക് ലോകത്തിലെ ഏറ്റവും വേഗം കൂടിയ ഓട്ടക്കാരിയാവാൻ സാധിച്ചത് മറ്റൊന്നും കൊണ്ടല്ല, തീവ്രമായ വിശ്വാസത്തിൽ പൊതിഞ്ഞ ആത്മ നിർദ്ദേശമായിരുന്നു.

സർഗ്ഗാത്മക ചിന്തകളെ മനസ്സിൽ താലോലിച്ച് ആവർത്തിച്ച് മനസ്സിനെ ബോധ്യപ്പെടുത്തുന്ന ആത്മപ്രേരിതമായ നിർദ്ദേശമാണ് "ഓട്ടോ സജഷൻ". നിഷേധാത്മകവികാരങ്ങളെ ക്രിയാത്മക പ്രവർത്തനങ്ങളാക്കി മാറ്റാൻ ഇതിനു കഴിയും. പ്രതിബന്ധങ്ങളെ ചവിട്ടുപടികളാക്കി മുന്നോട്ടു കയറാൻ ഇത് ഉൾപ്രേരണ നൽകും. ബധിരനായിരുന്ന ബിഥോവാനെ സംഗീതസാമ്രാട്ടാക്കിയതും, അന്ധനായിരുന്ന മിൽട്ടനെ പ്രകൃതിയെക്കുറിച്ച് മനോഹരമായ കവിത കുറിക്കാൻ സഹായിച്ചതും, വീൽചെയറിൽ ഇരുന്ന് പ്രവർത്തിച്ച് ലോകത്തിലെ ഏറ്റവും വലിയ നേതാക്കന്മാരിലൊരാളായിതീരാൻ ഫ്രാൻങ്കിലിൻ റൂസ്വെൻറ്റിനെ സഹായിച്ചതും ആത്മ നിർദ്ദേശമായിരുന്നു. 23–ാം സങ്കീർത്തനങ്ങൾ മുഴുവൻ ഓട്ടോ സജഷൻ ആണ്. കുട്ടികൾ മനഃപാഠമാക്കി ഈ സങ്കീർത്തനം ദിവസവും ആവർത്തിച്ച് ഉറക്കെ പറയാൻ പ്രേരിപ്പിച്ചാൽ കുടുംബങ്ങളിലെ ആത്മവിശ്വാസം വർദ്ധിക്കും. ഇതിനു സഹായിക്കുന്ന മറ്റ് ധാരാളം മാർഗ്ഗങ്ങളും പ്രസ്താവനകളും വി. വേദപുസ്തകത്തിലുണ്ട്.

"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു."

(I Can do all things through God who strengthen me) (ഫിലി. 4:13)

"ദൈവം നമുക്കനുകൂലം എങ്കിൽ പ്രതികൂലം ആര്"?

(If God be for us, who can be against us?) (റോമർ 8:31)

വിശ്വാസം ഉണ്ടെങ്കിൽ..... നിങ്ങൾക്ക് അസാധ്യമായത് ഒന്നുമില്ല.

(If you have faith, nothing shall be impossible for you)
(മത്താ. 17:20)

കുടുംബ പ്രാർത്ഥനാസമയത്ത് കുട്ടികളെക്കൊണ്ട് ഈ വാക്യങ്ങൾ ഉറക്കെ ചൊല്ലിക്കുക. ഈ വാക്യങ്ങൾ എഴുതിയ ഫലകങ്ങൾ കിടക്കമുറിയിലും, പഠനമുറിയിലും, സ്വകാര്യമുറിയിലും ഭിത്തിയിൽ തൂക്കി ഇടുക. പുസ്തകതാളുകളിലും നോട്ട്ബുക്കുകളിലും ഇവ എഴുതി വയ്ക്കുക. നടക്കുമ്പോഴും, ഉറങ്ങാൻ കിടക്കുമ്പോഴും, കിടക്കയിൽ നിന്ന് എഴുന്നേൽക്കുമ്പോഴും ഈ വാക്യങ്ങൽ ഓരോ ദിവസവും ആവർത്തിച്ചു പറയുക. ആത്മവിശ്വാസവും സ്ഥിരോത്സാഹവും ഉണ്ടാകുവാൻ ഇത് സഹായിക്കും, പ്രതിബന്ധങ്ങളെ നേരിടാൻ ശക്തിയും കഴിവും ലഭിക്കും.

ഈ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന പ്രസിദ്ധമായ രണ്ട് പുസ്തകങ്ങളാണ് ശിവ ഖിരായുടെ 'You can win' (1988) ഉം, പോൾ ഹന്നായുടെ 'You can do it' (1917) ഉം. പ്രതികൂലസാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നവർ "എനിക്ക് വിജയിക്കുവാൻ കഴിയും" "എനിക്കിത് ചെയ്യാൻ സാധിക്കും" എന്ന് ആവർത്തിച്ചാവർത്തിച്ച് അന്തഃപ്രേരിതമായ നിർദ്ദേശങ്ങൾ ബോധമനസ്സിലെത്തിച്ചാൽ അവർ ലക്ഷ്യപ്രാപ്തിയിലെത്തും എന്നവർ രേഖപ്പെടുത്തുന്നു. നാം ഏതു രീതിയിൽ ചിന്തിക്കുന്നുവോ അതനുസരിച്ച് സുരക്ഷിതത്വമോ, അരക്ഷിതത്വമോ ഉണ്ടാകുമെന്നവർ വാദിക്കുന്നു. സ്വർഗ്ഗാത്മക ചിന്തകൾ മനോഭാവത്തെ മാറ്റി മറിക്കും. "യാഥാർത്ഥ്യങ്ങളെക്കാൾ പ്രധാനപ്പെട്ടത് മനോഭാവങ്ങളാണ്" (Attitudes are more important than facts) എന്ന് ഡോ. കാൾവെനിൻജർ എന്ന മഹാൻ പറയുന്നു. "നിങ്ങൾക്കിതു സാധിക്കും" എന്ന വിശ്വാസപൂരിതമായ മനോഭാവങ്ങളാണ് മാറ്റത്തിന്റെ തുടക്കം കുറിക്കേണ്ടത്. ഇതിനുള്ള ശക്തി ലഭിക്കേണ്ടത് ദൈവത്തിൽനിന്നാണ് എന്ന് 46-ാം സങ്കീർത്തനം വ്യക്തമാക്കുന്നു. ●

അടുത്ത ലക്കത്തിൽ

* സുപ്രീംകോടതിയുടെ അന്തിമവിധിക്കു ശേഷമുള്ള മലങ്കരസഭയിലെ സംഭവവികാസങ്ങൾ.
* സുപ്രീംകോടതി വിധി.
* പ്രശസ്തരായ എഴുത്തുകാരുടെ സഭാകേസു സംബന്ധിച്ച നിലപാടുകൾ.
* മലങ്കരസഭയുടെ ഭാവി.

കവിത

വിശ്വാസപ്രമാണം

എം.കെ. കോര

സർവ്വശക്തിയുള്ളവനാം പിതാവേ
അഗോചരഗോചരമെന്നിവയും
വിണ്ണുലകങ്ങളെയുമുളവാക്കി
സർവ്വസൃഷ്ടികളുടേം സൃഷ്ടാവേ
നീയേകം സത്യം ഞങ്ങളുടെ വിശ്വാസം
സർവ്വേശ്വരനുടെയേകൻ തനയൻ
സർവ്വലൗകീകാദികൾക്കും പകലെ
സർവ്വേശ്വനീന്നു ജനനമെടുത്ത്
പ്രകാശത്തീന്നു പ്രകാശവുമായി
സത്യദൈവത്തിനുള്ള ദൈവവുമെ
സൃഷ്ടിയല്ലാതെ ജനനമെടുത്ത്
സാരാംശത്തിൽ ജനകനുതുല്യം.
തന്നാൽ സകലവും നിർമ്മിതമായി
സ്വർഗ്ഗത്തീന്നിഹയിറങ്ങിയതോ?
നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി
വിശുദ്ധ റൂഹായീന്നെന്നതുവണ്ണം
ദൈവമാതാ കന്യകമറിയത്തീന്നും
മാനവനായി ശരീരമെടുത്ത്
പൊന്തിയോസ് പീലാത്തോസിൻ ദിവസേ
നമുക്കായി, ക്രൂശാരോഹിതനായി
കഷ്ടതയാൽ മരിച്ചടക്കിയിട്ടും
തിരുമനസ്സാലെ പ്രകാരം തന്നെ
മൂന്നാം ദിവസമുയിരുള്ളവനായ്
ഉയർത്തുയർന്നുയരേ സ്വർഗ്ഗം പൂകി
പിതാവിൻ വലഭാഗത്തായി സ്ഥാനം
തന്നുടെ വലിയ മഹത്വമൊടെ
ഇരുലോകത്തെയും വിധിപ്പാനായി
വീണ്ടും വരുമെന്നറിയിച്ചവനെ
അന്തമില്ലാത്തവനാം രാജാധീശാ
യേശുമിശിഹായാംയേക കർത്താവേ
നിന്നിലാണെന്നും ഞങ്ങടെ വിശ്വാസം
സകലവും ജീവിപ്പിക്കും കർത്താവേ
പിതാവിൽ നിന്നു പുറപ്പെട്ടതിനാൽ
പിതാവിനോടൊത്തും പുത്രനോടൊത്തും
വന്ദിതനായി സ്തുതിക്കപ്പെടുന്നോ
നിബിശ്ലീഹർമുഖമെ സംസാരിച്ച്
ജീവനൊടുത്തു വിശുദ്ധിയിലായി-
ട്ടേകൈകപരിശുദ്ധ റൂഹായിലും
കാതോലികവും ശ്ലൈഹീകവുമായോ-
രേകവിശുദ്ധ സഭയിലുമെന്നും
ഭംഗമതെന്യേ ഞങ്ങളെ വിശ്വാസം
പാപമോചനത്തിനു മാർഗ്ഗമൊന്ന്
മാമോദീസായേല്ക്കുക മാത്രം തന്നെ
ചെന്നെന്നേക്കും ഞങ്ങളേറ്റു പാടുന്നു.
ഞങ്ങളുടെ വിഗതർക്കുയിരിന്നും
വരും ലോകേനവ ജീവനുവേണ്ടി.
ഞങ്ങളെന്നും നോക്കിപ്പാർക്കുന്നതാമ്മീൻ. ●

ജീവിതയാതനകൾ ദൈവത്തെ അറിയുന്നതിനുള്ള മാർഗ്ഗം

- ഡോ. യൂഹാനോൻ റമ്പാൻ

പരുമല:- ജീവിതത്തിൽ വന്നു ചേരുന്ന യാതനകളും വേദനകളും ദൈവത്തെ അടുത്ത് അറിയുന്നതിനുള്ള മുഖാന്തരങ്ങൾ ആയി രൂപാന്തരപ്പെടുമെന്ന് ഡോ. യൂഹാനോൻ റമ്പാൻ ഉൽബോധിപ്പിച്ചു.

സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് സൊസൈറ്റിയുടെ 4-ാംമതു ഓർത്തഡോക്സ് കുടുംബ സംഗമത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ശാരീരികമായി അതിവേദന അനുഭവിക്കുന്ന സമയത്തും തന്റെ അടുക്കൽ എത്തുന്നവരെ ആശ്വസിപ്പിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവിതം നമുക്ക് മാതൃക ആയിരിക്കണം എന്ന് അദ്ദേഹം ഉപദേശിച്ചു.

പ്രാർത്ഥനയുടെ നെറ്റിൽ നാം പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു പ്രാർത്ഥിച്ചും പരസ്പരം സഹായിച്ചു ജീവിതം നയിക്കണം എന്നും വൈദിക സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. കെ.എം. ജോർജ്ജ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

ധാർമിക മൂല്യങ്ങൾക്ക് വില കുറഞ്ഞു വരുന്ന ഈ കാലങ്ങളിൽ മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് ഉത്തമ മാതൃകകളായി ജീവിക്കണം എന്ന് മുഖ്യ പ്രഭാഷണം നടത്തിയ റവ. ഫാദർ ജോർജ്ജ് പനയ്ക്കാമറ്റം ഉൽബോധിപ്പിച്ചു.

കരിസ്മാ ഇൻകറിയർ എന്ന വിഷയത്തിൽ ജോൺ പനയ്ക്കൽ വിദ്യാർത്ഥികൾക്ക് ക്ലാസ്സ് എടുത്തു. ജനറൽ സെക്രട്ടറി മോനി കല്ലംപറമ്പിൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു സംസാരിച്ചു.

മലങ്കരയുടെ പ്രഭുവും ശ്രേഷ്ഠ സഭാ പിതാവുമായിരുന്ന റവ. ഡോ. വി.സി. ശമുവേൽ അച്ചനെ കുറിച്ച് ഫാദർ ഡോ. കെ.എൻ. മാത്യു വൈദ്യൻ ഇ.ജെ. വറുഗീസ് എന്നിവർ ചേർന്ന് തയ്യാറാക്കിയ വൈദികരുടെ വൈദികൻ എന്ന പുസ്തകം റ്റി. ജെ. ജോൺ സദസിനു പരിചയപ്പെടുത്തി സംസാരിക്കുകയും ഈ പുസ്തകം സഭാ മക്കൾ വായിച്ച് പഠിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

റവ. ഡോ. എം.സി. ചെറിയാൻ, ഫാദർ പി.എം. കുറിയാക്കോസ്, ഫാ. സി.എസ്. തോമസ്, പ്രൊഫ. വറുഗീസ് പടിയറ, ബഞ്ചമിൻ നൈനാൻ, സണ്ണി ഫിലിപ്പ്, ബാബു വറുഗീസ്, ഷാലു സണ്ണി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

22-ാം പേജിൽ നിന്നു തുടർച്ച...

ദൃഷ്ടിയിൽപ്പെടാത്ത വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിൽ പ്രത്യേക നൈപുണ്യം ഈ കൃതിയിൽ പ്രകടിപ്പിച്ചിരിക്കുന്നു.

കഷ്ടതയിൽ ആശ്വാസം നൽകുന്ന ദൈവം, പരിശോധനയിൽ കൂടെയിരിക്കുന്ന ദൈവം എന്ന ആശയമാണ് ഈ പ്രസംഗങ്ങളുടെ അന്തഃസത്ത. വ്യക്തിപരമായി ജീവിതത്തിൽ നേരിട്ട കഷ്ടതയും പരിശോധനയും ദൈവകൃപയും കാരുണ്യത്തിന്റെയും അനർഘ നിമിഷങ്ങളായി അനുഭവപ്പെട്ടതിന്റെ വിവരണം വായനക്കാരിൽ "പ്രത്യാശയുടെ പുത്തൻ തീ" പകരും. ഓരോ പ്രസംഗവും ആനുകാലിക സംഭവങ്ങൾ, ഉദ്ധരണികൾ, ഉദാഹരണങ്ങൾ, സംഭവങ്ങൾ എന്നിവകൊണ്ട് പുരിപുഷ്ടിപ്പെടുത്തിയിരിക്കുന്നു. എല്ലാ നൂതന വിഷയങ്ങളും ഇതിൽ വിശകലനം ചെയ്യുന്നു. സൂക്ഷ്മ നിരീക്ഷണവും സമഗ്രപഠനവും ഈ ഗ്രന്ഥത്തിന്റെ ആധികാരികത വർദ്ധിപ്പിക്കുന്നു.

3. ഇടയന്റെ പാതയിൽ

ദിവ്യബോധനം ഗ്രന്ഥാവലിയിൽ വൈദികർക്കും സഭാ ശുശ്രൂഷകർക്കും മാർഗ്ഗനിർദ്ദേശം നൽകുന്ന കൃതിയാണ്. ഇടയന്റെ പാതയിൽ. ദീർഘമായ വൈദിക ശുശ്രൂഷയുടെയും അതിവിപുലമായ അനുഭവങ്ങളുടെയും അദ്ധ്യാപനത്തിന്റെയും വെളിച്ചത്തിലുള്ള ഈ കൃതി പ്രായോഗിക ദൈവശാസ്ത്ര (Practical Theology) രംഗത്തെ ആദ്യത്തെ പൂർണ്ണഗ്രന്ഥമാണ്.

ക്രിസ്തീയ പ്രവർത്തകന്റെ വിളിയും ജീവിതവും, സഭാ ശുശ്രൂഷകൻ ഇടവക തലത്തിൽ, വ്യക്തിഗത പ്രവർത്തനങ്ങൾ, സഭാശുശ്രൂഷ സാമൂഹിക തലത്തിൽ എന്നിങ്ങനെ നാലു യൂണിറ്റുകളിലായി 24 പാഠങ്ങളാണിതിൽ ക്രമീകരിച്ചിരിക്കുന്നത്.

അജപാലനരംഗത്തും സഭാ ശുശ്രൂഷയുടെ വിവിധ രംഗത്തും പ്രവർത്തിക്കുന്ന എല്ലാ വൈദികർക്കും അവൈദികർക്കും മാർഗ്ഗം പകരുന്ന കൈത്തിരിയാണിത് വചന ശുശ്രൂഷയെക്കുറിച്ചുള്ള രണ്ട് പാഠങ്ങൾ പ്രഭാഷണകലയുടെ അതിരുകൾ വ്യക്തമായി നിർണ്ണയിക്കുന്നു.

സഭാ ശുശ്രൂഷ ഫലപ്രദമാക്കുന്നതിന് പ്രായോഗിക പരിശീലനവും ബോധന മാർഗ്ഗങ്ങളും ആവശ്യമാണ്. വിജ്ഞാനത്തിന്റെ സൈദ്ധാന്തിക തലങ്ങൾ, കീഴടക്കിയവർ ഇടവക ശുശ്രൂഷകളിൽ പലപ്പോഴും മലർന്നടിച്ചു വീഴാറുണ്ട്. ആധുനികതയുടെ ആത്മീകവും ഭൗതികവുമായ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് പ്രായോഗിക സമീപനങ്ങൾ ശുശ്രൂഷാരംഗത്തുണ്ടായെങ്കിലേ വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ കഴിയൂ. അജപാലന-സഭാ ശുശ്രൂഷകളിൽ പുത്തൻ ദർശനങ്ങൾ പകരുന്ന ഉത്തമ കൃതിയാണ് ഇടയന്റെ പാതയിൽ.

1. വിശുദ്ധ ഐറേനിയോസ്, എം.ഒ.സി. ദേവലോകം, കോട്ടയം, വില. 40, പേജ് 115
2. തിരുവചന ധ്വനി, സി.എസ്.എസ്. തിരുവല്ല, വില 75, പേജ് 161
3. ഇടയന്റെ പാതയിൽ, ദിവ്യബോധനം, കോട്ടയം വില 50, പേജ് 171 ●

നീതി നടത്തിപ്പിലെ പൊടി കൈകൾ 6–ാം പേജിൽ നിന്നു തുടർച്ച.....

കളിലും അന്തിമമായി സുപ്രീംകോടതി തീർപ്പുകല്പിച്ചിരിക്കുന്ന ആരാധന മുടക്കുകയും ചിലത് പൂട്ടിക്കുകയും ചെയ്യുന്നു?

മിണ്ടാപ്രാണിയായ യു.ഡി.എഫ്. കൺവീനറേയും, മുൻ സ്പീക്കറും, മന്ത്രിയും ഇപ്പോൾ കോൺഗ്രസ്സ് ഉപ നേതാവും, നീതിന്യായപീഠത്തിന്റെ പ്രതിനിധിയുടെ അനുരഞ്ജനായോഗത്തിൽ നിന്നും വാക്കൗട്ട് നടത്തിയ നേതാവിനെയും, രംഗത്ത് വരാതെ അന്തർ നാടകം നടത്തുന്ന മറ്റൊരു മന്ത്രിയുടെയും രാഷ്ട്രീയ സ്വാധീനത്തിന് അധീനമായാണ് കേരളത്തിന്റെ ആഭ്യന്തരവകുപ്പ് നിയമ സംവിധാനം വളച്ചൊടിക്കുന്നത് എങ്കിൽ അത് തെറ്റിപ്പോയി എന്ന് അധികാരികളെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

മത ആരാധനയെല്ലാം മനസ്സിൽ ഒതുക്കികൊണ്ട് നടക്കുന്ന മുഖ്യമന്ത്രി, ആരാധനയുടെയും പ്രാർത്ഥനയുടേയും മഹത്വത്തിലാണ് ക്ലിഫ് ഹൗസിൽ താമസിക്കുന്നതെന്ന് എലിസബേത്തിനോട് ചോദിച്ചാൽ മനസ്സിലാകും. മറ്റെന്തിനെക്കാളും ഉപരി ദൈവരാധനക്ക് പ്രാധാന്യം നല്കുന്ന ഒരു ക്രിസ്തീയ വിഭാഗമാണ് മലങ്കര ഓർത്തഡോക്സ് സഭ. സംഘട്ടനം ഉണ്ടാകാൻ ഇടയുണ്ടെന്ന ധാരണയിൽ ഈ ആരാധനകൾക്ക് സർക്കാർ തടയിടുന്നത് ഒരിക്കലും ദൈവമുൻപിലും, സമൂഹത്തിലും ജനാധിപത്യ വ്യവസ്ഥകൾക്കും യോജിച്ചതും നീതികരിക്കത്തക്കതും അല്ല.

ഏതാണ്ട് 1 മണിക്കൂറോളം ദീർഘമുള്ള വി. കുർബ്ബാന എന്ന സമൂഹ ആരാധനയിൽ ഒരു ഡസനിൽ അധികം പ്രാവശ്യം സമാധാനത്തിന് വേണ്ടിയും, "രാജ്യത്തെ നേതാക്കന്മാരെയും ഭരണാധിപന്മാരെയും കാത്തുകൊള്ളണ" മെന്ന് അനവധി പ്രാവശ്യം ആവർത്തിച്ച് ഉടയവനോട് സമൂഹമായി പ്രാർത്ഥിക്കുന്ന ക്രൈസ്തവ ആരാധന മിക്കവാറും എല്ലാ ദിവസങ്ങളിലും, പ്രത്യേകിച്ച് ഞായറാഴ്ചകളിലും നടത്തുന്ന കേരളത്തിലെ ഏക ക്രൈസ്തവ വിഭാഗമാണ് മലങ്കര ഓർത്തഡോക്സ് സഭ..

ആയതിനാൽ രാജ്യത്തെ നിയമ സമാധാന നടത്തിപ്പിന് ഇൻഡ്യൻ ഭരണഘടന പ്രകാരം നേരിട്ട് ഉത്തരവാദികളായ കേരള ആഭ്യന്തര വകുപ്പ്, സുപ്രീംകോടതിവിധി അക്ഷരാർത്ഥത്തിൽ എത്രയും വേഗം നടപ്പാക്കുന്നതിന് "മൗനം" പാലിച്ചാൽ, ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് ദില്ലിയിൽ പോയി, നമ്മുടെ അത്യുന്നത നീതി പീഠത്തിന്റെ മുൻപിൽ മുട്ടുകുത്തിനിന്ന് "കോടതി അലക്ഷ്യത്തിന്" മാപ്പപേക്ഷിക്കേണ്ട ഒരു പരിതസ്ഥിതിയിലേക്ക് ബഹു. മുഖ്യമന്ത്രിയും സംസ്ഥാന പോലീസും സംഗതികൾ നീക്കാതിരുന്നാൽ അത്രയും നന്ന്.

ലേഖനം

തിരുവിതാംകോട് പള്ളിയുടെ ആധുനിക ശില്പി കൂട്ടുങ്കൽ ഗീവറുഗീസ് റമ്പാൻ



ഡീക്കൻ തോമസ് പി. സഖറിയ, കൂട്ടുങ്കൽ

വി. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളികളിൽ ഒന്നാണ് തിരുവിതാംകോട് സെന്റ് മേരീസ് സുറിയാനിപള്ളി. തമിഴ്നാട് സംസ്ഥാനത്ത് കന്യാകുമാരി ജില്ലയിലാണ് ചരിത്രപ്രസിദ്ധമായ ഈ ദൈവാലയം സ്ഥിതിചെയ്യുന്നത്. വിവിധ കാരണങ്ങൾ നിമിത്തം അവഗണിക്കപ്പെട്ടു കിടന്ന ഈ പുണ്യസ്ഥാനത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്ത ബഹുമാന്യ ദേഹമാണ് വ.ദി.ശ്രീ. കെ.വി. ഗീവർഗീസ് റമ്പാൻ. തിരുവിതാംകോട് പള്ളിയെപ്പറ്റിയും അതിന്റെ പ്രാധാന്യത്തെപ്പറ്റിയും മലങ്കര സഭയ്ക്ക് ബോദ്ധ്യം നൽകുവാൻ ഏറെ ശ്രമിച്ച അദ്ദേഹത്തിന്റെ 32–ാം ചരമ ദിനം ജൂലൈ മാസം 16–ാം തീയതിയായിരുന്നു. തിരുവിതാംകോട് പള്ളിയുടെ സമുദ്ധാരണത്തിനുവേണ്ടി പ്രവർത്തിച്ച ബ. റമ്പാച്ചന്റെ ജീവിതത്തിലേക്കൊരു തിരിഞ്ഞുനോട്ടം ഏറെ പ്രസക്തമാണ്.

ഒരു പുതിയ നിയോഗവുമായി തികച്ചും അപരിചിതമായ പ്രദേശത്തേക്ക് ശിഷ്ട ജീവിതം മുഴുവൻ ലക്ഷ്യസാക്ഷാത്കാരത്തിനായുള്ള കഠിനാദ്ധ്വാനം. പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ കല്പന സ്വീകരിച്ച് അദ്ദേഹം 1942–ൽ തിരുവിതാംകോട് എത്തി. സെന്റ് മേരീസ് പള്ളിയും വസ്തുവകകളും ഏറെക്കുറെ അനാഥമായി കിടന്നിരുന്നു. പുരയിടങ്ങൾ മിക്കവെയും അന്യാധീനപ്പെട്ടിരുന്നു മാർത്തോമ്മായാൽ സ്ഥാപിതമെന്ന പെരുമയുണ്ടെങ്കിലും നാശോന്മുഖമായിക്കഴിഞ്ഞിരുന്ന ആ പവിത്ര സ്ഥാനത്തിന്റെ പുനരുദ്ധാരണത്തിനായി ശ്രമമാരംഭിച്ചു. തിരുവിതാംകോട്, മാർത്താണ്ഡം, കുലശേഖരം പ്രദേശങ്ങളിലെ മലങ്കര സഭാംഗങ്ങളായ തോട്ടം തൊഴിലാളികളെയും, എസ്റ്റേറ്റുടമകളെയും സംഘടിപ്പിച്ച് അരപ്പള്ളിയുടെ പുരോഗതിക്കായി യത്നിച്ചു. ദൈവാലയത്തിൽ ക്രമമായി ആരാധന നടത്തിത്തുടങ്ങി. അതോടൊപ്പം തന്നെ പള്ളിക്കെട്ടിടം ജീർണ്ണോദ്ധാരണം ചെയ്യുന്നതിനും, അന്യമായിക്കഴിഞ്ഞിരുന്ന വസ്തുക്കൾ വീണ്ടെടുക്കുന്നതിനും ശ്രമമാരംഭിച്ചു. പള്ളിക്കെട്ടിടത്തിന്റെ ജീർണ്ണോദ്ധാരണം നിർവ്വഹിച്ച അദ്ദേഹം ദീർഘമായ സിവിൽ വ്യവഹാരങ്ങക്കൊടുവിൽ പള്ളിയുടെ വസ്തുതകൾ പലതും തിരികെ നേടി,

ജാതികളുടെ അപ്പൊസ്തോലനായ പൗലൂസിന്റെ മാർഗം തന്നെയാണ് ധനശേഖരണത്തിനായി അവലംബിച്ചത്. മദ്ധ്യതിരുവിതാംകൂറിലെയും, തെക്കൻ തിരുവിതാംകൂറിലെയും ഇടവകകൾ സന്ദർശിച്ച് പിരിവുനടത്തി. ലഭിക്കുന്ന പണം മുഴുവനും തിരുവിതാംകോട് പള്ളിക്കുവേണ്ടിയും, സാധുജന സംരക്ഷണത്തിനും ചെലവഴിച്ചു. പള്ളികളിൽ താമസിച്ച് ശുശ്രൂഷകൾ നടത്തുകയും, ശേഷം സമയം പിരിവിനായി വിനിയോഗിക്കുകയുമായിരുന്നു പതിവ്. 'കാലണാ റമ്പാച്ചൻ' എന്നൊരു വിളിപ്പേരുകൂടി അദ്ദേഹം സമ്പാദിച്ചു. കാരണം, തുച്ഛമായ തുകയെങ്കിലും കാലണയെങ്കിലും-നൽകി തിരുവിതാംകോട് പള്ളിയുടെ വികസനത്തെ സഹായിക്കാനാണ് അദ്ദേഹം ആവശ്യപ്പെട്ടിരുന്നത്.

സഭയുടെ സാമൂഹിക പ്രസക്തി മിഷൻ പ്രവർത്തനം തുടങ്ങിയവയെപ്പറ്റി ദീർഘവീക്ഷണത്തോടെ ചിന്തിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. തിരുവിതാം കോട്. കുലശേഖരം തുടങ്ങിയ സ്ഥലങ്ങളിലെ അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി പല അക്രൈസ്തവ കുടുംബങ്ങളും മാമോദീസാ യേറ്റു അവരിലൊരു യുവാവുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ശുശ്രൂഷകൻ.

തപോനിഷ്ഠയുള്ള ജീവിതത്തിനുടമയായിരുന്ന അദ്ദേഹം പൂർണ സന്യാസിയുടെ ജീവിതക്രമം പാലിക്കുന്നതിന് എപ്പോഴും ശ്രദ്ധിച്ചിരുന്നു. തിരുവിതാംകോട് പള്ളിയുടെ തട്ടിന്മേൽ വിലയ നോമ്പിലും മൂന്നു നോമ്പിലും താമസിച്ചിരുന്ന അദ്ദേഹം ആ ദിനങ്ങൾ കഴിവതും മൗനവൃതത്തിലായിരുന്നു ചിലവഴിച്ചത്. കുലശേഖരത്ത് ഒരു ദൈവാലയം സ്ഥാപിക്കുന്നതിനും ബ. റമ്പാച്ചൻ മുൻകൈയെടുത്തു. ജീവിതവും സംഭാവനകളും പരിഗണിച്ച് പ. കാതോലിക്കാ ബാവായിൽ നിന്ന് ഒരു സ്വർണ മാല ഉപഹാരമായി നേടി. കഠിനാദ്ധ്വാനം കൊണ്ടും, വ്രതനിഷ്ഠകൊണ്ടും, കുലീനമായ പെരുമാറ്റം കൊണ്ടും തിരുവി

തപോനിഷ്ഠയുള്ള ജീവിതത്തിനുടമയായിരുന്ന അദ്ദേഹം പൂർണ സന്യാസിയുടെ ജീവിതക്രമം പാലിക്കുന്നതിന് എപ്പോഴും ശ്രദ്ധിച്ചിരുന്നു. തിരുവിതാംകോട് പള്ളിയുടെ തട്ടിന്മേൽ വിലയ നോമ്പിലും മൂന്നു നോമ്പിലും താമസിച്ചിരുന്ന അദ്ദേഹം ആ ദിനങ്ങൾ കഴിവതും മൗനവ്യതത്തിലായിരുന്നു ചിലവഴിച്ചത്. കുലശേഖരത്ത് ഒരു ദൈവാലയം സ്ഥാപിക്കുന്നതിനും ബ. റമ്പാച്ചൻ മുൻകൈയെടുത്തു. ജീവിതവും സംഭാവനകളും പരിഗണിച്ച് പ. കാതോലിക്കാ ബാവായിൽ നിന്ന് ഒരു സ്വർണമാല ഉപഹാരമായി നേടി. കഠിനാദ്ധ്വാനം കൊണ്ടും, വ്രതനിഷ്ഠകൊണ്ടും, കുലീനമായ പെരുമാറ്റം കൊണ്ടും തിരുവിതാംകോട് പ്രദേശത്ത് സർവ്വമതസ്ഥരായും ആദരിക്കപ്പെടുന്ന സ്വാമിയായും മുനിയായും അദ്ദേഹം മാറി.

താംകോട് പ്രദേശത്ത് സർവ്വമതസ്ഥരാലും ആദരിക്കപ്പെടുന്ന സ്വാമിയായും മുനിയായും അദ്ദേഹം മാറി, തനിക്കു ലഭിച്ച മികച്ച പരിശീലനമാണ് ഇപ്രകാരമൊരു സമർപ്പണത്തിനും, ശ്രേഷ്ഠജീവിതത്തിനും അദ്ദേഹത്തെ അർഹനാക്കിയത്. പേഴമറ്റത്ത് കുറിയാക്കോസ് റമ്പാൻ (പ. പാമ്പാടി തിരുമേനി) ആയിരുന്നു ആദ്യ ഗുരുനാഥൻ. പിന്നീടദ്ദേഹം കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസിന്റെ ശിഷ്യനായി. അദ്ദേഹത്തിൽ നിന്ന് ശെമ്മാശുപട്ടമേറ്റു. കുന്നംകുളം, ആലുവാ തുടങ്ങിയ സ്ഥലങ്ങളിൽ പഠനം നടത്തി. കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശീശാപട്ടമേറ്റ ശേഷം തൃക്കുന്നത്തുസെമിനാരിയിലും പിറവത്തും താമസിച്ച് ശുശ്രൂഷ ചെയ്തു പിന്നീട് ഔഗേൻ മാർ തിമോത്തിയോസ് തിരുമേനി (പ. ഔഗേൻ ബാവാ)യുടെ ശിഷ്യനായ അദ്ദേഹം 1928–ൽ കോട്ടയം പുതുപ്പള്ളിക്കു സമീപം തൃക്കോതമംഗലത്തെത്തി മാർ ശർബീൽ ദയറായും, സെന്റ് മേരീസ് പള്ളിയും സ്ഥാപിച്ചു. 1930–ൽ മീഖായേൽ മാർ ദിവന്നാസ്യോസ് തിരുമേനിയിൽ നിന്ന് റമ്പാൻ സ്ഥാനം പ്രാപിച്ചു.

യൂഹാനോൻ മാർ സേവേറിയോസ് യാക്കോബ് മാർ തിമോത്തിയോസ് (പറക്കുളം), മാടപ്പാട്ട് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്താമാരും, മറ്റനേകം പ്രമുഖ വൈദികരും അദ്ദേഹത്തിന്റെ ശിഷ്യ പരമ്പരയിലുൾപ്പെടുന്നു. ശർബീൽ ദയറായിലും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തിയിരുന്നു.

മലങ്കരയിലെ കലുഷിതമായ അന്തരീക്ഷം നിമിത്തവും, സെന്റ് മേരീസ് പള്ളിയിൽ തന്നെയുണ്ടായ ചില ഛിദ്രങ്ങൾ മൂലവും തൃക്കോതമംഗലം വിട്ട് പിറമാടം ദയറായിലേക്ക് താമസം മാറ്റിയ അദ്ദേഹം, ഔഗേൻ മാർ തിമോത്തിയോസ് തിരുമേനിയ്ക്കൊപ്പം ഓർത്തഡോക്സ് പക്ഷത്തേക്കുവന്നു. ഇതിനു ശേഷമാണ് അദ്ദേഹം തിരുവിതാംകോട്ടേയ്ക്ക് നിയോഗിതനായത്.

ഗുരുക്കന്മാരിൽ നിന്ന് ലഭിച്ച സന്മാതൃകകളും, തപോനിഷ്ഠയും, മാർത്തോമ്മാശ്ലീഹായുടെ അപ്പൊസ്തോലികത്വത്തിലുള്ള അടിയുറച്ച വിശ്വാസവും അദ്ദേഹത്തിന് കൈമുതലായിരുന്നു. പ. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ദൈവാലയത്തിന്റെ പുരോഗതിക്കായി അഹോരാത്രം അദ്ധ്വാനിച്ച അദ്ദേഹം കൂട്ടുങ്കൽ ഗീവറുഗീസ് റമ്പാനായല്ല, തിരുവിതാംകോട് റമ്പാനായാണ് ഇന്ന് അറിയപ്പെടുന്നത്. തന്റെ പ്രവർത്തനമേഖലയുമായി എത്രയേറെ താതാത്മ്യം പ്രാപിച്ചു എന്നതിന് തെളിവാണ് ഈ നാമധേയം.

1890 ജൂലൈ 14–ന് ജനിച്ച ബ. റമ്പാച്ചൻ 1970 ജൂലൈ 15–ന് അന്തരിച്ചു. തിരുവിതാംകോട് പള്ളിയിൽ തന്നെ കബറടക്കപ്പെട്ടു. തിരുവിതാംകോട് പള്ളിയുടെ ഖ്യാതി ലോകമെങ്ങും പടരുവാൻ ആഗ്രഹിച്ച അദ്ദേഹം നടത്തിയിരുന്ന പരിശ്രമങ്ങൾ അദ്ദേഹത്തിന്റെ കാലശേഷം യഥായോഗ്യം നിർവ്വഹിക്കപ്പെട്ടില്ല എന്നത് ഖേദകരമാണ്. ഇന്ന് മലങ്കരസഭ ഈ ചെറിയ ദൈവാലയത്തെയും, അതിന്റെ പെരുമയെയും കൂടുതലായി പരിഗണിച്ചു തുടങ്ങിയിരിക്കുന്നു. ഇത് ആ കർമ്മയോഗിയുടെ ആത്മാവിന് ആശ്വാസവും പ്രത്യാശയും പകരുന്നുണ്ടാകും.

21–ാം പേജിൽ നിന്നു തുടർച്ച....

രീതിയിൽ നമ്മുടെ കാര്യങ്ങൾ സുതാര്യമായിത്തന്നെയാണ് നടത്തുന്നത്.

പാഠപുസ്തകം:– നമ്മുടെ പാഠപുസ്തകങ്ങൾ എല്ലാം പരിഷ്ക്കരിച്ച് പ്രസിദ്ധപ്പെടുത്തിയെങ്കിലും അവയിൽ എല്ലാറ്റിന്റെയും ഇംഗ്ലീഷു പരിഭാഷകൾ ആയിട്ടില്ല. ഇപ്പോൾ ഏഴാം ക്ലാസ്സിലെ ഇംഗ്ലീഷ് പുസ്തകം തയ്യാറായിട്ടുണ്ട്. അതിന്റെ പരിഭാഷ നടത്തിത്തന്ന ബോംബെ ഭദ്രാസന ഡയറക്ടർ ശ്രീമാൻ ജോസി ഏബ്രഹാമിനോടുള്ള നന്ദി അറിയിക്കുന്നു.

ഔട്ടർ കേരള റീജിയനിലെ സൺഡേ സ്കൂളുകൾക്കു വേണ്ടി ഇപ്പോൾ പുതിയ പുസ്തകങ്ങൾ ഒരുക്കുകയാണ്. ആ പ്രദേശങ്ങളിലെ കുട്ടികളുടെ ആവശ്യവും അവിടുത്തെ സാഹചര്യങ്ങളുടെ പ്രത്യേകതകളും പരിഗണിക്കപ്പെടുന്നതാണ്. ഇക്കാര്യം. കഴിഞ്ഞ ലക്കം മാസികയിലെ സൺഡേസ്ക്കൂൾ വാർത്തയിൽ ചേർത്തിരുന്നു

സംഗീതത്തിനൊരു സമ്മാനം: സോണൽ മത്സരങ്ങളിൽ ജൂണിയേഴ്സിന്റെ സംഗീത മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന ആളിന് "തോങ്ങിയത്ത് നൈനാൻ മെമ്മോരിയൽ എൻഡോവ്മെന്റിൽ" നിന്ന് വർഷം തോറും സമ്മാനം നൽകുവാൻ തക്കവണ്ണം ഫാദർ ഫിലിപ്പോസ് ഒരു തുക സൺഡേസ്ക്കുൾ ഓഫീസിൽ നിക്ഷേപിച്ചിരിക്കുന്നു. ഈ വർഷം മുതൽ ഈ പ്രത്യേക സമ്മാനം നൽകുന്നതാണ്.

ഫാദർ റ്റി. ജെ. ജോഷ്വ

പ. പിതാക്കന്മാരുടെ ഓർമ്മ


അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 37–ാം ഓർമ്മ


മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 22–ാം ഓർമ്മ


ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 11–ാം ഓർമ്മ

മലങ്കരസഭ വാർത്തകൾ

അഞ്ചാമതും മാതൃകാ സൺഡേസ്ക്കൂൾ



കോഴഞ്ചേരി:– തുമ്പമൺ ഭദ്രാസനത്തിലെ ബെസ്റ്റ് സൺഡേസ്ക്കൂളായി വഞ്ചിത്ര ബസ്ഹാനനിയാ സൺഡേസ്ക്കൂൾ തിരഞ്ഞെടുക്കപ്പെട്ടു. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് സൺഡേസ്ക്കൂളിനുള്ള അവാർഡ് നൽകപ്പെട്ടു. ഡോ. ജോസ് പാറക്കടവിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ടി. എ. ഇടയാടി, ഫാ. റോയി പി. തോമസ്, ശ്രീ. പി.ഐ. കോശി, ശ്രീ. ഡി. ജോയി, ശ്രീ. ശാമുവേൽ എന്നിവർ പ്രസംഗിച്ചു. തുടർച്ചയായി അഞ്ചു വർഷവും മാതൃകാ സണ്ടേസ്ക്കൂളായ ബസ്ഹാനനിയാ സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. പി. ഐ. കോശിയെ അഭി. തിരുമേനി പൊന്നാടയണിയിച്ചാദരിച്ചു.

പേരന്റ്സ് ആൻഡ് കപ്പിൾസ് കോൺഫറൻസ്

അമേരിക്കൻ മെത്രാസന മർത്തമറിയം വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ, റോക്ക്ലാൻഡ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ, അമേരിക്കൻ മെത്രാസനാധിപൻ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മെയ് 11 ന് നടത്തിയ ആറാമത് പേരന്റ്സ് ആൻഡ് കപ്പിൾസ് കോൺഫറൻസ്, അങ്കമാലി മെത്രാസനാധിപൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു.

വിവാഹ ബന്ധത്തിന്റെ മഹത്വം അനുഭവിക്കുക എന്നത് അനുഗ്രഹിക്കപ്പെട്ടവർക്ക് സുസാധ്യവും അല്ലാത്തവർക്ക് അസാധ്യവും ആണെന്നുള്ള സുതാര്യമായ യാഥാർത്ഥ്യം അദ്ദേഹം തന്റെ ആമുഖ പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു.

മലങ്കരസഭാ മാസികയുടെ വരിസംഖ്യ അടയ്ക്കുവാനും പുതിയ വരിക്കാരാകുവാനും പത്തനംതിട്ട ബേസിൽ അരമനയിൽ പ്രവർത്തിക്കുന്ന ബേസിൽ പ്രസ്സിൽ അവസരം ലഭ്യമാണ്. ഫോൺ: 0473–270255

ഭദ്രാസന സെക്രട്ടറി



ചെങ്ങന്നൂർ മെത്രാസന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. ജോൺ പോൾ, പുത്തൻകാവ്

റാങ്ക് നേടി



കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്ന് ഡിസ്റ്റിംഗ്ഷനും റാങ്കോടുംകൂടി M.Tech (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്) ബിരുദാനന്തരബിരുദം നേടിയ സ്മിത സൂസൻ വർഗ്ഗീസ്, ആസ്ട്രേലിയയിലെ മെൽബൺ ഓർത്തഡോക്സ് ഇടവക വികാരി ഫാ. എം. ഡി. വർഗ്ഗീസ് കോന്നിയൂരിന്റെ ഭാര്യയും, ആറാട്ടുപുഴ പ്ലാവിലക്കണ്ടത്തിൽ കല്ലറ ശ്രീ. പി.റ്റി. കുര്യാക്കോസിന്റെയും പി. എ. ഏലിയാമ്മയുടെയും മകളുമാണ്.

പത്തനംതിട്ട:– പത്തനംതിട്ട കാതോലിക്കേറ്റ് ഹയർസെക്കണ്ടറി സ്ക്കൂളിന്റെ റാങ്കു ജേതാക്കളായ ലക്ഷ്മി രാധാകൃഷ്ണൻ (First Rank +2 Humanities), ശരത് എസ്. പിള്ള (third Rank, +2 Humanities) അജിൽ ബാബു (15–ാം റാങ്ക്, S.S.L.C.) എന്നിവരെ പരിശുദ്ധ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അനുമോദിച്ചു. ഫ്രാൻസിസ് ജോർജ്ജ് എം.പി. യോഗം ഉദ്ഘാടനം ചെയ്തു. റാങ്ക് ജേതാക്കൾക്ക് P.T.A. യുടെ ആഭിമുഖ്യത്തിൽ സ്വർണ്ണമോതിരവും അദ്ധ്യാപകരുടെ വകയായി നിലവിളക്കും പരിശുദ്ധ കാതോലിക്കാ ബാവാ നല്കുകയുണ്ടായി. ഡിസ്റ്റിംഗ്ഷനോടു കൂടി ഈ സ്ക്കൂളിൽ നിന്നും പാസ്സായ 12–ാം ക്ലാസ്സിലെ 47 കുട്ടികളെയും 10–ാം ക്ലാസ്സിലെ 26 കുട്ടികളെയും അനുമോദിച്ചു. P.T.A. പ്രസിഡന്റ് ശ്രീ. മന്മഥൻ നായർ, ശ്രീ. കെ.വി. സാംകുട്ടി, ശ്രീ ജേക്കബ് ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. അജിൽ ബാബു മറുപടി പ്രസംഗം നടത്തി. സ്ക്കൂൾ പ്രിൻസിപ്പൽ ഫാ. ജേക്കബ് പി. ഫിലിപ്പ് സ്വാഗതവും, ശ്രീമതി കെ.ജി. കുഞ്ഞമ്മ കൃതജ്ഞതയും പറഞ്ഞു.


റാങ്ക് ജേതാക്കൾ പ്രിൻസിപ്പാൾ ഫാ. ജേക്കബ് പി. ഫിലിപ്പിനൊപ്പം

വായനക്കാരുടെ കത്തുകൾ

ജൂൺ ലക്കം മലങ്കരസഭയ്ക്ക് ലഭിച്ച പ്രതികരണങ്ങൾ

പറയേണ്ടതു പറഞ്ഞതിനു നന്ദി

മലങ്കരസഭാ മാസിക ജൂൺ 2002-ലെ എഡിറ്റോറിയലും, സൂസൻ തോമസിന്റെ ലേഖനവും വായിക്കാൻ സാധിച്ചു. ഞാനും ബാഹ്യകേരളത്തിൽ ഏതാണ്ടു 30 വർഷക്കാലം ജോലി ചെയ്ത വ്യക്തിയാണ്. അക്കാലത്ത് ഇൻഡ്യയുടെ വടക്കുകിഴക്കൻ ഭാഗത്ത് അതായതു ആസ്സാമിൽ നമ്മുടെ പള്ളികൾ ഇല്ല. പക്ഷേ റാന്നി പെരുനാട്ടിലുള്ള ദയറായിലെ ബഹു. ഗീവർഗീസച്ചൻ ഞങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിൽ വരികയും, ചില സ്ഥലങ്ങളിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും, മേൽവിലാസങ്ങൾ വാങ്ങി മറ്റു സ്ഥലങ്ങളിൽ താമസിക്കുന്ന ഓർത്തഡോക്സ് വിശ്വാസികളെ സന്ദർശിക്കുകയും ചെയ്തതായി ഓർക്കുന്നു. ഏതാണ്ടു 1970-ലാണെന്നാണെന്റെ ഓർമ്മ. ആകാലത്ത് ബാഹ്യ കേരളത്തിലെ മിഷനറി പ്രവർത്തനങ്ങൾ ഇന്നത്തെപ്പോലെ വളർന്നിട്ടില്ല.

i) സഭ കാലഘട്ടത്തിനനുസരിച്ചു മാറ്റങ്ങൾ ഉൾക്കൊള്ളാൻ പറ്റിയതായിരിക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ.

ii) സ്ത്രീകൾക്കു സഭയിൽ മാന്യമായ അംഗീകാരവും, അവകാശങ്ങളും കൊടുക്കണം. അതായത് പള്ളി പൊതുയോഗങ്ങളിലും, കമ്മറ്റികളിലും അവരെ ഉൾപ്പെടുത്തണം.

iii) ആരാധന ഭാഷ അതിൽ പങ്കെടുക്കുന്നവർക്ക് അറിയാവുന്ന ഭാഷയായിരിക്കണം. യുവതലമുറ പള്ളിയിലുള്ള ആരാധനയിലും മറ്റു പ്രവർത്തനങ്ങളിലും പങ്കാളികളാകാൻ വേണ്ടതു ചെയ്യണം. കൂടാതെ മാതാപിതാക്കൾ അവരുടെ കുട്ടികളെ സൺഡേസ്കൂളിൽ വിട്ടു നമ്മുടെ വിശ്വാസം പഠിപ്പിക്കാൻ നിർബ്ബന്ധിക്കണം.

iv) ബഹു. ഇടവക അച്ചന്മാർ ഇടവകയിലുള്ള സകല കുടുംബങ്ങളും ഇടയ്ക്കിടയ്ക്കു സന്ദർശിക്കണം. അതിനുവേണ്ടി ശമ്പളക്കൂടുതലോ, T.A., D.A. ഏതെങ്കിലുമോ അനുവദിച്ചാലും വേണ്ടില്ല. ഇതു നിർബ്ബന്ധമാക്കണം. മറ്റു സമുദായത്തിലെ അച്ചൻമാരും, ഉപദേശികളും, അവരുടെ വിശ്വാസികളെ സന്ദർശിക്കുന്നതുപോലെ നമ്മുടെ അച്ചൻമാർ ചെയ്യുന്നില്ലെന്നു പരാതി പറയുന്നവർ ധാരാളം ഉണ്ട്. പഴയതിലും നമ്മുടെ പട്ടക്കാർ ഇപ്പോൾ വേണ്ടതുപോലെ ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ഇത് നിർബ്ബന്ധമാക്കണം.

v) നമ്മുടെ ആരാധനാക്രമങ്ങൾ ഒന്നു കൂടി ലഘൂകരിച്ച് അതിൽ പങ്കെടുക്കുന്നവർക്ക് ആത്മ സംതൃപ്തി നൽകുവാൻ പറ്റിയ വിധത്തിലാക്കാൻ പറ്റുമോ എന്നു വേണ്ടപ്പെട്ടവർ ശ്രദ്ധിച്ചാൽ നല്ലതായിരിക്കുമെന്നാണ് എന്റെ എളിയ അഭ്യർത്ഥന. നമ്മുടെ ആരാധനക്രമങ്ങൾപോലെ ഇത്ര നല്ല ആശയങ്ങൾ ഉൾക്കൊള്ളുന്ന ആരാധന ക്രമങ്ങൾ വേറെ ഇല്ലെന്ന വിശ്വാസക്കാരനാണ് ഞാൻ. പലരും നമ്മുടെ സഭ വിട്ടു പോകുന്നു. അവർക്ക് നമ്മുടെ വിശ്വാസം എന്തെന്ന് അറിയില്ല. മറ്റു സഭയിലുള്ളവർ ചോദിക്കുന്നതിന് ഉത്തരം പറയാൻ പോലും നമ്മുടെ വിശ്വാസികൾക്കു പറ്റുന്നില്ല. ഇതിനു മാറ്റം വരുത്തണം.

vi) നമ്മുടെ യുവതിയുവാക്കൾ കല്ല്യാണത്തിനു മുമ്പ് കൗൺസലിംഗിനു പോകണമെന്നു നിർബ്ബന്ധമാക്കണം. ഇന്നു സഭയിൽ divorce കൾ കൂടിക്കൂടി വരുകയാണ്. കൂടാതെ നമ്മുടെ വിശ്വാസികൾ മറ്റു സമുദായാംഗങ്ങളേയും മറ്റു മതസ്ഥരെയും അംഗീകരിക്കുന്നവരായിരിക്കണം.

vii) സഭയുടെ പ്രവർത്തനങ്ങൾ കൂടുതലും സാധുക്കൾക്കും വൃദ്ധജനങ്ങൾക്കും ഉപകരിക്കുന്നവിധത്തിലായിരിക്കണം പള്ളികളും മറ്റും മോടി പിടിപ്പിക്കണം പക്ഷേ കോടികൾ അതിനു വേണ്ടി മുടക്കി മാർബിൾ കൂടാരങ്ങളിൽ യേശുക്രിസ്തുവിനെ പ്രതിഷ്ഠിക്കാതെ മനുഷ്യ മനസ്സുകളിൽ പ്രതിഷ്ഠിക്കാൻ പറ്റിയ വിധത്തിലായിരിക്കണം നമ്മുടെ പ്രവൃത്തികൾ എന്നു വിശ്വസിക്കുന്ന ആളാണു ഞാൻ. നമ്മുടെ സഭയുടെ പ്രവർത്തികൾ മനുഷ്യ നന്മയ്ക്കു വേണ്ടി ആകട്ടെ എന്നാശിച്ചുകൊണ്ടു എന്റെ അഭിപ്രായങ്ങൾ അറിയിച്ചുകൊള്ളുന്നു.

അച്ചൻകുഞ്ഞ്
കോട്ടുതെക്കേടെത്ത്
കുന്നന്താനം, തിരുവല്ല.

മാനേജിംഗ് കമ്മറ്റി

മേയ്-22 ലെ മലങ്കരസഭയിൽ പ്രസിദ്ധീകരിച്ചിരുന്ന കത്തുകളിൽ ഫാ. ഡാർളി എടപ്പങ്ങാട്ടിൽ "പുതിയ മാനേജിംഗ് കമ്മിറ്റി"യെപ്പറ്റി എഴുതിയ ലേഖനം വായിച്ചു.

മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട "മിക്ക" പേരേയും, ആ പദവിക്ക് അയോഗ്യരാണെന്ന ധാരണ ഉണ്ടാക്കത്തക്ക തരത്തിലും അതുവഴി മലങ്കരസഭയുടെ മാനേജിംഗ് കമ്മിറ്റിയെപ്പറ്റി പൊതുവായി വളരെ മോശമായ ഒരു തെറ്റുധാരണ ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടാക്കി എടുക്കുന്നതിന് ഉതകുന്നതരത്തിലും, ബഹു. സുപ്രീംകോടതിയുടെ നിരീക്ഷകന്റെ വിശ്വാസ്യതയ്ക്ക് കളങ്കം വരുത്തുന്ന തരത്തിലും ഇത്തരമൊരു കത്ത് നമ്മുടെ മാസികയിൽ പ്രസിദ്ധീകരിച്ചുവെന്നത് ഖേദകരം എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല.

വിമർശനം എപ്പോഴും നല്ലതുതന്നെ, പക്ഷേ അത് ക്രിയാത്മകവും ആത്മാർത്ഥതയുള്ളതുമായിരിക്കണം. ഡാർളി അച്ചൻ ഒരു നല്ല എഴുത്തുകാരനാണെന്ന് കേൾക്കുന്നു. മലങ്കര സഭയിലെ "മിക്ക" ഭദ്രാസനാധിപന്മാരോടും പട്ടക്കാരോടും ഇടവക പ്രതിനിധികളോടും ഉള്ള അവജ്ഞയും വിദ്വേഷവും, പകയും, അവഹേളനവും മറ്റുമല്ലേ കത്തിൽ തെളിഞ്ഞു കാണുന്നത്?

(ടി.എം. യോഹന്നാൻ)

ഇതേ ആശയങ്ങൾ പ്രകടിപ്പിക്കുന്ന കത്തുകൾ പലരുടെയും ലഭിക്കുകയുണ്ടായി. സ്ഥലപരിമിതി മൂലം ചേർക്കുവാൻ സാധിച്ചിട്ടില്ല. - പത്രാധിപർ






LICENCE NO. 475, 11TH APRIL 1946. REGISTERED NO. KL/CR/KTM/ 236/2002

THE MALANKARA SABHA, CATHOLICATE OFFICE, KOTTAYAM - 686 038

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM
PRINTED AT GRAPHIC SYSTEMS & CO., MALLAPPALLY. 0473-682260, 784163 FOR CATHOLICATE PRESS KOTTAYAM - 38; CHIEF EDITOR FR. DR. JACOB KURIAN RS. 5/-